Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 മിഥുനം 9 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ജൂൺ 23 | ലക്കം 42

## കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ

(കെ. ററി. സെബാസ്റ്റ്യൻ എം. എ.)

സാമ്പത്തികവും സാമൂഹ്യവുമായ രംഗങ്ങളിൽ ആധുനികകാലത്തു് ലോകമൊട്ടുക്കു് ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ അത്ഭുതപൂർവ്വമാകുന്നു. ഇവയുടെയെല്ലാം പ്രതിഫലനം ഇൻഡ്യയിലും ഉണ്ടാവുകയെന്നതു സ്വാഭാവികമത്രെ. തന്നെയുമല്ല, ഇന്ത്യ അവളുടെ പാരതന്ത്ര്യത്തിൻെറ ചങ്ങല പൊട്ടിച്ചു് ഉയിത്തു എഴുന്നേററുകൊണ്ടിരിക്കുന്ന ഒരു രാജ്യമാകുന്നു. പട്ടിണി, തൊഴിലില്ലായ്മ മുതലായി നൂറുനൂറു സജീവപ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടേണ്ടതായി അവശേഷിക്കുന്നു. അവ ഒരു ന്യൂനപക്ഷത്തിൻെറ പ്രശ്നങ്ങളല്ല. പിന്നെയോ ലക്ഷക്കണക്കിനുള്ള ഇന്ത്യൻ പൗരന്മാരെ ബാധിക്കുന്ന പ്രശ്നങ്ങളാണു്. ഇതിലും രൂക്ഷതരമായിരുന്നു ചൈനക്കാരുടെ പ്രശ്നങ്ങൾ. കൂടുതൽ കാര്യക്ഷമമായി അവയെ പരിഹരിക്കാമെന്നുള്ള വ്യാമോഹത്താലോ മറേറാ ചൈനാക്കാർ കമ്മ്യൂണിസത്തെ ആശ്ലേഷിച്ചു. ഹതഭാഗ്യയായ ചൈനയുടെ പ്രശ്നങ്ങൾ പലതും ഇന്നും പരിഹൃതങ്ങളായിട്ടില്ല. വ്യക്തിയുടെ മൗലികാവകാശങ്ങൾ അവിടെ വേണ്ടവിധത്തിൽ മാനിക്കപ്പെടുന്നില്ല. അതേസമയംതന്നെ വ്യവസ്ഥാപിതമാർഗ്ഗങ്ങളിലൂടെ അക്രമരഹിതപ്രജായത്തസിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിൽ ഒരു പുതിയ ഇന്ത്യയെ കെട്ടി ഉയർത്താമോ എന്നു് ഇന്ത്യയിലെ ജനനേതാക്കൾ ഒന്നു പരീക്ഷിച്ചുനോക്കുകയാണു്. ഈ പരീക്ഷണത്തിൽ ഇന്ത്യ വിജയിക്കുകയാണെങ്കിൽ അതു് ജനായത്തത്തിൻെറ വിജയമായിരിക്കും; അക്രമരാഹിത്യത്തിൻെറ വിജയമായിരിക്കും; ജനങ്ങൾ സഹസ്രാബ്ദങ്ങളായി പാവനമെന്നു കരുതുന്ന പലതിൻെറയും വിജയമായിരിക്കും.

### കമ്മ്യൂണിസത്തിനെതിരായിട്ടുള്ള കുരിശുയുദ്ധം


ഈ പരീക്ഷണം വിജയപ്രദമാക്കുവാൻ ഭാരതക്രൈസ്തവർക്കു്, പ്രത്യേകിച്ചു് കത്തോലിക്കർക്കു് പലതും പ്രവർത്തിക്കുവാൻ കഴിയും. അവർ അങ്ങനെ ചെയ്യേണ്ടതുമാണു്. കാരണം ഈ പരീക്ഷണത്തിൻെറ വിജയം ക്രൈസ്തവനാഗരികതയുടെ വിജയംകൂടെ ആയിരിക്കും. ക്രൈസ്തവസംസ്കാരവും കമ്മ്യൂണിസ്റ്റു് സംസ്കാരവും തമ്മിൽ പൊരുത്തമില്ല. അവ വിരുദ്ധമാണു്. അവയ്ക്കു് രണ്ടിനും ഏകകാലത്തു്, ഏകസ്ഥാനത്തു് നിലനില്പില്ല. മതത്തിൻെറയോ സമുദായത്തിൻെറയോ അടിസ്ഥാനത്തിൽ നോക്കുന്നപക്ഷം ക്രൈസ്തവർ മററു മതക്കാരെ അപേക്ഷിച്ചു് ഈ വിഷയത്തിൽ രഞ്ജിപ്പിനു് സാദ്ധ്യമല്ലാത്ത ഒരു നയം അനുവർത്തിക്കുന്നവരാണു്. അതുകൊണ്ടാണു് കമ്മ്യൂണിസത്തെ ക്രൈസ്തവർ രൂക്ഷമായി എതിർക്കുന്നതു്. അതേകാരണത്താൽത്തന്നെയാണു് കമ്മ്യൂണിസ്റ്റുരാജ്യങ്ങളിൽ സഭ

യി നോക്കുന്നപക്ഷം കത്തോലിക്കാസഭ ഏതേതു കാരണങ്ങളാൽ കമ്മ്യൂണിസം നിഷിദ്ധമാണെന്നു പറയുന്നുവോ അതേകാരണങ്ങളാൽത്തന്നെയാണു് ക്രൈസ്തവേതരനേതാക്കളും കമ്മ്യൂണിസത്തെ എതിർക്കുന്നതു്.

ഇന്ത്യയെ പണുതുയർത്തുന്ന വിഷയത്തിലും ക്രിസ്ത്യൻ പത്രങ്ങൾക്കു നേതൃത്വം നൽകുവാൻ സാധിക്കും.

കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ഇൻഡ്യൻ സാഹ്യരാഷ്ട്രീയമണ്ഡലങ്ങളിൽ

ൻെറ സുവർണ്ണജൂബിലിതന്നെ കഴിഞ്ഞിരിക്കുന്നു. "നിരീശ്വരകമ്മ്യൂണിസ"മെന്ന പേരിൽത്തന്നെ പതിനൊന്നാംപീയൂസു് തിരുമനസ്സുകൊണ്ടു് മറെറാരു ചാക്രികലേഖനം പ്രസിദ്ധപ്പെടുത്തിയിട്ടു വർഷങ്ങൾ ഇരുപതോളമായിരിക്കുന്നു. ഇവയെല്ലാം വായിച്ചു മനസ്സിലാക്കിയിട്ടുള്ള കത്തോലിക്കർക്കു്, ഇന്ത്യയിൽ പുതുതെന്നു തോന്നിയേക്കാവുന്ന ഈ വിഷയങ്ങളെക്കുറിച്ചു് വ്യക്തമായ അഭിപ്രായം പറയാവുന്നതും രാജ്യത്തിനു നേതൃത്വം നൽകാവുന്നതുമാണു്.



വിശുദ്ധ സ്നാപകയോഹന്നാൻ ക്രിസ്തുവിനെ ജ്ഞാനസ്നാനപ്പെടുത്തുന്നു

നീട്ട്യം മറ്റീക്കപ്പെടുന്നതു്. ക്രൈസ്തവർ ഒത്തുതീർപ്പിനു സാദ്ധ്യമല്ലാത്തവിധം മുറുകെപ്പിടിക്കുന്ന തത്വസംഹിതകൾ മനുഷ്യൻ ഇന്നുവരെ ആർജ്ജിച്ചിട്ടുള്ള സംസ്കാരത്തിൻെറയും സദാചാരബോധത്തിൻെറയും തത്വസംഹിത മാത്രമാണു്. അതുകൊണ്ടാണു് സുമനസ്സുകൾ കമ്മ്യൂണിസത്തിനെതിരായിട്ടുള്ള കുരിശുയുദ്ധത്തിൽ ക്രൈസ്തവരോടൊപ്പം തീക്ഷ്ണതകാണിക്കുന്നതു്. മൗലികമാ

### കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ എന്തിനു്?

കമ്മ്യൂണിസത്തിനെതിരായിട്ടുള്ള കുരിശുയുദ്ധത്തിൽ ക്രൈസ്തവപ്രസിദ്ധീകരണങ്ങൾക്കു് വളരെയൊക്കെ ചെയ്യുവാൻ കഴിയും. കമ്മ്യൂണിസത്തിനെതിരായി പൊതുജനാഭിപ്രായം രൂപീകരിക്കുന്ന വിഷയത്തിൽ മാത്രമല്ല വളരെ മെച്ചപ്പെട്ട ഒരു പുതിയ

പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന വാദഗതികളും, പ്രശ്നങ്ങളും, ആശയക്കുഴപ്പങ്ങളും നവീനങ്ങളല്ല. കത്തോലിക്കാരാജ്യങ്ങളിൽ പല ഇടങ്ങളിലും ഈവക കുഴപ്പങ്ങളും പ്രശ്നങ്ങളും ആവിർഭവിച്ചിട്ടുണ്ടു്. കമ്മ്യൂണിസത്തോടു് സഭയ്ക്കുള്ള നയം എന്താണെന്നു വ്യക്തമാക്കിക്കൊണ്ടുള്ള 13-ാം ലെയോൻ മാർപ്പാപ്പാതിരുമനസ്സിലെ ചാക്രികലേഖനം പ്രസിദ്ധപ്പെടുത്തിയതി

### കാലത്തിനൊത്ത പ്രസിദ്ധീകരണങ്ങൾ: അമേരിക്കയിലെ സ്ഥിതി

ആധുനികകാലത്തു് പ്രസിദ്ധീകരണങ്ങൾവഴി വളരെയധികം പ്രേഷിതവൃത്തി ചെയ്യാവുന്നതാണു്. 11-ാംപീയൂസു് തിരുമേനി പറയുന്നു "ഇക്കാലത്തു് പ്രത്യേകിച്ചും കത്തോലിക്കാപ്രസിദ്ധീകരണങ്ങളോളം തിരുസഭയ്ക്കു് ഗുണംചെയ്യുന്ന മറെറാരു ഉപകരണവും ഇല്ലാ"യെന്നു്.

അമേരിക്കൻ കത്തോലിക്കർ ഈ വസ്തുത ശരിയായി മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നു. Catholic Digest എന്നമാസിക അതിൻെറ ആഭിമുഖ്യത്തിൽ അമേരിക്കൻ ഐക്യരാഷ്ട്രങ്ങളിലെ മതപരമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചുകൊണ്ടാണിരിക്കുന്നതു്. മതപരമായ വിഷയങ്ങളെ സംബന്ധിച്ചുള്ള കണക്കുകൾ പ്രസ്തുത മാസിക ഏതാണ്ടു രണ്ടുകൊല്ലമായിട്ടു് തുടർച്ചയായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുകയാണു്. ഇതിൻെറ 26-ാമത്തെ റിപ്പോർട്ടു് മതപരമായ പ്രസിദ്ധീകരണങ്ങളെക്കുറിച്ചാണു്. പതിനഞ്ചുകോടിയോളം വരുന്ന അമേരിക്കൻ ജനതയോടായി താഴെപ്പറയുന്ന ചോദ്യം ചോദിക്കപ്പെട്ടു: "നിങ്ങൾ ക്രമമായി ഏതെങ്കിലും പത്രമാസികകൾ വായിക്കുന്നുണ്ടോ?" എന്നു്. ഈ ചോദ്യം കത്തോലിക്കരോടും പ്രോട്ടസ്റ്റൻറുകാരോടും യഹൂദരോടും ചോദിക്കപ്പെട്ടു. മറുപടികളെ ആസ്പദമാക്കി തയ്യാറാക്കിയ സ്ഥിതിവിവരക്കണക്കനുസരിച്ചു് കത്തോലിക്കരിൽ 56 ശതമാനവും, പ്രോട്ടസ്റ്റൻറുകാരിൽ 44 ശതമാനവും യഹൂദരിൽ 19 ശതമാനവും മാത്രമേ മതപരമായ ഏതെങ്കിലും പ്രസിദ്ധീകരണം വായിക്കുന്നുള്ളു. മൂന്നു വിഭാഗക്കാരുടെ കൂട്ടത്തിൽ കത്തോലിക്കരുടെ സംഖ്യ ഏററവും കൂടുതലാണെങ്കിലും 44ശതമാനം കത്തോലിക്കർക്കും അവിടെ പ്രസിദ്ധപ്പെ

ടുത്തുന്ന 541 കത്തോലിക്കാപ്രസിദ്ധീകരണങ്ങളുടെ പ്രയോജനം ലഭിക്കുന്നില്ല.

ഇന്ന് അമേരിക്കൻ കത്തോലിക്കരിൽ 56 ശതമാനമെങ്കിലും കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നുണ്ടെങ്കിൽ ആ ശതമാനസംഖ്യ കഴിഞ്ഞ് ഏഴെട്ടു കൊല്ലങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ളതാണെന്ന് നാം മനസ്സിലാക്കണം. അവിടത്തെ കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ കഴിഞ്ഞ ഏതാനും വർഷങ്ങളായിട്ട് ഈ വിഷയത്തിൽ ഒരു കുരിശുയുദ്ധംതന്നെ നടത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാവർഷവും ഫെബ്രുവരിമാസം അവർ കത്തോലിക്കാ പ്രസിദ്ധീകരണമാസമായി ആചരിക്കുന്നു. കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്ക് വരിക്കാരെ കൂട്ടുവാനും മററും അവർ കഴിവതു ശ്രമിക്കുന്നു.

ഉദാഹരണമായി Catholic Digest ൻെറ പുരോഗതിതന്നെ നോക്കുക. ഈ മാസിക 1936-ൽ 2000 വരിക്കാരുമായി ആരംഭിച്ചതാണ്. എന്നാൽ ഇന്ന് അതിൻെറ 8 ലക്ഷം പ്രതികൾവീതമത്രെ പ്രതിമാസം ചെലവാകുന്നത്. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി രണ്ടുലക്ഷം പ്രതിയത്രെ അതിനു കൂടുതലായിട്ടുണ്ടായത്. 1952 ക്രിസ്തുമസ്സുകാലത്ത് 82,000 പേരുടെ വരിസംഖ്യ അതിനു പുതുതായി ലഭിച്ചു. ഇന്നു പ്രസ്തുത മാസികയ്ക്ക് ഇംഗ്ലണ്ട്, ഫ്റാൻസ്, ബെൽജിയം, ഇററലി, ജർമ്മനി, ജപ്പാൻ, ലാററിൻ അമേരിക്ക എന്നീ രാജ്യങ്ങളിൽ പ്രത്യേകം പതിപ്പുകളുണ്ട്. കുരുടന്മാർക്കായി ബ്രെയിലി സമ്പ്രദായം അനുസരിച്ച് ഒരു പ്രത്യേകപതിപ്പുമുണ്ട്. Digest ൻെറ അധികൃതർ ഇതുവരെ ഉണ്ടായിട്ടുള്ള പുരോഗതിയിൽ സംതൃപ്തരായി അലസരായി ഇരിക്കുകയല്ല ചെയ്യുന്നത്. മാസികയ്ക്ക് ഇനിയും പല പരിഷ്കാരങ്ങൾ വരുത്തുവാൻ അവർക്കു പ്ലാനുണ്ട്. അതിനു മാസികയുടെ പ്രചാരം ഇനിയും വർദ്ധിക്കണമെന്ന് അവർക്കറിയാം. അതിനായി അവർ നിസ്തന്ദ്രം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

അമേരിക്കയിലെ ക. പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ പ്രമുഖസ്ഥാനത്തു നില്ക്കുന്ന മറെറാരു മാസികയത്രെ "Sign". അഞ്ചുകൊല്ലംമുമ്പ് 25,000 വരിക്കാർ മാത്രമാണ് അതിനുണ്ടായിരുന്നത്. ഇന്ന് വരിക്കാരുടെ സംഖ്യ മൂന്നുലക്ഷമായി വർദ്ധിച്ചിരിക്കുന്നു. ഭീമമായ ഈ വ്യത്യാസം ഉണ്ടായത് കഴിഞ്ഞ നാലഞ്ചുകൊല്ലങ്ങൾക്കുള്ളിലാണെന്നു നാം മനസ്സിലാക്കണം.

### നമ്മുടെ പരിതഃസ്ഥിതികൾ

അമേരിക്കയിൽ ഇതെല്ലാം സാധിക്കും; അവർ പണക്കാരാണ്. ഇവിടെ ഇങ്ങനെയുള്ള പുരോഗതിയൊന്നും ഉണ്ടാകുവാൻ പോകുന്നില്ല, എന്നു പലരും പറയുമായിരിക്കും. എന്നാൽ വസ്തുതകൾ നോക്കിയാൽ ഈ കാര്യത്തിൽ നമ്മുടെ പരിതഃസ്ഥിതികൾ കുറെക്കൂടെ മെച്ചമാണെന്ന് മനസ്സിലാകുന്നതാണ്.

നമ്മുടെ കേരളീയരുമായി നോക്കുമ്പോൾ അമേരിക്കൻ ജനത കൂടുതൽ സുഖേച്ഛുക്കളാണ്. പൊതുവിൽ പറയുകയാണെങ്കിൽ അവരുടെ സാന്മാർഗ്ഗികനിലവാരവും താരതമ്യേന താണതാണ്. അസാന്മാർഗ്ഗികങ്ങളായ പത്രമാസികകളും, ഗ്രന്ഥങ്ങളും, ചലച്ചിത്രങ്ങളും, ടെലവിഷൻ പ്രദർശനങ്ങളും അവിടെ ധാരാളമാണ്. ഇതിനും പുറമെ അവിടെ അഖിലലോകപ്രചാരമുള്ള നാലു മതേതര പ്രസിദ്ധീകരണങ്ങളുമുണ്ട്: Readers Digest (പ്രതിമാസം 150 ലക്ഷം പ്രതി ചെലവാകുന്നു.) Life, Time, Saturday Evening Post ഈ പ്രസിദ്ധീകരണങ്ങൾ നാലും കത്തോലിക്കാ അകത്തോലിക്കാ ഭേദംകൂടാതെ മിക്കവാറും എല്ലാ അമേരിക്കൻ ഗൃഹങ്ങളിലും വരുത്തുന്നവയാണ്. ഈ മാസികകൾ നാലും താരതമ്യേന ഉന്നതമായ മാനദണ്ഡം പുലർത്തുന്നവയുമാണ്. ഒരു സാധാരണ അമേരിക്കൻ കത്തോലിക്കനെ സംബന്ധിച്ചിടത്തോളം അയാൾ വരുത്തുന്ന കത്തോലിക്കാ പ്രസിദ്ധീകരണം അഞ്ചാമത്തേതായിരിക്കും. ഈ അടുത്തകാലത്ത് 225 അമേരിക്കൻ സർവ്വകലാശാലാവിദ്യാർത്ഥികളോടായി അവർ ഏററം ഇഷ്ടപ്പെടുന്ന പ്രസിദ്ധീകരണങ്ങൾ ഏവയെന്നു ചോദിച്ചു. അതിനു കിട്ടിയ മറുപടി മുകളിൽപ്പറഞ്ഞ നാലു മാസികകളുടെ ലിസ്റ്റായിരുന്നു. ഈ മാസികകളോടൊപ്പം തന്നെയോ അതിലധികമായോ ഉന്നതമായ മാനദണ്ഡം പുലർത്തുന്ന "Commonweal" (ഇതു പണ്ഡിതരായ കത്തോലിക്കാ അത്മായരാൽ നടത്തപ്പെടുന്ന ഒരു പ്രസിദ്ധീകരണമാകുന്നു) "Sign" (അമേരിക്കയിലെ മറേറതൊരു മാസികയോടും കിടപിടിക്കുന്ന രസകരമായ ഒരു ക. പ്രസിദ്ധീകരണം.) "America" (ഈശോസഭക്കാരാൽ നടത്തപ്പെടുന്നതു. അമേരിക്കയിലെ പ്രധാന മാസികകളിലൊന്നായി അംഗീകരിക്കപ്പെട്ടതു്) എന്നീ പ്രസിദ്ധീകരണങ്ങൾ എന്തുകൊണ്ട് ഏററവും പ്രധാനപ്പെട്ട നാലു മാസികകളുടെ കൂട്ടത്തിൽ കത്തോലിക്കർതന്നെ ഉൾപ്പെടുത്തുന്നില്ലായെന്നു ഈ വിഷയത്തിൽ താല്പര്യമുള്ളവർ പരിതപിക്കുന്നു (See article on the subject: GRAIL. Feb. 1954)

കേരളത്തിലെ പരിതഃസ്ഥിതികൾ ഒരു വിധത്തിൽ പറഞ്ഞാൽ കുറേക്കൂടെ മെച്ചമാണ്. നമ്മുടെ മലയാളത്തിൽ ഇന്നു "മാതൃഭൂമി" ആഴ്ചപ്പതിപ്പൊഴിച്ചാൽ മലയാളികളുടെ ഇടയിൽ സർവ്വസാധാരണമായി കണ്ടുവരുന്ന മതേതര പ്രസിദ്ധീകരണങ്ങൾ കുറവാണ്. അഭ്യസ്തവിദ്യരായ കത്തോലിക്കരുടെ ഇടയിൽത്തന്നെ ഒരു നല്ലവിഭാഗം ആളുകളും പ്രസ്തുത വാരിക ചിലപ്പോഴെങ്കിലും വായിക്കുന്നവരാണ്. ഇതിനുള്ള പ്രധാനകാരണം പ്രസ്തുത വാരികയിൽ സാഹിത്യമൂല്യമുള്ള നിരവധി ലേഖനങ്ങളും രസകരങ്ങളായ ചെറുകഥകളും കവിതകളും പ്രസിദ്ധപ്പെടുത്തുന്നുവെന്നുള്ളതാകുന്നു. തന്നെയുമല്ല കേരളത്തിലെ പേരെടുത്ത പല എഴുത്തുകാരും പ്രസ്തുത ആഴ്ചപ്പതിപ്പിനെ പ്രോത്സാഹിപ്പിക്കുന്നു. കേരളത്തിൽത്തന്നെ നല്ല പ്രചാരമുള്ള മററു ചില പ്രസിദ്ധീകരണങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഈ വാരിക ഉന്നതമായ ഒരു മാനദണ്ഡം പുലർത്തിക്കൊണ്ടുപോരുന്നു. എങ്കിലും ഇടതുപക്ഷചായ്‌വിലോട്ടു കൂടിയതും വായനക്കാരിൽ കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളെ സംബന്ധിച്ച് തെററിദ്ധാരണയുളവാക്കുവാൻ പോരുന്നവയുമായ ലേഖനങ്ങളും പ്രസ്തുത പ്രസിദ്ധീകരണത്തിൽ കാണാറുണ്ട്.

(തുടരും)

വിമർശനവീഥി

# കമ്മ്യൂണിസം വരാൻ അനുവദിക്കരുതെന്നു് കോൺഗ്രസ് ജനറൽ സിക്രട്ടറി

ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ജനറൽ സിക്രട്ടറി ശ്രീ അഗർവാൾ ഈയിടെ തിരുകൊച്ചി സന്ദർശിച്ചപ്പോൾ കൊല്ലത്തുവച്ചു കോൺഗ്രസ്സ് പ്രവർത്തകരുടെ ഒരു യോഗത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പ്രവർത്തനങ്ങളെ സ്വന്തം അനുഭവങ്ങളെ ആധാരമാക്കി അപലപിക്കുകയുണ്ടായി. കിഴക്കേ യൂറോപ്പിലെ കമ്മ്യൂണിസ്റ്റു ഗവമ്മെൻറിൻെറ കീഴിൽ നടക്കുന്ന ഭീകരപ്രവർത്തനങ്ങൾ അദ്ദേഹം കണ്ണുകൊണ്ടു കണ്ടതും ചെവികൊണ്ട് കേട്ടതും വിവരിച്ചു. ആ പ്രസംഗത്തിലെ ചില ഭാഗങ്ങളാണ് താഴെ ചേർക്കുന്നത്:-

### കമ്മ്യൂണിസ്റ്റ്കാർ അധികാരത്തിൽ വന്നുകൂടാ

ഏതു കമ്മ്യൂണിസത്തെക്കാളും ഗാന്ധിസം വിപ്ലവാത്മകമാണ്. കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരാൻ പാടില്ലെന്നു പറയുന്നതിൻെറ കാരണം നമുക്കതേപ്പററി അറിവുള്ളതുകൊണ്ടാണ്. കമ്മ്യൂണിസം ഈ രാജ്യത്തു വേരുറച്ചതല്ല. അതു മറുനാടനാണ്. പാർലമെൻറിൽ ഞങ്ങൾ കമ്മ്യൂണിസ്റ്റ്കാരുടെ പ്രസംഗം കേൾക്കാറുണ്ട്. റഷ്യയെപ്പററി ഒററവാക്കുകേട്ടാൽ അവർ തുള്ളിച്ചാടുന്നതുകാണാം. റഷ്യൻ ഏജൻറന്മാരാണവരെന്ന് കാണാൻ കഴിയും. രാവും പകലും അമേരിക്കയെ ആക്ഷേപിക്കുകയും, നാം അവരുടെ പാവകളാണെന്ന് പറയുകയും ചെയ്യുന്നു. നാം പാർലമെൻറിലും വെളിക്കും പ്രഖ്യാപിച്ചിട്ടുണ്ട് ഇൻഡ്യാ അമേരിക്കൻചേരിയിൽ പോവുകയില്ലെന്ന്. അതുപോലെ റഷ്യൻ ചേരിയിലും പോവുകയില്ലെന്നു. ഈ വൻഗ്രൂപ്പുകളിൽ ഏതിലെങ്കിലും ചേർന്നാൽ നമ്മുടെ സ്വാതന്ത്ര്യം നിലനിർത്താൻ സാദ്ധ്യമല്ലാതാകും. ഈ കാരണത്താലും കമ്മ്യൂണിസ്റ്റ്കൾക്കു പിൻതുണ നൽകാനും അമേരിക്കയോടു ചേരാനും നമുക്കു സാദ്ധ്യമല്ല. കമ്മ്യൂണിസത്തെപ്പററി ജനങ്ങളെ മനസ്സിലാക്കേണ്ട സമയമിതാണ്. റഷ്യ ഒഴികെയുള്ള എല്ലാ രാജ്യങ്ങളും ഞാൻ സന്ദർശിച്ചിട്ടുണ്ട്. റഷ്യയിലേക്കവരെന്നെ പ്രവേശിപ്പിച്ചില്ല.

### കമ്മ്യൂണിസ്ററു ഭരണത്തിൽ

കമ്മ്യൂണിസ്റ്റുകൾ അധികാരത്തിൽ വന്നശേഷമാണ് ഞാൻ ചെക്കോസ്ലോവാക്യയിൽ പോയതു്. സ്വാതന്ത്ര്യമായാരും അവിടെ സംസാരിക്കുന്നില്ല. അധികാരം കിട്ടിയ ഉടൻ പതിനായിരം വിദ്യാർത്ഥികളെ അവർ കോളെജിൽനിന്നും പുറത്താക്കി. ഈ വിദ്യാർത്ഥികൾ ബൂർഷ്വാകളാണെന്നവർ പറഞ്ഞു. പരീക്ഷയ്ക്കെഴുതിയവർ ജയിച്ചിട്ടും സർട്ടിഫിക്കററുകൾ നൽകിയില്ല. സ്വതന്ത്രമായി സംസാരിച്ചകാരണത്താലും, സംശയത്താലും അനേകംപ്രഫസറന്മാരെ പുറത്താക്കി. 70 വയസ്സുള്ള ഒരു തത്വശാസ്ത്രപ്രഫസ്സറുമായി എനിക്കു സംസാരിക്കുവാൻ അവസരം കിട്ടി. ഒരു മൂന്നുനിലക്കെട്ടിടത്തിൻെറ ഏററം മുകളിലത്തെ മുറിയിൽ കതകുകളെല്ലാം ഭദ്രമായി അടച്ചശേഷമാണ് അദ്ദേഹം എന്നോടു സംസാരിച്ചതു്. ഞാനതിൻെറ കാരണം ചോദിച്ചപ്പോൾ ആ വൃദ്ധൻ ചെവിയിൽ മന്ത്രിച്ചു: ഈ ചുവരുകൾക്കും ചെവിയുണ്ട്; തമ്മിൽ കാണുന്ന രണ്ടുപേരിൽ ഒരാൾവീതം സി. ഐ. ഡി.കളാണെന്ന്. അവിടത്തെ വിദ്യാഭ്യാസമന്ത്രിയെ ഞാൻ കണ്ടു. അദ്ദേഹം പുസ്തകങ്ങൾ ശേഖരിച്ച ഒരു ശാല എന്നെ കാണിച്ചു. ശാസ്ത്രപരമായ പുസ്തകങ്ങൾപോലും ഗവമ്മെണ്ടു സെൻസർചെയ്തതാണ്. ഈ ശാസ്ത്രം എന്തിനാണു മാററിയതെന്നു ഞാൻ അന്വേഷിച്ചതിൽ റഷ്യൻ ശാസ്ത്രമല്ലാതെ ഒന്നും ഞങ്ങളുടെ കുട്ടികളെ മനസ്സിലാക്കാൻ ഞങ്ങൾക്ക് ആഗ്രഹമില്ലെന്നാണവർ പറഞ്ഞതു്. സകല പ്രസിദ്ധീകരണങ്ങളും ഗവ. കുത്തക. റഷ്യയെ പുകഴ്ത്തുന്നതല്ലാതെ യാതൊന്നുമില്ല.

തൊഴിലാളികൾ സ്വാതന്ത്ര്യമായി സംസാരിക്കുകപോലും ചെയ്യുന്നില്ല. ആദ്യകാലങ്ങളിൽ എല്ലാം അവർക്കാണെന്നു പറഞ്ഞു ധരിപ്പിച്ചിരുന്നു. അവസാനം തൊഴിലാളി സിക്രട്ടറി ജനറൽ തൊഴിൽവകുപ്പുമന്ത്രിയായി. മന്ത്രിയും, സിക്രട്ടറിയും ഒരാൾതന്നെയായതുകൊണ്ട് തൊഴിലാളികൾക്കുവേണ്ടിയുള്ള ഡിമാൻറുകൾ വയ്ക്കാറില്ല. ഇങ്ങനെ വന്നപ്പോൾ തൊഴിലാളികൾ പണിമുടക്കാനാരംഭിച്ചു. ഗവമ്മെൻറു അതു നിരോധിച്ചു. തൊഴിലാളികൾ യൂണിയൻ സംഘടിപ്പിക്കാൻ തുനിഞ്ഞതും ഗവമ്മെൻറു തടഞ്ഞു. എഴുത്തുകാരേയും ഞാൻ കണ്ടു. അവർക്കു പ്രത്യേകം ട്രെയിനിംഗ് നൽകപ്പെടുന്നു. താമസിക്കാൻ നല്ല കെട്ടിടവും ഉയർന്നനിലയിലുള്ള ആഹാരരീതിയും ഇവർക്കു നൽകുന്നു. ഒററ നിർദ്ദേശമേയുള്ളു, കമ്മ്യൂണിസം പ്രചരിപ്പിക്കുക. അതും ഗവമ്മെൻറു നിർദ്ദേശിക്കുന്ന മാതിരിയേ പാടുള്ളു. എന്നുവേണ്ട സകല സിനിമകളും പാട്ടുകളും എല്ലാം കമ്മ്യൂണിസം. ആരെങ്കിലും വിപരീതം പറയുകയോ കാണിക്കുകയോ ചെയ്താൽ മരണം നിശ്ചയമാണ്. ഞാനിതിനെപ്പററി അവിടെവച്ചുതന്നെ പ്രസംഗിച്ചതുകൊണ്ടാണ് ഇൻഡ്യാക്കാർക്കു പ്രവേശനം നിരോധിച്ചിരിക്കുന്നതു്. റഷ്യയിലേക്കു കടക്കാൻ ഞാൻ വളരെയധികം ശ്രമിച്ചു. അവിടത്തെ നല്ല കാര്യങ്ങൾ പറയാമെന്നു സമ്മതിച്ചു. എൻെറ അപേക്ഷ മോസ്കോവിലേക്കയച്ചിട്ടുണ്ടെന്നും മറുപടി കിട്ടിയിട്ടു വിവരം ടെലഫോണിൽ അറിയിക്കാമെന്നുമാണവർ പറഞ്ഞതു്. 6 മാസം കഴിഞ്ഞിട്ടും റഷ്യയിൽനിന്നു അനുവാദം കിട്ടിയില്ല; ഞാൻ പോയുമില്ല.

### കമ്മ്യൂ. ഐക്യമുന്നണി രാഷ്ട്രീയസ്സണ്ടു്

ഈ ഐക്യമുന്നണി ഒരുതരം രാഷ്ട്രീയസ്സണ്ടാണ്. കമ്മ്യൂണിസം നടപ്പിൽവന്ന രാജ്യങ്ങളിലെല്ലാം ഇതുണ്ടായിരുന്നു. അധികാരത്തിൽ വന്നാൽ രണ്ടു മാർഗ്ഗങ്ങളവർ സ്വീകരിക്കും. ഒന്ന് ഐ. മു. വിലെ ഇതരഘടകങ്ങ



ളെ നശിപ്പിക്കും; അല്ലെങ്കിൽ മാനസാന്തരപ്പെടുത്തി അവരാക്കും ചെക്കൊസ്ലോവാക്കിയായിലും ആദ്യം ഒരു കൊല്ലം ഐ. മു. ഭരണമായിരുന്നു. സകലരേയും നശിപ്പിച്ചിട്ടു് ഭരണം കൈയടക്കുകയാണവർ ചെയ്തതു്. വിമർശനമവിടെ അനുവദനീയമല്ല. കോൺഗ്രസുകാർ കമ്മ്യൂണിസത്തെപ്പററി ശരിയായി മനസ്സിലാക്കേണ്ടതാവശ്യമാണു്.

രാഷ്ട്രീയപ്പാർട്ടികൾക്കുള്ളിൽ വടംവലി എവിടെയും കാണാം. അതിവിടെ മാത്രമല്ല, കോൺഗ്രസിൽ മാത്രമല്ല. എന്നാൽ കോൺഗ്രസ്സ് അതു തെരഞ്ഞെടുപ്പിൽക്കൂടിയും, കമ്മ്യൂണിസ്റ്റുകാരതു ശാരീരികമായും തീർക്കുന്നു. സ്റ്റാലിൻെറ വലംകൈയായിരുന്ന ബെറിയായുടെ കാര്യം അതിനുദാഹരണമാണു്. അങ്ങനെ പലതും.

ഇന്നാട്ടിലെ ജനങ്ങൾ ഏതു രാഷ്ട്രീയപാർട്ടിയിൽ ചേർന്നാലും എനിക്കു വിരോധമില്ല. കമ്മ്യൂണിസ്റ്റുപാർട്ടിയിൽ പാടില്ലെന്നെനിക്കഭിപ്രായമുണ്ടു്. ഈ രാജ്യത്തിൻെറ ഭാവിയിൽ മററെന്തുസംഭവിച്ചാലും കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരാൻ പാടില്ല. ഇവരെ എന്തിനു ജീവിക്കാനനുവദിക്കുന്നു എന്നു ചോദിക്കുന്നവരോടു്, നാം കണ്ടുപഠിക്കാൻ എന്നേ പറയാനുള്ളു. കമ്മ്യൂണിസ്റ്റുകാരുടെ ഇവിടത്തെ പ്രവർത്തനത്തെപ്പററി നിങ്ങൾ എന്നെ ശരിയായി ധരിപ്പിക്കണം. കോൺഗ്രസുകാർക്കു അവരെ ഭയം തോന്നിയേക്കാം. ഏതെങ്കിലും പ്രവർത്തനമുണ്ടെങ്കിൽ ഉടൻ പി. സി. സി. യെ അറിയിക്കണം. ആരെന്തുപറഞ്ഞാലും ഇൻഡ്യയിൽ ഇവിടെ ഒഴിച്ചുള്ള ഭാഗത്തു ഭരണം നടത്തുന്നതു് കോൺഗ്രസാണു്. നാമിവിടെ പ്രസിഡൻറുഭരണമോ കമ്മ്യൂണിസ്റ്റുഭരണമോ അനുവദിക്കുകയില്ല. ജനങ്ങൾ കോൺഗ്രസിനെ ആക്ഷേപിക്കാനും ഇടനൽകുകയില്ല. ഈ പരിതസ്ഥിതിയിലാണു് പി. എസ്. പി. ഭരണം നടക്കുന്നതു്. അധികാരം കിട്ടാതെ കോൺഗ്രസ് നിരാശയിലാണെന്നാരും ധരിക്കരുതു്. കോൺഗ്രസുകാർ അധികാരത്തിൽ വരേണ്ടതില്ലെന്നു കഴിഞ്ഞ ഇലക്ഷനുശേഷം നിശ്ചയിച്ചു. പി. എസ്. പി. അവസാനഘട്ടത്തിലെങ്കിലും കമ്മ്യൂണിസ്റ്റുകൂട്ടുകെട്ടിലുള്ള അപകടം മനസ്സിലാക്കിയതു നന്നായി. നല്ല ഭരണം നടത്തിക്കാൻ അവരെ സഹായിക്കാൻ കോൺഗ്രസ് നിശ്ചയിച്ചു. ഒരഗ്നിപരീക്ഷണമാണിവിടെ നടക്കുന്നതു്. സശ്രദ്ധം ഞങ്ങളിതു വീക്ഷിക്കയാണു്. ഇതേപ്പററി നേരിട്ടു മനസ്സിലാക്കാനുമാണു് ഞാൻ വന്നതു്.

പി എസ്. പി. യുടെ ഇന്നത്തെ വിദ്യാഭ്യാസനയത്തോടു കോൺഗ്രസ് യോജിക്കുന്നില്ല. കണക്കില്ലാതെ വിദ്യാസമ്പന്നന്മാരെ പുറത്തുവിടുന്ന ഒരു ഫാക്ടറിപോലെ വിദ്യാലയമാക്കാൻ പി. എസ്. പി. മുതിരാൻ പാടില്ല.

കമ്മ്യൂണിസ്റ്റു പാർട്ടി അധികാരത്തിൽ വന്നാൽ വ്യക്തികളുടേയും മററു പാർട്ടികളുടേയും രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യം പാടേ നഷ്ടപ്പെടുമെന്നു് അഗർവാൾ വിവരിച്ചിരിക്കുന്ന അനുഭവജ്ഞാനത്തിൽനിന്നു സ്പഷ്ടമാകുന്നില്ലേ?

## കമ്മ്യൂ. ഭരണത്തിൽ തൊഴിലാളികൾ

റഷ്യയിലെ ഒന്നാം പഞ്ചവർഷപദ്ധതി തുടങ്ങിയ 1928 ലേക്കാൾ ഇന്നു് സോവ്യററു് തൊഴിലാളിയുടെ ജീവിതനില മോശമായിട്ടുണ്ടെന്നു്, നാലുവർഷം കൊണ്ടു് പൂർത്തിയാക്കിയ ഒരു പര്യവേക്ഷണത്തിൽനിന്നു തെളിയുന്നു. കൊളംബിയാ യൂണിവേഴ്സിററിയുടെ റഷ്യൻ ഇൻസ്റ്റിട്യൂട്ടാണീ പഠനം നടത്തിയതു്.

ഇന്നു റഷ്യൻ തൊഴിലാളി 1928 ലേക്കാൾ 10 ഇരട്ടിയിലധികം റൂബിൾ സമ്പാദിക്കുന്നുണ്ടെങ്കിലും സാധനങ്ങളുടെ വിലക്കയററം അയാളുടെ വരുമാനവർദ്ധനത്തേയും മറികടന്നുയർന്നുപോയിരിക്കുകയാണു്.

സോവ്യററു് ഭരണകൂടം തൊഴിലാളികളെ തരംതാഴ്ത്തി അവരുടെ മേൽ പുതിയ സാമ്പത്തികഭാരം ചുമത്തിവരുന്നതായി പോളിഷ് അഭയാർത്ഥികളിൽനിന്നറിയുന്നു. വേലക്കാരെ തരംതാഴ്ത്തുകയും അതനുസരിച്ചു ശമ്പളം കുറയ്ക്കുകയുമാണു് പതിവു്. കമ്മ്യൂണിസ്റ്റുസമ്പ്രദായത്തിൻെറ ശേഷിക്കുറവും നിർമ്മാണച്ചിലവു കൂടുതലും കൊണ്ടുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാനാണിങ്ങനെ തരംതാഴ്ത്തൽ നടപടി സ്വീകരിക്കുന്നതെന്നു് അഭയാർത്ഥികൾ പറയുന്നു. വളരെ കൊട്ടിഘോഷിച്ച വില കുറയ്ക്കൽ നടപടികളെ തൊട്ടു തുടർന്നാണീ തരംതാഴ്ത്തൽ ആരംഭിച്ചിരിക്കുന്നതെന്നും പ്രസ്താവ്യമാണു്. ചുരുക്കത്തിൽ സാധാരണക്കാരൻെറ കഴിവിനു വളരെ മീതെയാണു പോളണ്ടിലെ സാധനവിലകൾ ഇപ്പോഴും നില്ക്കുന്നതു്.

# ഒരു നല്ല പിതാവാകണമെങ്കിൽ

(മാതൃ മടക്കക്കുഴി)

ഒരു ചൊല്ലുണ്ടു്, "പിതാവു് പ്രഭാതംമുതൽ പ്രദോഷംവരെ ജോലിചെയ്യുന്നു; മാതാവിൻെറ വേല ഒരിക്കലും അവസാനിക്കുന്നില്ല" എന്നു്. എന്നാൽ സൂക്ഷ്മമായി ആലോചിക്കുമ്പോൾ പിതാവിനെ സംബന്ധിക്കുന്ന പ്രസ്തുത പ്രസ്താവന അത്ര ശരിയല്ലെന്നു ബോദ്ധ്യമാകുന്നതാണു്. "ഉത്തമനായ ഒരു പിതാവു്" എന്ന സ്ഥാനത്തിനർഹനാകണമെങ്കിൽ അനുദിനവ്യാപാരങ്ങൾക്കു പുറമെ കുട്ടികൾക്കുവേണ്ടി അദ്ദേഹം വളരെയധികം കൃത്യങ്ങളിൽ ഏർപ്പെട്ടേ മതിയാവൂ. ഒരു നല്ല പിതാവിനു് അവശ്യം ഉണ്ടായിരിക്കേണ്ട ചില ഗുണവിശേഷങ്ങൾ എടുത്തുകാണിക്കുകയാണീ ലേഖനോദ്ദേശം.

മാതാപിതാക്കന്മാരിൽനിന്നും സമൃദ്ധമായ സ്നേഹവാത്സല്യങ്ങളാണു് കുട്ടികൾ എപ്പോഴും പ്രതീക്ഷിക്കുന്നതു്. അതിനാൽ അവരോടുകൂടി സഹവസിക്കുമ്പോൾ പിതാവു് സന്തോഷവും സൗമനസ്യവും ധാരാളമായി പ്രദർശിപ്പിക്കേണ്ടതാണു്. എത്രയധികം മാനസികക്ലേശങ്ങളുണ്ടായിരുന്നാലും കുട്ടികളുടെ മുൻപിൽ അവയെല്ലാം മറന്നു് അവരോടൊപ്പം കൂത്താടുന്ന ചില പിതാക്കന്മാരെ നാം കാണാറില്ലേ? കുട്ടികളോടുകൂടി ഉല്ലസിക്കുന്നതും അവരുടെ നിഷ്കളങ്കവിനോദങ്ങളിൽ പങ്കുകൊള്ളുന്നതും ഒരു പിതാവിൻെറ ഒഴിച്ചുകൂടാത്ത കർത്തവ്യമത്രെ.

രണ്ടാമതായി, കുട്ടികളിൽ സ്വാശ്രയശീലം വളർത്തുവാനും അവരുടെ വ്യക്തിത്വം പരിപാലിക്കുവാനും പിതാവു് സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതാണു്. വെറും ജീവിക്കുന്ന പാവകളാവുകയെന്നതല്ല കുട്ടികളുടെ ജീവിതോദ്ദേശം. സ്വയം ചിന്തിക്കുവാനും പ്രവർത്തിക്കുവാനും അവരെ പ്രാപ്തരാക്കുന്ന സ്വാതന്ത്ര്യബുദ്ധിമായ പ്രവണതകൾ അവരിൽ അന്തർലീനമായി കിടപ്പുണ്ടു്.

അവർക്കു് ശരിയായ വികസനം നൽകുവാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്നതാണു് ഒരു പിതാവിൻെറ കർത്തവ്യം. എനിക്കറിയാം ചില ദമ്പതികളെ; അവരുടെ ഇംഗിതാനുസരണം പട്ടുവസ്ത്രങ്ങൾ ധരിച്ചു് പ്രദർശനവസ്തുക്കളായി പ്രത്യക്ഷപ്പെടുകമാത്രമാണു് അവരുടെ ദൗർഭാഗ്യരായ കുഞ്ഞുങ്ങളുടെ ഏകകൃത്യം. മററു കുട്ടികളോടൊപ്പം പകൽസമയം പുറത്തുപോയി കളിക്കുവാനോ അവരുടെ കളിപ്പാവകളൊഴികെ മറെറന്തെങ്കിലും കൈവശം വയ്ക്കുവാനോ അവർ അനുവദിക്കപ്പെടുന്നില്ല.

ചില പിതാക്കന്മാർക്കു് അവരുടെ കുട്ടികളുമായി സഹവസിക്കുന്നതിനു് സമയം കിട്ടാത്തതാണു വേറൊരു വലിയ പ്രശ്നം. ഓഫീസുകളിൽനിന്നും വ്യാപാരശാലകളിൽനിന്നും നേരെ ക്ലബ്ബുകളിലേക്കോ വിനോദസ്ഥലങ്ങളിലേക്കോ ആണവർ പോകാറുള്ളതു്. മക്കൾക്കുവേണ്ടി നിർല്ലോഭം പണം വാരിച്ചൊരിയാൻ അവർക്കു മടിയില്ലെങ്കിലും സന്താനങ്ങളുടെമദ്ധ്യേ അവർ തികച്ചും അപരിചിതരത്രെ. ഈ ദുസ്ഥിതിക്കും ഒരു പരിഹാരം കണ്ടെത്തിയേ മതിയാവൂ.

സന്താനങ്ങളുടെ ആശയങ്ങളും അഭിലാഷങ്ങളും ശരിയായി രൂപംപ്രാപിക്കേണ്ടതു് പിതാവിൻെറ അവികലമായ ശിക്ഷണത്തിൻ കീഴിലായിരിക്കേണ്ടതാണു്. കുട്ടികളുടെ ഏതു സംശയവും ദൂരീകരിക്കുവാനും ഒരു നല്ല പിതാവു് ബദ്ധശ്രദ്ധനായിരിക്കും. കുട്ടികളുടെ വർഗ്ഗപരമായ വിദ്യാഭ്യാസം സ്കൂളുകളിൽ നടത്തപ്പെടണമെന്നും ഏതദ്വിഷയത്തിൽ സമ്പൂർണ്ണമായ ഉൽബോധനം ലഭിക്കേണ്ടതു് ഗുരുമുഖത്തുനിന്നുമാണെന്നും ഒരു നവീനാശയം ചിലർ സ്വീകരിച്ചുവരുന്നതായി കാണുന്നു. എന്നാൽ പ്രസ്തുത വിദ്യാഭ്യാസം നിർവ്വഹിക്കുവാനുള്ള അവകാശവും അവസരവും മററാരേയുംകാൾ മാതാപിതാക്കന്മാർക്കാണെന്നും ആ കർത്തവ്യം യഥാവിധി നിർവ്വഹിക്കപ്പെടേണ്ടതാണെന്നും ഓരോ പിതാവും ഓർത്തിരിക്കേണ്ടതാണു്. പല പിതാക്കന്മാരും ഈ വിഷയത്തെ സംബന്ധിച്ചു് തങ്ങളുടെ കുട്ടികളോടു് സംസാരിക്കുവാൻ വല്ലതായ ആശങ്ക പ്രകടിപ്പിക്കുകയാണു്. നിരുപദ്രവകരമായ രീതിയിൽ അവർക്കു് അതേപ്പററി വേണ്ട അറിവു നൽകാത്തപക്ഷം തെററായ ധാരണകളിലും സിദ്ധാന്തങ്ങളിലും അവർ വഴുതിവീഴാനിടയുണ്ടു്. ഒരുത്തമനായ പിതാവു് ഇക്കാര്യത്തിലും ജാഗ്രതയോടുകൂടി പ്രവർത്തിക്കാതിരിക്കുകയില്ല.

കുഞ്ഞുങ്ങളുടെ പ്രാപ്തിയെപ്പററിയും സ്വഭാവവിശേഷങ്ങളെപ്പററിയും പിതാവിനു സൂക്ഷ്മമായ ജ്ഞാനം ഉണ്ടായിരിക്കേണ്ടതും അത്യാവശ്യമത്രെ. അവരുടെ വിദ്യാഭ്യാസവിഷയത്തിൽ പിതാവു അതിപ്രധാനമായ ഒരു ഭാഗം ഏറെറടുക്കേണ്ടതായിട്ടുണ്ടു്. സ്കൂളിൽ കുട്ടികൾ എങ്ങനെ വ്യാപരിക്കുന്നുവെന്നും അവരുടെ വാസനകൾ സ്കൂൾജീവിതവുമായി എങ്ങനെ പൊരുത്തപ്പെട്ടുപോകുന്നുവെന്നും ഒരു പിതാവു് മനസ്സിലാക്കേണ്ടതുണ്ടു്. അവരുടെ വിദ്യാഭ്യാസം അഭംഗമായും നിരാക്ഷേപമായും നിർവ്വഹിക്കപ്പെടുന്നതിനു് ഗണ്യമായ ശ്രമം നടത്തേണ്ടതും ഒരു പിതാവിൻെറ കർത്തവ്യങ്ങളിൽ പെടുന്നു. കാഴ്ചബംഗ്ലാവുകൾ, മൃഗശാലകൾ, കലാസങ്കേതങ്ങൾ മുതലായവ കുട്ടികളോടൊത്തു് അദ്ദേഹം സന്ദർശിക്കുന്നതും നന്നായിരിക്കും.

കുട്ടികളിൽ ശിക്ഷണബോധം വളർത്തുകയെന്നതാണു് ഒരു പിതാവിൻെറ ഒട്ടും അപ്രധാനമല്ലാത്ത വേറൊരു കർത്തവ്യം. കുട്ടികളെ ശിക്ഷിക്കുന്നതിൽ പിതാക്കന്മാർ തികച്ചും ഔചിത്യദീക്ഷയുള്ളവരായിരിക്കണം. കോപവെറിപൂണ്ടിരിക്കുമ്പോൾ ഒരിക്കലും അവരെ ശിക്ഷിച്ചുകൂടാ. അധികാരത്തിനു വശംവദരായിരിക്കേണ്ടതിൻെറ അപരിത്യാജ്യത ശരിയായി മനസ്സിലാക്കിക്കൊടുക്കുകയാണല്ലോ ശിക്ഷയുടെ പ്രമുഖമായ ഉദ്ദേശംതന്നെ. കുട്ടികൾ നല്ലവരായിത്തീരുവാൻ ആത്മാർത്ഥമായി അവർ അഭിലഷിക്കുന്നുണ്ടു്, നാമവരെ സഹായിച്ചാൽ മതി. പിതാവു് ദുശ്ശാഠ്യക്കാരനും മുൻകോപിയുമാണെങ്കിൽ മക്കൾ ചഞ്ചലഹൃദയരും, കോപിഷ്ഠരും, ഭയചകിതരുമായിത്തീരുകയാണു പതിവു്.

സന്താനങ്ങളുടെ സ്വഭാവവും ജീവിതചര്യകളും ഏററവും സമാദരണീയമായിത്തീരണമെങ്കിൽ പിതാവും മാതൃകാപരമായ ജീവിതം നയിച്ചേ മതിയാവൂ. കുടുംബം തികച്ചു ആനന്ദപൂർണ്ണമായിത്തീരുകയും, സ്നേഹിക്കപ്പെടുന്നതുപോലെതന്നെ മററുള്ളവരോടും സ്നേഹം പുലർത്തുവാൻ അഭ്യസിപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ അപമര്യാദകളെല്ലാം ഒരു ബാലനിൽനിന്നും താനേ അപ്രത്യക്ഷമാകുന്നു. മാതൃകാപുരുഷനായ ഒരു പിതാവു് അവനുണ്ടെങ്കിൽ അദ്ദേഹത്തിൻെറ നിഴലിൽ അവൻ ഉത്തമനായി വളർന്നുകൊള്ളും. "സ്നേഹശൂന്യവും സംസ്കാരരഹിതവുമായ കുടുംബങ്ങൾ കുററവാളികളെ പുറപ്പെടുവിക്കുന്നു" എന്ന പഴമൊഴി ഇത്തരുണത്തിൽ സ്മർത്തവ്യമത്രെ.

ഒരു നല്ല പിതാവിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം പ്രാർത്ഥനയിൽ അതീവതല്പരനായിരിക്കണം. കുടുംബാംഗങ്ങളെല്ലാമൊന്നിച്ചു് ദൈവത്തിനു കൃതജ്ഞത പറയുക ഒരു ഗൃഹനാഥനു് എത്ര ആനന്ദപ്രദമാണു്! ഒരുമിച്ചു പ്രാർത്ഥിക്കുന്നവർ ഒരുമിച്ചു ജീവിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ, താൻ നായകത്വം വഹിക്കുന്ന കുടുംബം ഏററവും മാതൃകാപരമായിത്തീരുവാൻ ഓരോ പിതാവും അക്ഷീണയത്നം നടത്തിയേ മതിയാവൂ. വില്യം ഡി. വില്കിൻസിൻെറ വാക്കുകൾ ഈയവസരത്തിൽ പ്രത്യേകം ശ്രദ്ധേയങ്ങളാണു്. "പിതൃത്വമെന്നു പറയുന്നതു് ഒരു വിനോദമല്ല. നിങ്ങളുടെ പണവും സമ്മാനങ്ങളുംമാത്രം നിങ്ങളുടെ മക്കൾക്കു നൽകിയാൽ പോരാ; പ്രത്യുത, നിങ്ങളെ മുഴുവനും അവർക്കു പ്രദാനം ചെയ്യുക!"

—o—

DENTAL SURGEON
*For all your dental troubles*
Consult Phone 299
DR. V. JOSEPH BAISIL
Dentist to
H. H. THE MAHARAJA OF COCHIN
*Shanmukham Road — Ernakulam*
Special concession to :
Priests, nuns and students

മഹത്തായ
നമ്മുടെ രാഷ്ട്രത്തിനു വേണ്ടി

നിങ്ങൾ ഒരു ബാങ്കിൽ പണം നിക്ഷേപിക്കുന്നതു് സൗകര്യവും സുരക്ഷിതത്വവും കരുതിയാണു്. ആവശ്യപ്പെടുമ്പോൾ പണം തിരികെ ലഭിക്കണം. അതോടൊപ്പംതന്നെ നിങ്ങളുടെ പണം രാജ്യനന്മയ്ക്കുകൂടി ഉപകരിച്ചാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്നു.

ഓറിയൻറു സെൻട്രൽ ബാങ്കിൽ നിക്ഷേപിക്കുന്ന പണം ഈ നാട്ടിലെ വാണിജ്യവ്യവസായങ്ങളുടെ പുരോഗമനത്തിനു സഹായകരമായി വിനിയോഗിക്കപ്പെടുന്നു. വാണിജ്യവ്യവസായങ്ങളുടെ പുരോഗമനം സാധനദൗർലഭ്യം കുറയ്ക്കുകയും തൊഴിലില്ലായ്മ പരിഹരിക്കുകയും ചെയ്യുന്നു. തൊഴിലില്ലായ്മയും സാധനദൗർലഭ്യവും നിർമ്മാർജ്ജനം ചെയ്തു് മഹത്തായ നമ്മുടെ രാഷ്ട്രത്തിൽ സമൃദ്ധിയും സുഭിക്ഷതയും കൈവരുത്തുന്നതിനു് നിങ്ങളുടെ പണം

ഓറിയന്റ് സെന്ട്രൽ ബാങ്കിൽ
നിക്ഷേപിക്കുക
ഹെഡ്ആഫീസ്:- കോട്ടയം

ബ്രാഞ്ചുകൾ

| | | |
|---|---|---|
| ഈരാററുപേട്ട | കരുകം | പാമ്പാടി |
| എറണാകുളം | കോതമംഗലം | പിറവം |
| എരുമേലി | കൂട്ടിക്കൽ | പൂവരണി |
| കാളകെട്ടി | വടക്കൻപറവൂർ | തൊടുപുഴ |
| കോട്ടയം | പാലാ | തിരുവല്ല |
| | വൈക്കം | |

പ്രവർത്തനമൂലധനം 1 കോടി രൂപയിൽ കൂടുതൽ

തിരുസഭാചരിത്രം 33

# ആദിമസഭയിലെ ഭരണവ്യവസ്ഥ

(പ്രഫസർ പി. ററി. തോമസ് എം. എ.)

തിരുസ്സഭയുടെ ആരംഭകാലത്തു് ഭരണാധികാരം ക്രിസ്തുവിനാൽ നിയോഗിക്കപ്പെട്ട അപ്പസ്തോലന്മാരിൽ നിക്ഷിപ്തമായിരുന്നു എന്നുള്ളതിനു സംശയമില്ല. ആദ്യത്തെ പന്തക്കുസ്താത്തിരുനാളിനുശേഷം അപ്പസ്തോലന്മാർ അവരിൽ നിക്ഷിപ്തമായിരുന്ന ദൈവദത്തമായ അധികാരാവകാശങ്ങളെപ്പററി പൂർണ്ണബോധമുള്ളവരായി കാണപ്പെടുന്നു. ക്രൈസ്തവസമൂഹങ്ങളെ സംബന്ധിച്ച് നിർണ്ണായകമായ ആജ്ഞകൾ പുറപ്പെടുവിക്കുന്നതിലും അവയെ പ്രയോഗത്തിൽ വരുത്തുന്നതിലും നിന്നു് അപ്പസ്തോലന്മാരുടെ അധികാരം അസന്നിഗ്ദ്ധമായി തെളിയുന്നുണ്ടു്. ചുരുക്കത്തിൽ ആദിമക്രൈസ്തവസഭയിൽ അപ്പസ്തോലന്മാർ അധികാരസംയുക്തമായ ഉദ്യോഗങ്ങൾ വഹിച്ചിരുന്നതായിക്കാണാം. കൂടാതെ ആദ്യകാലത്തു് വിവിധദേശങ്ങളിൽ രൂപംപ്രാപിച്ച ക്രൈസ്തവസമൂഹങ്ങളുടെമേലുള്ള ഭരണം നിർവ്വഹിക്കുന്നതിനായി അപ്പസ്തോലന്മാർ അവരുടെ പ്രതിനിധികളെ കൈവയ്പോടുകൂടി നിയമിക്കുന്നതായും, അവർക്കു് അപ്പസ്തോലികമായ അധികാരം ദാനംചെയ്യുന്നതായും അപ്പസ്തോലനടപടികളിൽ നിന്നും ലേഖനങ്ങളിൽനിന്നും വിശദമാകുന്നു.

ആദ്യകാലത്തു് അപ്പസ്തോലന്മാർ മാത്രമാണു് പ്രേഷിതവൃത്തി നിർവ്വഹിച്ചിരുന്നതു്. ക്രിസ്തുവിനാൽ തിരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ടുപേർ മാത്രമല്ല അപ്പസ്തോലന്മാർ എന്നപേരിൽ അറിയപ്പെട്ടിരുന്നതു്. അവരുടെ പ്രമുഖസഹചാരികളേയും, സഹായികളെയും, സുവിശേഷപ്രചാരണത്തിൽ മുന്നോടികളായിരുന്നവരെയും അപ്പസ്തോലന്മാർ എന്നു വിളിക്കാറുണ്ടായിരുന്നു.

തിരുസ്സഭയിലെ ഭരണവ്യവസ്ഥ സാവധാനമായും ക്രമാനുഗതമായും ആണു് വളർച്ച പ്രാപിച്ചതു്. സഭയുടെ ആദ്യനാളുകളിൽ മതതീക്ഷ്ണതയും സന്മാർഗ്ഗനിഷ്ഠയും വിശ്വാസികളിൽ രൂഢമൂലമായിരിക്കുകയും അവരുടെ സാമൂഹ്യജീവിതം പരസ്പരസ്നേഹത്തിൽ അധിഷ്ഠിതമായിരിക്കുകയും ചെയ്തിരുന്നതിനാൽ ഭരണാധികാരത്തിന്റെ ശക്തിപ്രകടനവും അതിന്റെ പരിധികളുടെ സുവ്യക്തമായ നിർവ്വചനവും ആവശ്യമില്ലായിരുന്നു. എന്നാൽ സഭകൾ എണ്ണത്തിലും അംഗസംഖ്യയിലും വളർന്നുവന്നതോടുകൂടി സഭയുടെ അധികാരം കൂടുതൽ ദൃഢമാക്കേണ്ടതായി വന്നു. അവിടവിടെ ശക്തിപ്രാപിച്ചുകൊണ്ടിരുന്ന പാഷണ്ഡതകളെ പ്രതിരോധിക്കുന്നതിനും വിശ്വാസമാന്ദ്യം സംഭവിച്ച ക്രിസ്ത്യാനികളെ ശിക്ഷണവിധേയരാക്കുന്നതിനും സുശക്തമായ ഒരു ഭരണവ്യവസ്ഥ ആവശ്യമായിത്തീർന്നു. അങ്ങനെ സഭ വളർന്നതോടൊപ്പം ഭരണവ്യവസ്ഥയും പരിപുഷ്ടിപ്പെട്ടു.

അപ്പസ്തോലന്മാർ എവിടെയെങ്കിലും ഒരു സഭ സ്ഥാപിക്കുമ്പോൾ സ്വഭാവശുദ്ധിയും ഭക്തിതീക്ഷ്ണതയും ഉള്ള ആളുകളെ ആ സമൂഹത്തിൽനിന്നും തിരഞ്ഞെടുത്തു് സഭാസംബന്ധമായ കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിൽ തങ്ങളെ സഹായിക്കുന്നതിനായി അവരെ നിയോഗിച്ചിരുന്നു. അങ്ങനെ നിയമിക്കപ്പെട്ടവരെ ആദരിക്കയും അനുസരിക്കയും ചെയ്യേണ്ടതു വിശ്വാസികളുടെ കടമയായിത്തീർന്നു. ഇങ്ങനെയാണു് സഭാധികാരം ക്രമേണ രൂപംപ്രാപിച്ചതു്.

ആദ്യകാലംമുതൽതന്നെ ചില സഭകളിൽ പ്രത്യേക ഔദ്യോഗികനാമം വഹിക്കുന്ന അധികാരികൾ ഉണ്ടായിരുന്നതായിക്കാണുന്നു. ഏഷ്യാമൈനറിലേയും പലസ്തീനയിലേയും ആദിമക്രൈസ്തവസമൂഹങ്ങളിൽ സഭാകാര്യങ്ങൾ നോക്കിയിരുന്നവർ പ്രെസ്ബിറേറഴ്സ് (Presbyters) അഥവാ മൂപ്പന്മാർ (elders) എന്നപേരിൽ അറിയപ്പെട്ടിരുന്നു. ചിലയിടങ്ങളിൽ സഭാധികാരികൾക്കു് പ്രത്യേകം സംജ്ഞകൾ ഒന്നും ഉണ്ടായിരുന്നതായിക്കാണുന്നില്ല. അവർ മേലധികാരികൾ (Superiors) എന്നുമാത്രം അറിയപ്പെട്ടിരുന്നു. അചിരേണ എപ്പിസ്ക്കോപ്പോയി (episcopoi) എന്ന സംജ്ഞ നടപ്പിലായി. ഈ വാക്കിന്റെ അർത്ഥം മേൽനോട്ടക്കാർ (Overseers) എന്നാണു്. ആദ്യകാലത്തു് മൂപ്പന്മാരും (Presbyters) മേൽനോട്ടക്കാരും (episcopoi) ഒരേകർത്തവ്യങ്ങളും അധികാരങ്ങളുമാണു് നിർവ്വഹിച്ചിരുന്നതു്. രണ്ടു സ്ഥാനങ്ങളും ഒന്നുതന്നെയായിരുന്നു. പേരിൽമാത്രമേ വ്യത്യാസമുണ്ടായിരുന്നുള്ളു. എന്നാൽ A. D. 70-ാമാണ്ടോടടുത്തു് സഭാഭരണവ്യവസ്ഥിതി കൂടുതൽ ദൃഢവും ക്ലിപ്തവുമായ ഒരു രൂപം കൈക്കൊള്ളുകയുണ്ടായി. ഓരോ സഭയുടെയും ഭരണത്തിൽ പരമമായ അധികാരം വഹിച്ചിരുന്ന ആളുകളെമാത്രം എപ്പിസ്ക്കോപ്പോസ് (episcopos) എന്നു വിളിക്കുന്ന പതിവു് നടപ്പിലായി. അങ്ങനെ ഓരോ പ്രാദേശികസഭയിലേയും ഏററം ഉയർന്ന ഭരണകർത്താവിന്റെ സ്ഥാനപ്പേർ എപ്പിസ്ക്കോപ്പോസ് എന്നായിത്തീർന്നു. പ്രെസ്ബിറേറഴ്സ് (മൂപ്പന്മാർ) എപ്പിസ്ക്കോപ്പോസിന്റെ അഥവാ മെത്രാന്റെ സഹായികളായി പരിണാമം പ്രാപിച്ചു. കാലക്രമേണ (Presbyters) എന്ന പേരിനു പകരം Priests (വൈദികർ) എന്ന രൂപം നടപ്പിലായി.

ശമ്മാശ (Deacon) സ്ഥാനം അപ്പസ്തോലകാലം മുതല്ക്കുതന്നെ നിലനിന്നുപോന്നിട്ടുള്ള ഒന്നാണു്. യറുശലേമിലെ പ്രഥമക്രൈസ്തവസഭയിൽ വിശ്വാസികൾ ദാനമായി ഏല്പിക്കുന്ന വിഭവങ്ങൾ ശരിയാംവണ്ണം എല്ലാവർക്കും വിതരണം ചെയ്യുന്നതിനും മററുമായി അപ്പസ്തോലന്മാർ ഏഴു ശമ്മാശന്മാരെ നിയമിച്ചതായി കാണുന്നു. ശമ്മാശന്മാർ ആദിമക്രൈസ്തവസഭകളുടെ ഒരു സുപ്രധാനഘടകമാണു്. സമൂഹത്തിന്റെ ശുശ്രൂഷികളും ഉയർന്ന വൈദികാധികാരികളുടെ സഹായികളുമായിട്ടാണു് അവർ അറിയപ്പെട്ടിരുന്നതു്. അങ്ങനെ വ്യക്തമായ അധികാരങ്ങളോടും കർത്തവ്യങ്ങളോടുംകൂടി മെത്രാൻ, വൈദികൻ, ശമ്മാശൻ എന്ന മൂന്നു സുപ്രധാനഘടകങ്ങൾചേർന്ന ഒരു അധികാരവ്യവസ്ഥിതി രൂപംപ്രാപിച്ചു.

ഈ ഘട്ടത്തിൽ മെത്രാൻസ്ഥാനത്തിന്റെ ഉത്ഭവത്തെപ്പററി ചില കാര്യങ്ങൾകൂടി പ്രത്യേകം പ്രസ്താവിക്കേണ്ടതുണ്ടു്. യഹൂദരുടെ ഇടയ്ക്കു് ദൈവാലയസംബന്ധമായ കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ടിരുന്നതു് മൂപ്പന്മാരുടെ ഒരു സംഘം (a council of elders) ആണു്. ഇതിനെ അനുകരിച്ചു് ആദിമക്രൈസ്തവസമൂഹങ്ങളിലും മേലധികാരികളുടെ സംഘങ്ങൾ (Presbyterium) സ്ഥാപിതമായിരുന്നു. ഓരോ സംഘത്തിനും ഓരോ അദ്ധ്യക്ഷനുണ്ടായിരുന്നു. കാലക്രമേണ സംഘാദ്ധ്യക്ഷന്റെ അധികാരങ്ങൾ വർദ്ധിക്കുകയും സഭയുടെ നിയന്ത്രണം അയാളിൽ കേന്ദ്രീകൃതമാവുകയും ചെയ്തു. ആധുനികക്രൈസ്തവസമൂഹങ്ങളിൽ മെത്രാന്മാർക്കുള്ള സ്ഥാനമാണു് ഈ പ്രാദേശികസഭാദ്ധ്യക്ഷന്മാർ വഹിച്ചിരുന്നതു്. അവരുടെ അധികാരം അപ്പസ്തോലന്മാരുടെ കൈവയ്പോടുകൂടി ലഭിച്ചിട്ടുള്ളതുമായിരുന്നു. ആദ്യകാലങ്ങളിൽ ഈ സഭാദ്ധ്യക്ഷന്മാരെ ഇടയന്മാർ (Shepherds) എന്നു വിളിക്കാറുണ്ടായിരുന്നു. പിന്നീടു് മേൽവിവരിച്ചിട്ടുള്ളതുപോലെ അവരുടെ സ്ഥാനപ്പേരു് എപ്പിസ്ക്കോപ്പോസ് (episcopos) എന്നായിത്തീർന്നു. സഭാഭരണസംബന്ധമായ എല്ലാ കാര്യങ്ങളിലും പുരാതനക്രൈസ്തവസമൂഹങ്ങളുടെ അദ്ധ്യക്ഷന്മാർ അപ്പോസ്തലന്മാരുടെ ആജ്ഞാനുവർത്തികളായിരുന്നു. ഇങ്ങനെ തിരുസ്സഭയിൽ അഭംഗുരമായ അപ്പസ്തോലപാരമ്പര്യം നിലനിന്നുപോരുവാൻ ഇടയായി. എപ്പിസ്ക്കോപ്പാ അഥവാ മെത്രാൻസ്ഥാനം പില്ക്കാലങ്ങളിൽ രൂപമെടുത്തതാണെന്നുള്ള അനുമാനം ശരിയല്ല. ഏററം പുരാതനമായ ക്രൈസ്തവ സമൂഹങ്ങളിൽപോലും കേന്ദ്രീകൃതമായ അധികാരത്തിന്റെ പ്രയോഗം നാം കാണുന്നുണ്ടു്. ടിമോത്തിയും ടൈററസും സാരാംശത്തിൽ അവരവരുടെ സഭകളിലെ മെത്രാന്മാരായിരുന്നു. ക്രിസ്തുവിന്റെ സഹോദരനായ വി. ജയിംസ് യറുശലേമിലെ മെത്രാനായിരുന്നു എന്നുള്ളതിനു് വേദപുസ്തകം തന്നെ സാക്ഷ്യം വഹിക്കുന്നു. ഈ സ്ഥാനത്തോടുചേർത്തു് എപ്പിസ്ക്കോപ്പാ (episcopos) എന്ന സംജ്ഞ ഉപയോഗിക്കപ്പെട്ടു തുടങ്ങിയതു് ഒന്നാംശതാബ്ദത്തിന്റെ അന്ത്യഘട്ടത്തോടടുത്താണെന്നുമാത്രം.

അപ്പസ്തോലന്മാരുടെ അധികാരത്തിനു വിധേയരായി ഓരോ സഭയെയും ഭരിച്ചിരുന്നതു അതാതു സഭകളിലെ മെത്രാന്മാരായിരുന്നു. സമൂഹത്തിന്റെ തലവനും, ഇടയനും മാർഗ്ഗദർശിയും മെത്രാനായിരുന്നു. കൂദാശകൾ നൽകിയിരുന്നതും തിരുക്കർമ്മങ്ങളിൽ പ്രധാനസ്ഥാനം വഹിച്ചിരുന്നതും മെത്രാനാണു്. "ദൈവത്തിന്റെ സഭയെ ഭരിക്കുവാൻ മെത്രാന്മാരായ നിങ്ങളെ പരിശുദ്ധാരൂപി നിയോഗിച്ചിരിക്കുന്നു" എന്നു് അപ്പസ്തോല നടപടികളിൽ കാണുന്നു. വിശ്വാസം, ആരാധനക്രമം തുടങ്ങിയ കാര്യങ്ങളിൽ സഭയുടെ ഐക്യത്തിന്റെ സംരക്ഷണകേന്ദ്രം മെത്രാൻസ്ഥാനമായിരുന്നു.

വൈദികർ (Priests) സഭാഭരണത്തിൽ മെത്രാന്റെ സഹായികളായിരുന്നു. തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിലും വിശ്വാസികൾക്കു മതബോധനം നൽകുന്നതിലും അവർ മെത്രാനെ സഹായിച്ചിരുന്നു. മെത്രാന്റെ അസാന്നിദ്ധ്യത്തിലും മെത്രാൻസ്ഥാനം ഒഴിവുവരുന്ന ഘട്ടങ്ങളിലും വൈദികർ മെത്രാന്റെ പ്രാതിനിദ്ധ്യം വഹിച്ചിരുന്നു. പ്രാരംഭദശയിൽ വൈദികരുടെ സ്ഥാനം അത്ര പ്രാധാന്യമുള്ളതായി കരുതപ്പെട്ടിരുന്നില്ല. വിശ്വാസികൾ അർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങളിൽ ഓരോ അംശം മെത്രാനും ശമ്മാശന്മാർക്കും നൽകേണ്ടതാണെന്നു് പ്രത്യേകം വ്യവസ്ഥചെയ്യപ്പെട്ടിരുന്നു. എന്നാൽ വൈദികരെ സംബന്ധിച്ചിടത്തോളം താദൃശമായ വ്യവസ്ഥ ഒന്നുമില്ലായിരുന്നു. എന്നാൽ നാലാം ശതാബ്ദത്തോടുകൂടി വൈദികരുടെ നേരിട്ടുള്ള ഭരണത്തിനു വിധേയമായ ഇടവകകൾ (parishes) രൂപം പ്രാപിച്ചതോടുകൂടി വൈദികസ്ഥാനത്തിനു് ഗണ്യമായ പ്രാധാന്യം കൈവന്നു.

ആദിമ ക്രൈസ്തവസഭകളിൽ ശമ്മാശന്മാർക്കു് അതിപ്രധാനമായ ഒരു സ്ഥാനമാണുണ്ടായിരുന്നതു്. സാധുജനസംരക്ഷണത്തിലും, ദിവ്യബലി തുടങ്ങിയ തിരുക്കർമ്മങ്ങളിലും അവർ മെത്രാനെ സഹായിച്ചിരുന്നു വിശ്വാസികൾക്കു് പരിശുദ്ധകുർബാന നൽകുക, മെത്രാന്റെ അനുവാദത്തോടുകൂടി ജ്ഞാനസ്നാനം നൽകുക മുതലായ അനവധി കൃത്യങ്ങളിൽ അവർ ഏർപ്പെട്ടിരുന്നു. അധികാരശ്രേണിയിൽ ശമ്മാശന്മാർ വൈദികരുടെ താഴെയായിരുന്നെങ്കിലും ഭരണകാര്യങ്ങളിൽ അവർക്കു് വൈദികരേക്കാൾ കൂടുതൽ പ്രാധാന്യവും സ്വാധീനവും ഉണ്ടായിരുന്നു. A. D 250-ാമാണ്ടോടടുത്തു് ഉപശമ്മാശൻ (Sub-deacon) എന്ന ഒരു പുതിയ സ്ഥാനത്തെപ്പററി നാം കേൾക്കുന്നു. ഔദ്യോഗികകൃത്യങ്ങളിൽ ശമ്മാശന്മാരെ സഹായിക്കുകയായിരുന്നു ഇവരുടെ ജോലി. സ്ത്രീകളുടെ മതാദ്ധ്യയനത്തിലും ജ്ഞാനസ്നാനത്തിലും മെത്രാന്മാരെ സഹായിക്കുന്നതിനായി പ്രത്യേകം നിയുക്തരായിട്ടുള്ളവരാണു് ഡിക്കണെസ്സസ് (Deaconesses). അപ്പസ്തോലകാലം മുതൽക്കു തന്നെ ഈ സ്ത്രീവിഭാഗം സഭാചെയ്തികളിൽ അറിയപ്പെട്ടിരുന്നുണ്ടു്.


**For favours received**



Excuse delay.
Bro. Augustine
Thuruthimattom



**Subject Books for 1954-55**

By K. E. Job M. A. L. T.

1) ലോകചരിത്രം & ഇൻഡ്യാചരിത്രം for Forms IV & V (Approved)
2) ചരിത്രം & ഭൂമിശാസ്ത്രം for Forms I & II (Approved)
3) ആരോഗ്യരക്ഷ. നാലും അഞ്ചും ക്ലാസ്സുകളിലേക്കു് (Approved) By K. T. Sebastian M. A.
4) പ്രാഥമിക പൗരധർമ്മം നാലാംക്ലാസ്സിലേക്കു് (Approved)
5) " അഞ്ചാംക്ലാസ്സിലേക്കു് (പരിഷ്കരിച്ച പതിപ്പ്)

പുതിയ പ്രസിദ്ധീകരണങ്ങൾ

1) പ്രാഥമിക ഭൂമിശാസ്ത്രം (5-ാം ക്ലാസ്സിലേക്കു്)
2) ചരിത്രം & ആരോഗ്യരക്ഷ (മൂന്നാം ക്ലാസ്സിലേക്കു്)

ആവശ്യപ്പെടേണ്ടും മേൽവിലാസം :

അസ്സീസ്സി ബുക്ക് ഹൗസ്, ചങ്ങനാശേരി



റവ. സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Mrs. Mary Jose Chethalen,
Irinjalakuda



## "കാളൻ'സ് ബുള്ളററിൻ"

### (രോഗങ്ങളും പ്രതിവിധികളും)

നീർവീഴ്ച, ത്തുമ്മൽ, ചുമ, ക്ഷയം, ഏങ്ങൽ, അർശസ്സു് (മൂലക്കുരു), വയറുവേദന, നെഞ്ചുവേദന, വായുസ്തംഭനം (ശ്വാസതടസ്സം), അസ്ഥിസ്രാവം, രക്തദൂഷ്യം മുതലായ അനവധി തരം രോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും, പ്രതിവിധികളേയുംപററി സവിസ്തരം പ്രതിപാദിക്കുന്ന "കാളൻ'സ" ബുള്ളററി"ന്റെ സാമ്പിൾ കോപ്പി സൌജന്യം. "കാളൻ'സ" ബുള്ളററിൻ" പബ്ളിക്കു് ലൈബ്രറികൾക്കും സ്കൂൾ ലൈബ്രറികൾക്കും സൌജന്യമായും തുടർന്നും അയച്ചുകൊടുക്കുന്നതാണു്.

"കാളൻ" സ്ഥാപനത്തിന്റെ പ്രൊപ്രൈററായ കാളത്തു് പാവുണ്ണി ഔസേപ്പുവൈദ്യൻ ആലപ്പുഴ, കോട്ടയം മുതലായ സ്ഥലങ്ങളിൽ ക്യാമ്പുചെയ്തു വരുന്നുണ്ടോയെന്നു് പല രോഗികളും എഴുതി ചോദിക്കുന്നുണ്ടു്. എന്നാൽ "കാളൻ'സ" ബുള്ളററിൻ" മാസത്തിൽ 2 തവണ വീതം പ്രസിദ്ധീകരിക്കേണ്ടതുള്ളതുകൊണ്ടും മററും കാളത്തു് പാവുണ്ണി ഔസേപ്പുവൈദ്യനു് ആലപ്പുഴ, കോട്ടയം മുതലായ സ്ഥലങ്ങളിൽ ഇപ്പോൾ ക്യാമ്പുചെയ്യുന്നതിനു് സൗകര്യപ്പെടുന്നതല്ലെന്നുള്ള വിവരം ഞങ്ങളുടെ എല്ലാ മാന്യസുഹൃത്തുക്കളേയും അറിയിച്ചുകൊള്ളുന്നു.

അനുകരണങ്ങളെ സൂക്ഷിക്കണം. "കാളൻ"സ്ഥാപനത്തിന്റെ ആലപ്പുഴ ബ്രാഞ്ചു് (സെയിൽസ് ഡിപ്പോ) ബോട്ടുജെട്ടിക്കു സമീപമാകുന്നു. കൂടുതൽ വിവരങ്ങൾ ബുള്ളററിനിൽനിന്നു ഗ്രഹിക്കാവുന്നതാണു്.

എഴുത്തുകൾ മുതലായവ അയക്കേണ്ടും വിലാസം:-

കാളൻ, നെല്ലായി

## തിരുകൊച്ചിവാർത്തകൾ

### അശ്ലീലമാസികകളുടെ മേൽ, നടപടി

പ്രസ് അഡൈ്വസറി ബോർഡിന്റെ ഒരു യോഗം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും, അശ്ലീല പ്രസിദ്ധീകരണങ്ങളുടെമേൽ ആവശ്യമായ നടപടികൾ നടത്തണമെന്നു ആവശ്യപ്പെട്ടുകൊണ്ടു് ബോർഡു ഗവമ്മേണ്ടിലേക്കു ശുപാർശ ചെയ്തതനുസരിച്ചു രതി (എറണാകുളം) കാമിനി (എറണാകുളം) രാസരസം (തിരുവനന്തപുരം) എന്നീ മൂന്നു മാസികകളുടെമേൽ ഉടനെ നടപടി നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിരിക്കുന്നു.

### കണ്ടുകൃഷിവസ്തു അനുഭവക്കാർക്കു സ്ഥിരാവകാശം

കണ്ടുകൃഷിവസ്തുക്കൾ അനുഭവക്കാർക്കു് അവയിൽ സ്ഥിരാവകാശം നൽകുന്നതിനും അവർ മേലിൽ അടിസ്ഥാനനികുതി പിരിവിനു മാത്രം വിധേയരാകുന്നതിനും ഉള്ള വ്യവസ്ഥ പുതിയ കുടിയാൻബില്ലിൽ ഉൾപ്പെടുത്തുമെന്നറിയുന്നു. ടി. ഭൂമികളിൽനിന്നു ഇപ്പോൾ ഗവർമ്മേണ്ടിനു 3 ലക്ഷം പറ നെല്ലു് അതായതു 6 ലക്ഷം ക. പാട്ടം കിട്ടുന്നുണ്ടു്. ഇതിൽ അടിസ്ഥാനനികുതി കഴിച്ചുവരുന്ന സംഖ്യ രണ്ടര, മൂന്നു ശതമാനം നിരക്കിലുള്ള പലിശയോടുകൂടി കിട്ടത്തക്കവണ്ണം ഈ വസ്തുക്കൾക്കു വിലയിരുത്തി ആ വില കുറെ വർഷങ്ങൾകൊണ്ടു വസ്തുകൈവശക്കാർ അടച്ചുതീർത്തു ഭൂമി സ്വന്തമാക്കുന്നതിനുള്ള വ്യവസ്ഥകളാണു് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നറിയുന്നു.

### കൂടുതൽ അധികാരം

ദേശീയ വികസനകേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സംസ്ഥാന ഗവമ്മേണ്ടിനു കൂടുതൽ അധികാരങ്ങൾ നൽകിക്കൊണ്ടുള്ള ഒരു സർക്കുലർ കേന്ദ്രകമ്മ്യൂണിററി പ്രോജക്ടു് അഡ്മിനിസ്ട്രേഷനിൽനിന്നു ലഭിച്ചതനുസരിച്ചു അതിലെ നിർദ്ദേശങ്ങൾ സംബന്ധിച്ചു ചില ചർച്ചകൾ നടത്തുന്നതിനായി ഗവ. ഡെപ്യൂട്ടിസിക്രട്ടറി മി. പി. എം. മാത്യു ഡൽഹിയിലേക്കു പോയിരിക്കുന്നു.

### ഹൈക്കോടതി ഡിവിഷൻബഞ്ചു് ഉൽഘാടനം

തിരുകൊച്ചി ഹൈക്കോടതിയുടെ ഒരു ഡിവിഷൻബെഞ്ചു് ജൂൺ 14-ാംനു- ഉച്ചതിരിഞ്ഞു് ഒരു മണിക്കു തിരുവനന്തപുരം വഞ്ചിയൂർ ശ്രീമൂലം ബിൽഡിംഗ്സിൽവച്ചു ചീഫ്ജസ്റ്റിസ് മി. കെ. ടി. കോശി, ചീഫ്മിനിസ്റ്റർ ആദിയായ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരടങ്ങിയ പ്രശസ്തമായ ഒരു ജനസഞ്ചയത്തിന്റെ സാന്നിദ്ധ്യത്തിൽ ഔപചാരികമായി ഉൽഘാടനം ചെയ്തിരിക്കുന്നു. ബാർ അസോസിയേഷനുവേണ്ടി അഡ്വക്കേറ്റ് ജനറൽ മി. തൈക്കാട്ടു സുബ്രഹ്മണ്യയ്യർ ചീഫ്ജസ്റ്റിസിനേയും ജസ്റ്റിസ് മി. കെ. എസ്സ്. ഗോവിന്ദപ്പിള്ളയേയും സ്വാഗതംചെയ്തു.

### എറണാകുളം ഡിവിഷൻ പ്രൈവററ് മാനേജേഴ്സ് അസോസിയേഷൻ

എറണാകുളം ഡിവിഷൻ എഡ്യൂക്കേഷനൽ ആഫീസരുടെ ഏരിയായിലുള്ള പ്രൈവററ്സ്കൂൾമാനേജരന്മാരുടെ ഒരു യോഗം എറണാകുളം സെൻറ് ആൽബർട്ട്സ് ഹൈസ്കൂളിൽവച്ചു ആലുവാ സെൻറ് മേരീസ് ഹൈസ്കൂൾ മാനേജർ റൈററ് റവ. മോൺ. ജോർജ് വല്യാറമ്പത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ഒന്നും രണ്ടും ഫാറങ്ങളിലെ ഫീസുസൗജന്യംമൂലം മാനേജരന്മാർക്കു നഷ്ടപ്പെട്ടിരുന്ന 20 ശതമാനം ഫീസുപിരിവിനെ സംബന്ധിച്ചുളവായിട്ടുള്ള പ്രശ്നം, ഡിവിഷനൽ ഏറിയാകളിൽ പ്രൈവററ് സ്കൂൾമാനേജർമാർക്കു് സംഘടനകൾ ഉണ്ടാകേണ്ട ആവശ്യകത എന്നീ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. തിരുകൊച്ചി മാനേജേഴ്സ് അസോസിയേഷനായി വിപുലീകരിക്കാവുന്ന ഒരു സംഘടന തല്ക്കാലം എറണാകുളം ഡിവിഷന്റേതായി രൂപീകരിക്കുന്നതിനും, ഫീസുസൗജന്യംമൂലം മാനേജരന്മാർക്കുണ്ടായിക്കൊണ്ടിരിക്കുന്ന വിഷമതകളെ പരിഹരിക്കുന്നതിനു പദ്ധതി, 1-8-52 നുമുമ്പു പ്രൈവററുസ്കൂളിൽ നിയമിച്ചിട്ടുള്ള ചില പ്രൈമറി അദ്ധ്യാപകന്മാരുടെ ശമ്പളക്കാര്യം മുതലായവയെ ഉള്ളടക്കി ഒരു മെമ്മോറാണ്ഡം ഗവർമ്മെൻറിനു സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

### സ്ത്രീകളുടെ സാമൂഹ്യസേവനത്തെപ്പററി ശ്രീമതി ദുർഗ്ഗാഭായി

ശ്രീമതി ദുർഗ്ഗാഭായി ദേശമുഖ് എറണാകുളം ടി ഡി. എം. ഹാളിൽ കൂടിയ സാമൂഹ്യപ്രവർത്തകരുടെ ഒരു യോഗത്തിൽവച്ചു് ഇന്ത്യയുടെ സാമൂഹ്യപ്രവർത്തനപരിപാടികളിൽ സ്ത്രീകൾക്കുള്ള ചുമതല മഹത്തരമാണെന്നു പ്രസ്താവിച്ചു. ഗ്രാമവികസനങ്ങൾക്കും, വിദ്യാഭ്യാസസൗജന്യങ്ങൾക്കും, പട്ടണങ്ങളിലും ഗ്രാമങ്ങളിലും ജലവിതരണത്തിനും, മലേറിയ മുതലായ രോഗങ്ങളെ തടയുന്നതിനും, ആരോഗ്യശാസ്ത്രം പഠിപ്പിക്കുന്നതിനും മററുമായി 2200 കോടി രൂപായുടെ ഒരു പദ്ധതിയാണു് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളതെന്നു പ്രസംഗമദ്ധ്യേ അവർ പ്രസ്താവിച്ചു.

### പരമാവധി 50 ഏക്കർ ഭൂമിയേ കൈവശം പാടുള്ളു

തിരുകൊച്ചിയിൽ 50 ഏക്കറിൽ കൂടുതൽ ഭൂമി കൈവശംവച്ചുകൊണ്ടിരിക്കാൻ ആർക്കും അവകാശമുണ്ടായിരിക്കരുതെന്നാണു് തന്റെ അഭിപ്രായമെന്നു ചീഫ് മിനിസ്റ്റർ മി. പട്ടംതാണുപിള്ള ചെങ്കോട്ടയിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

### വിദ്യാഭ്യാസ വികസനത്തിനു 5 കോടി ഉറപ്പിക

ഇപ്പോൾ പ്രവർത്തിച്ചുവരുന്ന പഞ്ചവത്സരപദ്ധതിയുടെ ബാക്കിയുള്ള രണ്ടുകൊല്ലക്കാലത്തു ഒരു പുതിയ വിദ്യാഭ്യാസവികസനപദ്ധതി അംഗീകരിക്കാൻ പ്ലാനിംഗ് കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു. ഈ പദ്ധതിക്കു 5 കോടി ഉറുപ്പികയാണു ചിലവു കണക്കാക്കിയിരിക്കുന്നതു്. ഈ പദ്ധതിയനുസരിച്ചു വിവിധോദ്ദേശ്യസ്കൂളുകൾ ആദ്യത്തെ കൊല്ലത്തിൽ 200-ം രണ്ടാമത്തെ കൊല്ലത്തിൽ 300-ം ആകെ 500 എണ്ണം സ്ഥാപിക്കപ്പെടും. ഭിന്ന രുചിക്കാരും ഉദ്ദേശക്കാരും താല്പര്യക്കാരുമായ വിദ്യാർത്ഥികൾക്കു അവരുടെ ഇഷ്ടാനുസാരമുള്ള വിവിധോദ്ദേശ്യസ്കൂളുകൾ സ്ഥാപിക്കണമെന്നാണു് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നതു്.

പൊതുശാസ്ത്രവിവരങ്ങൾ, സാമൂഹ്യപാഠങ്ങൾ, കൈവേലകൾ മുതലായവ പഠിപ്പിക്കുന്നതിനു വരുന്ന ഏഴുകൊല്ലങ്ങൾക്കുള്ളിൽ നാട്ടിലെ ഓരോ ഹൈസ്കൂളിലും ഏർപ്പാടുചെയ്യുന്നതാണു് വേറൊരു പദ്ധതി. ഇതിനുവേണ്ട സജ്ജീകരണങ്ങൾക്കു ഓരോ സ്കൂളിനും അടുത്ത രണ്ടുകൊല്ലങ്ങളിലായി 15,000 ക. സഹായധനം നൽകാൻ വ്യവസ്ഥചെയ്തിരിക്കുന്നു. ലൈബ്രറിസൗകര്യങ്ങൾക്കും പ്രത്യേകം വ്യവസ്ഥയുണ്ടു്.

### വിദ്യാഭ്യാസം ഗവമ്മേണ്ടു നിയന്ത്രണത്തിലാക്കരുതു്

ആചാര്യവിനോബഭാവെ വിദ്യാഭ്യാസം ഗവമ്മേണ്ടു നിയന്ത്രണത്തിൽനിന്നും സ്വതന്ത്രമായിരിക്കണമെന്നും അങ്ങനെയല്ലാത്തപക്ഷം അതു ഭരണകക്ഷിയെ അധികാരത്തിൽ തുടരാൻ സഹായിക്കുന്ന ഒരു പ്രചരണോപാധിമാത്രമായിത്തീരുമെന്നും വീണ്ടും അദ്ദേഹത്തിന്റെ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു.

### വിദ്യാർത്ഥികൾക്കു സൈനികപരിശീലനം

ഹൈയർ സെക്കണ്ടറിക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു സൈനികപരിശീലനം നൽകുന്നതിനു ഒരു പദ്ധതി രൂപവൽക്കരിക്കാൻ യു. പി. ഗവമ്മേണ്ടു തീരുമാനിച്ചിരിക്കുന്നു. 51 ഡിസ്ട്രിക്ടു് തലസ്ഥാനപട്ടണങ്ങളിൽ ഇതു പ്രയോഗത്തിൽ വരുത്താനാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

### ഫ്രഞ്ചിൻഡ്യയിൽ

ഇൻഡ്യയിലെ ഫ്രഞ്ചുകോളനികളുടെ ഭാവി സംബന്ധിച്ചു് ഇൻഡ്യാ, ഫ്രഞ്ചുഗവമ്മെൻറുകളുടെ പ്രതിനിധികൾ പാരീസിൽ സമ്മേളിച്ചു നടത്തിവന്ന സംഭാഷണങ്ങൾ പരാജയപ്പെട്ടതോടെ ഫ്രഞ്ചിൻഡ്യൻ പ്രദേശങ്ങളിലെ അന്തരീക്ഷം രൂക്ഷതരമായിത്തീർന്നിരിക്കുന്നു. ആന്ധ്രാസംസ്ഥാനത്തിനുള്ളിൽ കിടക്കുന്ന യാനാം എന്ന ഫ്രഞ്ചിൻഡ്യൻ പ്രദേശം മുഴുവൻ ഇൻഡ്യൻ ലയനവാദികൾ ഫ്രഞ്ചുഭരണത്തിൽനിന്നും മോചിച്ചിരിക്കുന്നു. ഇതേത്തുടർന്നു് ഏതാനും സായുധഫ്രഞ്ചുസൈന്യം പോണ്ടിച്ചേരിയിൽ വന്നിറങ്ങിയിരിക്കുന്നതായും ഇൻഡ്യാഗവമ്മെൻറു് ഇതിൽ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുള്ളതായും റിപ്പോർട്ടുകളിൽ കാണുന്നു.

### ഇൻഡ്യയൊട്ടുക്കു് പൊതുഭൂനയം

ഭൂവുടമസംബന്ധിച്ചു കൃത്യമായ കണക്കുകളെടുക്കുവാൻ കേന്ദ്രഗവമ്മെൻറു് ഇൻഡ്യയിലെ എല്ലാസംസ്ഥാനങ്ങളോടും ആവശ്യപ്പെട്ടിരിക്കുന്നു. ഇൻഡ്യയൊട്ടുക്കു് ഒരു പൊതുഭൂനയം രൂപീകരിക്കുകയാണു് ഈ കണക്കെടുപ്പിന്റെ ഉദ്ദേശമെന്നറിയുന്നു.

## വിനോദവീഥി



"എന്റെ മോളിന്നത്തേക്കു കാളേജിലേക്കി കൊട കൊണ്ടു പോ. വിരുപ്പുകൊയ്യുമ്പോ കാലൊള്ള ഒരു കൊട മേടിച്ചുതരാം."

* * *

അദ്ധ്യാപകൻ:- നമ്മുടെ ഭാഷയിൽ നിങ്ങൾ കേട്ടിട്ടുള്ളതിൽ ഏററവും നീളം കൂടിയ "ഒരു വാക്കു" പറയാമോ?

ശിഷ്യൻ:- ഞാൻ പറയാം സാർ. നീണ്ട ഒരു പ്രസംഗം കേട്ടു എല്ലാവരും മുഷിഞ്ഞുകഴിയുമ്പോൾ "ഇതേപ്പററിക്കൂടി ഒരു വാക്കു പറഞ്ഞുകൊണ്ടു ഞാൻ സ്ഥലം വിട്ടുകൊള്ളാം" എന്നു പറയുന്നതിലുള്ള ആ "ഒരു വാക്കാ"ണു് ഞാൻ കേട്ടിട്ടുള്ളതിൽ നീളം കൂടിയ വാക്കു്.

* * *

വക്കീൽ:- (എലക്ട്രിക്കു് ഫിററരോടു്) എടോ, തന്നോടു ഇന്നലെ വന്നു ഈ കാളിങ്ങുമണി ഒന്നു ശരിപ്പെടുത്തിത്തരണമെന്നു പറഞ്ഞിരുന്നതല്ലേ? എനിക്കു കേസ്സു തരാൻ വന്ന എത്ര കക്ഷികൾ ഈ കുഴപ്പംകൊണ്ടു തമ്മിൽ കാണാൻ സാധിക്കാതെ മടങ്ങിപ്പോയി?

ഫിററർ:- ശരിയാണു സാർ, ഞാനും ഇന്നലെ ഇവിടെവന്നു കാൽമണിക്കൂർ മണിയടിച്ചു കാത്തുനിന്നു. സാറിനെ കാണാതിരുന്നതുകൊണ്ടു മടങ്ങിപ്പോയതാണു്.

* * *

വസ്തുവാങ്ങാൻ വന്നയാൾ:- സ്ഥലവും കെട്ടിടവും തരക്കേടില്ല. പക്ഷേ ഈ കെട്ടിടത്തിൽനിന്നുള്ള കാഴ്ചകൾ വളരെ മെച്ചമല്ല.

വസ്തുവുടമസ്ഥൻ:- എന്നാൽ പക്ഷെ നിങ്ങൾക്കു വീടല്ല ആവശ്യം. ഒരു ബസ്സു വാങ്ങുന്നതായിരിക്കും നല്ലതു്.


FOR FAVOURS RECEIVED



Excuse delay

J. P. THACHIL

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 || ERNAKULAM JUNE 23, 1954 || No. 42


# കത്തോലിക്കാ സാമൂഹ്യസേവനം

## II

"ആൾ ഇൻഡ്യാ സോഷ്യൽ കോൺഫറൻസി"ൻെറ എറണാകുളം സമ്മേളനത്തിൽ പാസ്സാക്കപ്പെട്ടതും നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമുള്ള ഇടവകകളിൽ സാമൂഹ്യോന്നമനാർത്ഥം നടപ്പാക്കേണ്ടതുമായ പദ്ധതികളാണല്ലോ ഒന്നും രണ്ടും പ്രമേയങ്ങളിൽ കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു്. തുടർന്നുള്ളവ താഴെ ചേർക്കുന്നു:-

### III തോട്ടങ്ങൾ സംബന്ധിച്ച ഇടവകകൾ

മലനാടു്, മലബാർ, പളനി, നീലഗിരി, ആസ്സാം മുതലായ തോട്ടപ്രദേശങ്ങളിൽ നിവസിക്കുന്ന കത്തോലിക്കരുടെ സുസ്ഥിതിയെ സംബന്ധിക്കുന്ന പ്രത്യേക പ്രശ്നങ്ങളെ ഈ കോൺഫറൻസു് മനസ്സിലാക്കുന്നു. അവർ പല തോട്ടങ്ങളിലായി ചിന്നിച്ചിതറിക്കിടക്കുന്നതുകൊണ്ടും, ഒരു ഇടവകകേന്ദ്രത്തിൽനിന്നു ബഹുദൂരം അകന്നിരിക്കുന്നതുകൊണ്ടും, താമസസൗകര്യമില്ലാത്തതുമൂലവും കാലാവസ്ഥകളെ നേരിടുന്നതിനുള്ള അപര്യാപ്തതമൂലവും വന്നുകൂടുന്ന സുഖക്കേടുകൾകൊണ്ടും, കുടുംബജീവിതത്തിനു വന്നുചേരുന്ന തകരാറുകൾകൊണ്ടും, വിദ്യാഭ്യാസത്തിനും വിജ്ഞാനസമ്പാദനത്തിനും സൗകര്യങ്ങളില്ലാത്തതുകൊണ്ടും ക്ലേശിക്കുന്ന അവരെപ്പററി ഈ കോൺഫറൻസു നിശ്ചയിക്കുന്നതായതു്:-

സമതലപ്രദേശങ്ങളിൽ സോഷ്യൽ സെൻററുകൾവഴി തോട്ടം തൊഴിലാളികൾ നടത്തുന്ന പ്രവർത്തനങ്ങളെപ്പററി മലംപ്രദേശങ്ങളിലുള്ള ഇടവകകൾക്കറിവുകൊടുക്കുകയും, അവരുടെ സംഖ്യയും ജോലിസ്ഥലവും സംബന്ധിച്ച അറിവുകൾ ശേഖരിക്കുകയും ചെയ്യുക;

അപ്രകാരമുള്ള ഒരു സോഷ്യൽ സെൻറർ ഒഴിവുദിവസങ്ങളിൽ തോട്ടങ്ങളിൽനിന്നു തൊഴിലാളിപ്രതിനിധികളെ ക്ഷണിച്ചുവരുത്തി സാമൂഹ്യമായ ഉന്നമനത്തെ സംബന്ധിച്ചും, കൂടുതൽ ശുചിത്വപരമായ ജീവിതത്തെക്കുറിച്ചും, പരസ്പരസഹായംവഴി അവരുടെ സാമ്പത്തികവും സാമൂഹ്യവുമായ നിലയെ ഉയർത്തുന്നതിനെ സംബന്ധിച്ചും അവരെ പഠിപ്പിക്കുകയും, അഭിലഷണീയമെങ്കിൽ കഴിവുള്ളിടത്തെല്ലാം തൊഴിലാളിയൂണിയനുകൾ സംഘടിപ്പിക്കുകയും ചെയ്യുക;

അവധികാലങ്ങളിൽ, കോളേജുകളിലും സെമ്മിനരികളിലുമുള്ള സാമൂഹ്യസേവനസംഘടനകൾ തോട്ടങ്ങൾ സന്ദർശിക്കുന്നതിനും ഇടവകസെൻററുകൾവഴി അവിടെ സമാരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും പ്രോത്സാഹിപ്പിക്കുക.

കഴിവുള്ളിടത്തെല്ലാം തോട്ടം തൊഴിലാളികൾക്കുവേണ്ടി സാമൂഹ്യപ്രവർത്തകന്മാർ "ഇൗ. എൽ. ആർ. ഒ." (Estate Labour Relations Organisation)വഴിക്കോ മററുതുപോലുള്ള സംഘടനകൾവഴിക്കോ ലഭിക്കാവുന്ന സേവനങ്ങൾ പ്രായോഗികമാക്കുക എന്നിവയാകുന്നു.

### IV തൊഴിലാളികളും ആദ്ധ്യാത്മികധ്യാനവും

കഴിവുള്ളിടത്തെല്ലാം തൊഴിലാളികൾക്കുവേണ്ടിയുള്ള വർഷാന്തഏകാന്തധ്യാനങ്ങൾ നടത്തപ്പെടണം. അതിൻെറ ലക്ഷ്യം ഒരു പൊതുപാപസങ്കീർത്തനം നടത്തുകയെന്നതു മാത്രമായിരിക്കരുതു്. അതിൽ ചേരുന്നവർക്കു് അവരുടെ അപ്പസ്തോലികമായ ദൈവവിളിയെപ്പററിയുള്ള ഉൽബോധനങ്ങൾ നൽകപ്പെടണം;

തൊഴിലാളികൾക്കായുള്ള ധ്യാനാവസരങ്ങളിൽ തൊഴിൽപരമായ അവരുടെ അവകാശങ്ങളേയും, കടമകളേയും തൊഴിലാളികളുടെയിടയിൽ ഉണ്ടാകേണ്ട യോജിപ്പിനേയും, പരസ്പരം ആചരിക്കേണ്ട പരസ്നേഹത്തിനടുത്ത കടമകളേയുംപററി പ്രത്യേകോൽബോധനങ്ങൾ അവർക്കു നൽകണം;

ധ്യാനഗുരുക്കന്മാർക്കുപയോഗത്തിനുള്ള നോട്ടുകളും ഉദ്ധരണികളും തയാറാക്കുന്നതിനും കഴിയുമെങ്കിൽ ഒരു ധ്യാനഗ്രന്ഥംതന്നെ ഉണ്ടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണു്. അവർക്കു് തൊഴിലാളികളുടെ പ്രത്യേകസാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കും അനുഗുണമായവിധത്തിൽ ധ്യാനങ്ങൾ നടത്തുന്നതിനു് ഒരുങ്ങുവാൻ ഇതു സഹായകമാകുന്നതാണു്.

### V മുതലാളികളുടെ സംഘടന

(മുതലാളി എന്ന സംജ്ഞകൊണ്ടു് ഇവിടെ വിവക്ഷിക്കുന്നതു കൂലി പററുന്ന തൊഴിലാളികളുമായി തൽസംബന്ധമായ കരാറുകളിൽ ഏർപ്പെടുന്ന എല്ലാ ഉടമകളേയുമാണു്. വ്യവസായത്തിലെ സ്റ്റാഫംഗങ്ങളായും മററും ഉള്ളവർ ഇതിൽ ഉൾപ്പെടുന്നില്ല. എന്നാൽ തൊഴിലാളികളുമായി കൂടുതൽ സമ്പർക്കം പുലർത്തുന്ന സ്റ്റാഫംഗങ്ങൾ സ്ഥാപനത്തിൻെറ സുസ്ഥിതിയെ പരിരക്ഷിക്കുന്ന സൗഹാർദ്ദത്തെ പുലർത്തുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.)

### A. മുതലാളിമാർ പൊതുവായും വ്യവസായ ഉടമകൾ പ്രത്യേകിച്ചും

പാവപ്പെട്ടവരുടെ സാമൂഹ്യോന്നമനാർത്ഥം എല്ലാ കത്തോലിക്കാ മുതലാളികളും ഒരു സാമൂഹ്യസേവനവിഭാഗം സംഘടിപ്പിക്കുന്നതിനു ശ്രദ്ധിക്കണം. ഒരു ദേശീയസംഘടനയായിട്ടും ഒരു അഖിലഭാരതസംഘടനയായിട്ടും ഉയർത്തത്തക്കവണ്ണം തല്ക്കാലം ഇടവകാടിസ്ഥാനത്തിൽ അതു സംയോജിപ്പിക്കപ്പെടാം. ഒരിടവകയിൽ ഇതിനാവശ്യമുള്ളത്ര ഘടകങ്ങൾ ഇല്ലാതിരിക്കുകയോ മറേറതെങ്കിലും കാരണത്താൽ ഇടവകസംഘടന അശക്യമായിരിക്കുകയോ ചെയ്യുകയാണെങ്കിൽ നിലവിലുള്ളതോ പുതുതായി ഉണ്ടാക്കപ്പെ[illegible]ആയ ഏതെങ്കിലും സാമൂഹ്യസേവനസംഘടനയിൽ അവർ ഭാഗഭാക്കാകേണ്ടതാണു്.

എല്ലാ കത്തോലിക്കാ മുതലാളികളും, പ്രത്യക്ഷമായോ പരോക്ഷമായോ തിരുസ്സഭയുടെ സാമൂഹ്യസിദ്ധാന്തങ്ങൾ അകത്തോലിക്കാ മുതലാളികളെക്കൂടി മനസ്സിലാക്കത്തക്കവണ്ണം, സുസംഘടിതമായ ഏതെങ്കിലും മുതലാളീസംഘടനകളിൽ ചേരുന്നതിനു ശ്രമിക്കണം. കത്തോലിക്കാ മുതലാളികളെ അവരുടെ കർത്തവ്യങ്ങളെപ്പററി ഉൽബുദ്ധരാക്കുന്നതിനു അവർതന്നെ പ്രസംഗയോഗങ്ങളും പഠനക്കളരികളും സംഘടിപ്പിച്ചു നടത്തുകയും ലക്ഷ്യത്തിനു തകുന്നവിധത്തിൽ പ്രത്യേക ധ്യാനങ്ങൾ ഏർപ്പാടുചെയ്യുകയും വേണം.

തൊഴിലാളികൾക്കും പാവപ്പെട്ടവർക്കുംവേണ്ടി പ്രത്യേകിച്ചു വലിയ നഗരങ്ങളിലും വൃത്തിഹീനമായ പ്രദേശങ്ങളിലും താമസസൗകര്യങ്ങൾ പ്ലാൻചെയ്തുണ്ടാക്കുന്നതിനു കത്തോലിക്കാ മുതലാളികൾ സംഘടിതമായ ശ്രമം നടത്തണം. ഓരോ കുടുംബത്തിനും പ്രത്യേകംപ്രത്യേകം വീടുകൾ ഉണ്ടാക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യങ്ങളിൽ കുറഞ്ഞ വാടകയ്ക്കു ലഭ്യമാകത്തക്കവണ്ണം സൗകര്യമായ മുറികളുള്ള കെട്ടിടങ്ങൾ നിർമ്മിക്കണം.

സാമൂഹ്യസേവന സെൻറർവഴി തയാറാക്കപ്പെടുന്ന ഇടവകസ്ഥിതിവിവരങ്ങളിൽനിന്നു അതതു സ്ഥലങ്ങളിലുള്ള യോഗ്യരായ പാവപ്പെട്ട യുവജനങ്ങളെ കണ്ടുപിടിക്കുകയും കത്തോലിക്കാ മുതലാളികൾ അവരുടെ സ്വന്തം സ്ഥാപനങ്ങളിലോ അവരുടെ ശുപാർശമൂലം ഏർപ്പെടുത്തപ്പെടാവുന്ന മററു സ്ഥാപനങ്ങളിലോ അവരെ ചേർത്തു അവർക്കു സാങ്കേതികമായ ഉപരിപരിശീലനം നൽകുന്നതിനു ശ്രദ്ധിക്കുകയും വേണം.

### B. കച്ചവട വാണിജ്യങ്ങളിലെ നേതൃത്വം

വ്യവസായികളെ കൂടാതെ, കച്ചവടപരമായും വാണിജ്യസംബന്ധമായും ഉള്ള വിവിധ പ്രസ്ഥാനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വളരെ കത്തോലിക്കാ മുതലാളികളുണ്ടു്. അവരുടെ കീഴിൽ ഉയർന്നതും താണതുമായ വിവിധ ഗ്രേഡുകളിൽ അസംഖ്യം തൊഴിലാളികളുമുണ്ടു്. അവരുടെ പ്രത്യേകതരമായ പ്രവർത്തനങ്ങളേയും സാഹചര്യങ്ങളേയും പരിഗണിച്ചു കോൺഫറൻസു നിശ്ചയിക്കുന്നതായതു്:

വ്യവസായ മുതലാളികളെപ്പോലെ കച്ചവടവാണിജ്യമുതലാളികളേയും അവരുടെ വിവിധ ഏർപ്പാടുകൾക്കനുസരിച്ചു പ്രത്യേകം പ്രത്യേകം സംഘടിപ്പിക്കുകയും പഠനക്കളരികൾവഴിക്കും ധ്യാനയോഗങ്ങൾവഴിയും അവരുടെ കടമകളേയും കർത്തവ്യങ്ങളേയും അവരെ മനസ്സിലാക്കുകയും ചെയ്യേണ്ടതാണു്.

പ്രത്യേകിച്ചും ലാഭത്തെപ്പററിയുള്ള പരിഗണന, പററുപടിക്കാരോടുള്ള കർത്തവ്യം, ശമ്പളം സംബന്ധിച്ചും, താമസസൗകര്യം വൈദ്യസഹായം വാർദ്ധക്യസംരക്ഷണം മുതലായ ആനുകൂല്യങ്ങൾ സംബന്ധിച്ചും തൊഴിലാളികളോടു അവർക്കുള്ള ബാദ്ധ്യത എന്നിവയെപ്പററി സാമൂഹ്യനീതി ആവശ്യപ്പെടുന്ന തത്വങ്ങളെ അവരെ പഠിപ്പിക്കണം.

അവർ വ്യവസായികളോടു സഹകരിച്ചു വ്യവസായസ്ഥാപനങ്ങൾ സമാരംഭിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും യോഗ്യന്മാരായ യുവാക്കന്മാരെ സാങ്കേതികപരിജ്ഞാനത്തിലും വ്യാവസായികവും വാണിജ്യപരവുമായ തുറകളിലും പരിശീലിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കപ്പെടണം.

ഈ തീരുമാനങ്ങൾ പ്രായോഗികമാക്കുന്നതിനു് ഭാരതത്തിലുള്ള കത്തോലിക്കരായ ബിസ്സിനസ്സുകാരുടെ ഒരു ഡിറക്ടറി പ്രസിദ്ധീകരിക്കുന്നതു ഏററം അഭിലഷണീയമായിരിക്കും. അതു പ്രസിദ്ധീകരിക്കുന്നതിനു വേണ്ടതു പ്രവർത്തിക്കുവാൻ പൂനായിലുള്ള സോഷ്യൽ ഇൻസ്റ്റിററ്യൂട്ടിനോടു അഭ്യർത്ഥിച്ചുകൊള്ളുന്നു.

### C. സഭാമാനേജുമെൻറു സ്ഥാപനങ്ങളിലെ തൊഴിലാളികൾ

ശമ്പളക്കാരെയും വീട്ടുജോലിക്കാരെയും മററിതുപോലുള്ള തൊഴിലാളികളേയും ഏർപ്പെടുത്തുന്ന സഭാമാനേജുമെൻറുകളും സന്യാസസ്ഥാപനങ്ങളും മററു സംഘടനകളും, അവർക്കു മാന്യമായശമ്പളവും താമസസൗകര്യം, വൈദ്യസഹായം, വാർദ്ധക്യസംരക്ഷണം മുതലായ ആനുകൂല്യങ്ങളും പരിശുദ്ധമാർപ്പാപ്പാമാരുടെ ചാക്രികലേഖനങ്ങളിൽ നൽകിയിട്ടുള്ള ഉൽബോധനങ്ങൾക്കനുസരിച്ചു് നൽകുന്നതിനു നിർബന്ധിക്കപ്പെടണമെന്നും, തൊഴിലാളികളോടുള്ള മാതൃകാപരമായ ഈ പെരുമാററം കത്തോലിക്കാ സാമൂഹ്യസിദ്ധാന്തത്തിൻെറ പ്രയോഗത്തിൽ ഒരു മാതൃകയായിരിക്കണമെന്നും ഈ കോൺഫറൻസു തീരുമാനിക്കുന്നു.

### VI ഭൂവുടമകളും ഭൂദാനപ്രസ്ഥാനവും

ഇന്ത്യയിലെ ബൃഹത്തായ കർഷകപ്രശ്നത്തെ പരിഗണിച്ചു കോൺഫറൻസു നിശ്ചയിക്കുന്നതിപ്രകാരമാണു്:

കൈവശക്കാർ വഴിക്കോ കർഷക തൊഴിലാളികളെക്കൊണ്ടോ അവരുടെ ഭൂമികൾ കൃഷിചെയ്യിക്കുന്ന കത്തോലിക്കാ ഭൂവുടമകൾ മററു മുതലാളികളെപ്പോലെതന്നെ അവരുടെ കർത്തവ്യങ്ങളേയും ഉത്തരവാദിത്വത്തേയുംപററി ഉൽബോധിപ്പിക്കപ്പെടണം.

പ്രത്യേകിച്ചും, ഭക്ഷ്യോല്പാദനവർദ്ധനവുസംബന്ധിച്ചും, ഭൂമിയുടെ കൈവശാവകാശം ന്യായമായ പാട്ടം മുതലായവയിൽ ആശ്രിതർക്കുള്ള ആനുകൂല്യങ്ങളുടെ സുരക്ഷിതത്വത്തെ സംബന്ധിച്ചും ഗവർമ്മേണ്ടുകൾ നടപ്പാക്കുന്ന പദ്ധതികളോടു പൂർണ്ണമായി സഹകരിക്കുന്നതിനും, ചെറുസമ്പാദ്യങ്ങൾവഴി ആശ്രിതരേയും ചുരുങ്ങിയ ഒരു ഭൂമിയുടെയെങ്കിലുംഉടമയാക്കിത്തീർക്കുന്നതിനും ഭൂവുടമകൾ പ്രേരിപ്പിക്കപ്പെടണം. കർഷകരെ, പ്രത്യേകിച്ചും കത്തോലിക്കരായ കർഷകരെ മാതൃകാപരമായ വില്ലേജുകളിലായോ കോളനി പദ്ധതികളനുസരിച്ചോ സ്വകാര്യഉടമ സിദ്ധാന്താനുസരണം നിവസിപ്പിക്കത്തക്കവണ്ണം കൃഷിക്കുപയുക്തമായ ഭൂഭാഗങ്ങൾ ലഭിക്കാവുന്ന മാർഗ്ഗങ്ങളെപ്പററി വൈദികാധികാരികൾവഴിക്കോ മറേറതെങ്കിലും കത്തോലിക്കാ ഏജൻസികൾവഴിക്കോ അന്വേഷണം നടത്തേണ്ടതും, അപ്രകാരം ലഭ്യമാകുന്ന ഭൂമിയെപ്പററി അതതുസ്ഥലത്തെ വൈദികാധികാരികളെ അറിയിച്ചു അവിടങ്ങളിലെ ഭൂദൗർലഭ്യത്തിനു പരിഹാരം വരത്തക്കവണ്ണം കത്തോലിക്കാ കുടുംബങ്ങളെ അവയിൽ പ്രവേശിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ടാക്കേണ്ടതുമാണു്.

നിലവിലിരിക്കുന്ന ഭൂദാനപ്രസ്ഥാനം കത്തോലിക്കാ ആദർശത്തിനനുസരിച്ചുള്ള ഭൂവിതരണനിയമങ്ങളാണു് അംഗീകരിക്കുന്നതെങ്കിൽ, കത്തോലിക്കാ ഭൂവുടമകളും ആ പ്രസ്ഥാനത്തിൽ സഹകരിച്ചു അവരുടെ ഭൂമികളിൽനിന്നും സ്വമനസ്സാ സ്ഥലങ്ങൾ വിട്ടുകൊടുക്കുന്നതിനു പ്രേരിപ്പിക്കപ്പെടേണ്ടതാണു്.

ഇതുസംബന്ധിച്ചു്, ഭൂവിതരണം എങ്ങിനെയാണു് നടത്തപ്പെടുവാൻ ഉദ്ദേശിക്കുന്നതെന്നു് അതിൻെറ ഔദ്യോഗികകേന്ദ്രങ്ങളിൽനിന്നു വേണ്ട വിവരങ്ങൾ ആരാഞ്ഞറിയേണ്ടതാണു്.

(തുടരും)

# പ്രസാധകക്കുറിപ്പുകൾ

## മുഖ്യമന്ത്രി ചില കത്തോലിക്കാ ബിഷപ്പന്മാരോടു്?

"കത്തോലിക്കാ സമുദായത്തിൽപ്പെട്ട കമ്മ്യൂണിസ്റ്റു് പ്രവർത്തകർക്കും അവരുടെ ബന്ധുക്കൾക്കും മതപരമായ ആനുകൂല്യങ്ങളും പരിഗണനകളും നിഷേധിക്കുന്നതു നല്ലതല്ലെന്നു് മുഖ്യമന്ത്രി ശ്രീ പട്ടംതാണുപിള്ള സംസ്ഥാനത്തെ ചില കത്തോലിക്കാ ബിഷപ്പന്മാരെ അറിയിച്ചിട്ടുള്ളതായി" വലിയ അക്ഷരത്തിൽ തലക്കെട്ടുകൊടുത്തു് കേരളകൗമുദിയുടെ സ്വന്തം ലേഖകൻെറ ഒരു റിപ്പോർട്ടു് ആ പത്രത്തിൽ കാണുകയുണ്ടായി. "ഗവമ്മെൻറിനു് ഇടപെടാൻ കഴിഞ്ഞില്ലെങ്കിലും സഹോദരസ്നേഹത്തോടും സൗഹാർദ്ദമനോഭാവത്തോടും കൂടി കത്തോലിക്കാബിഷപ്പന്മാരെ ഇത്തരം പെരുമാററങ്ങളിൽനിന്നും പിൻതിരിപ്പിക്കാൻ ശ്രമിക്കണമെന്നു് ഇൻഡ്യൻ പ്രധാനമന്ത്രി സംസ്ഥാനമുഖ്യമന്ത്രിയോടു് അപേക്ഷിച്ചിട്ടുണ്ടു്. തുടരെത്തുടരെ ഗവമ്മെൻറിനു ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും, ഇൻഡ്യൻ പ്രധാനമന്ത്രിയുടെ അപേക്ഷയെ ആദരിച്ചുമാണു് മുഖ്യമന്ത്രി ചില ബിഷപ്പന്മാരോടു് വ്യക്തിപരമായ നിലയിൽ അപേക്ഷിച്ചിട്ടുള്ളതു് എന്നറിയുന്നു" എന്നും ലേഖകൻെറ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്.

ഈ റിപ്പോർട്ടിനെ ആധാരമാക്കി പിറേറദിവസത്തെ ലക്കത്തിൽ കൗമുദി "കത്തോലിക്കാ സഭയും രാഷ്ട്രീയകാര്യങ്ങളും" എന്ന ശീർഷകത്തിൽ ഒരു മുഖപ്രസംഗം എഴുതുകയുണ്ടായി. അതു് ഉപസംഹരിക്കുന്നതിങ്ങനെയാണു്. "ചില കമ്മ്യൂണിസ്റ്റുകൾക്കോ അവരുടെ ബന്ധുക്കൾക്കോ മതപരമായ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു എന്നുള്ളതു്, ഈ പ്രശ്നത്തിൻെറ അപ്രധാനമായ ഒരു വശംമാത്രമാണു്. ഇൻഡ്യയുടെ സ്വതന്ത്രമായ നിലനില്പിനേയും അനിയന്ത്രിതമായ പുരോഗതിയേയും ബാധിക്കുന്ന ഒരു പ്രശ്നമെന്ന നിലയിലാണു് ഇതിനെ നെടുവും പട്ടവും വീക്ഷിക്കേണ്ടതു്. മതാധികാരികൾ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നതിനെ തടഞ്ഞുകൊണ്ടു് നിയമനിർമ്മാണം നടത്തുവാൻപോലും ഗവമ്മെൻറുകൾ മടിക്കേണ്ടതില്ലെന്നാണു ഞങ്ങളുടെ അഭിപ്രായം."

മതാധികാരികൾ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നതിനെ തടഞ്ഞുകൊണ്ടുള്ള നിയമം കത്തോലിക്കാസഭയിൽത്തന്നെ നിലവിലുണ്ടു്. അതുകയാൽ കൗമുദിയുടെ അഭിപ്രായത്തിൻെറ യഥാർത്ഥമായ അർത്ഥം, രാഷ്ട്രീയാധികാരികൾ കത്തോലിക്കാമതകാര്യങ്ങളിൽ ഇടപെടുന്നതി

നെ സാധൂകരിക്കുന്ന നിയമനിർമ്മാണം നടത്തുവാൻ ഗവണ്മെൻറുകൾ മടിക്കേണ്ടതില്ലെന്നാണ്. കൗമുദിക്ക് ഇഷ്ടപ്പെടുന്ന കമ്മ്യൂണിസ്റ്റ് ഗവണ്മെൻറുകൾ അങ്ങനെ ചെയ്യുന്നുണ്ടല്ലോ. അതിൻെറ റിപ്പോർട്ടുകൾ ആ പത്രത്തിൽ കാണുന്നുമുണ്ട്.

## മതപരമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് രാഷ്ട്രീയകാര്യമല്ല

നമ്മുടെ മുഖ്യമന്ത്രി ചില കത്തോലിക്കാബിഷപ്പന്മാരെ മേല്പറഞ്ഞവിധം അറിയിച്ചിട്ടുണ്ടോ എന്നും, അങ്ങനെ അറിയിക്കണമെന്ന് അദ്ദേഹത്തോട് ഇൻഡ്യൻ പ്രധാനമന്ത്രി അപേക്ഷിച്ചിട്ടുണ്ടോ എന്നും ഞങ്ങൾക്കറിഞ്ഞുകൂടാ. അങ്ങനെ സംഭവിക്കാൻ ഇടയില്ലെന്നാണ് നമ്മുടെ മുഖ്യമന്ത്രിയുടേയും ഇൻഡ്യൻ പ്രധാനമന്ത്രിയുടേയും നീതിബോധത്തിലും ഔചിത്യബോധത്തിലുംനിന്ന് അനുമാനിക്കാൻ ഞങ്ങൾ ന്യായം കാണുന്നത്. കത്തോലിക്കാസഭ നിശ്ചിതങ്ങളായ ചില വിശ്വാസസത്യങ്ങളും ചില സന്മാർഗ്ഗപ്രമാണങ്ങളും സ്വീകരിക്കുന്നതും പഠിപ്പിക്കുന്നതുമായ ഒരു സംഘടനയാണ്. ആ സത്യങ്ങൾ വിശ്വസിക്കുവാനും ആ പ്രമാണങ്ങൾ അനുഷ്ഠിക്കുവാനും സഭ ഒരു മനുഷ്യനേയും ഒരു വിധത്തിലും നിർബന്ധിക്കുന്നില്ല. സ്വമനസ്സാ അവ വിശ്വസിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നവർക്കു മാത്രമേ ആ സഭയിൽ സ്ഥാനമുള്ളൂ. ആ സഭയിലെ ആനുകൂല്യങ്ങൾ കൈക്കൊള്ളുവാൻ അവകാശമുള്ളൂ. കമ്മ്യൂണിസ്റ്റ് പ്രവർത്തകരും പ്രവർത്തനങ്ങളിൽ സഹകരിക്കുന്നവരും പ്രസ്തുതതത്വങ്ങൾ വിശ്വസിക്കുകയും പ്രമാണങ്ങൾ അനുഷ്ഠിക്കുകയും ചെയ്യാത്തവരാണെന്നോ, കുറഞ്ഞപക്ഷം മതപരമായ ആനുകൂല്യങ്ങൾ കൈക്കൊള്ളുവാൻ ആവശ്യകമായ മനസ്ഥിതി ഇല്ലാത്തവരാണെന്നോ കണ്ടാൽ അവർക്കു പ്രസ്തുത ആനുകൂല്യങ്ങൾ നിഷേധിക്കുവാൻ സഭയ്ക്ക് അവകാശമുണ്ടെന്നുമാത്രമല്ല, നിഷേധിക്കേണ്ടതു് സഭയുടെ അനുപേക്ഷണീയകർത്തവ്യവുമാകുന്നു. പ്രസ്തുതാവകാശവും കർത്തവ്യവും സഭയുടെ മതപരമായ സ്വഭാവത്തിൽ ഉൾപ്പെട്ടതാണ്. ആകയാൽ മതപരമായ ആനുകൂല്യങ്ങൾ കൈക്കൊള്ളുവാൻ ഏതെങ്കിലും പ്രകാരത്തിൽ അയോഗ്യരായവർക്ക് അവ നൽകിക്കൊള്ളണമെന്ന് നിർബന്ധിക്കുന്ന ഒരു നിയമം രാഷ്ട്രീയാധികാരികൾ ഏർപ്പെടുത്തിയാൽ അതു് തികച്ചും മതപരമായ കാര്യങ്ങളിൽ രാഷ്ട്രീയാധികാരികൾ കൈകടത്തുന്ന പ്രവൃത്തിയായിരിക്കും. ഇൻഡ്യ മതേതരരാഷ്ട്രമാണെന്നു് ഭരണഘടന സമ്മതിച്ചിട്ടുള്ളതിനാൽ ആ കൈകടത്തൽ സ്വാഭാവികനീതിക്കും സ്വാതന്ത്ര്യത്തിനും മാത്രമല്ല, ഭരണഘടനയ്ക്കുതന്നെയും കടകവിരുദ്ധമായിരിക്കും.

മതേതരരാഷ്ട്രത്തിൽ മതാധികാരികൾ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെട്ടുകൂടാത്തതാണ്, ശരിതന്നെ. കത്തോലിക്കാസഭ ആ തത്വം സിദ്ധാന്തപരമായും പ്രായോഗികമായും എന്നും എവിടെയും അംഗീകരിച്ചുപോരുന്നു. തന്മൂലം തനിരാഷ്ട്രീയമായ പാർട്ടികളുടെ തനിരാഷ്ട്രീയമായ പ്രവർത്തനങ്ങളിൽ കത്തോലിക്കാ മതാധികാരികൾ കത്തോലിക്കർക്ക് സർവ്വസ്വാതന്ത്ര്യവും അനുവദിച്ചുകൊണ്ടാണിരിക്കുന്നതു്. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടി തനി രാഷ്ട്രീയപാർട്ടി അല്ല. അതിൻെറ പ്രവർത്തനങ്ങളെല്ലാം തനി രാഷ്ട്രീയങ്ങളല്ല. ആ പാർട്ടിയുടെ ആദർശങ്ങളിലും പ്രവർത്തനങ്ങളിലും കത്തോലിക്കാസഭയുടെ വിശ്വാസത്തിനും സന്മാർഗ്ഗത്തിനും വിപരീതങ്ങളായ വശങ്ങളുണ്ട്. അക്കാരണത്താൽ പ്രസ്തുത ആദർശങ്ങളും പ്രവർത്തനങ്ങളും നിഷിദ്ധങ്ങളാണെന്നാണ് സഭ കത്തോലിക്കരെ ഉദ്‌ബോധിപ്പിക്കുന്നതു്. ആ ഉദ്‌ബോധനം സ്വീകരിക്കാത്തവർ സഭയുടെ മതപരമായ ആനുകൂല്യങ്ങൾ കൈക്കൊള്ളാൻ സ്വയം അയോഗ്യരാകുന്നു. ആകയാൽ മതേതരരാഷ്ട്രത്തിൻെറ പേരു പറഞ്ഞു്, രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നു എന്നു പറഞ്ഞു്, കമ്മ്യൂണിസ്റ്റ് പ്രവർത്തകർക്കു മതപരമായ ആനുകൂല്യങ്ങൾ നൽകണമെന്നു കത്തോലിക്കാബിഷപ്പന്മാരോടു് നമ്മുടെ മുഖ്യമന്ത്രിയോ പ്രധാനമന്ത്രിയോ ആവശ്യപ്പെടുകയോ അപേക്ഷിക്കുകയോ ചെയ്യുമെന്ന് ഊഹിക്കാൻപോലും സാദ്ധ്യമല്ല. സകല രാഷ്ട്രീയപാർട്ടികളും അച്ചടക്കത്തിൻെറപേരിൽ അംഗങ്ങളുടെമേൽ എടുക്കുന്ന നടപടികളിൽ കവിഞ്ഞൊന്നുമില്ല കത്തോലിക്കാമതാധികാരികളുടെ ഈ സൗജന്യനിഷേധത്തിലെന്ന് ആർക്കാണറിഞ്ഞുകൂടാത്തതു്?

* * *

## വിദേശസഹായത്താൽ ഇൻഡ്യയുടെ ഉല്പാദനം വർദ്ധിച്ചു

ഇൻഡ്യയ്ക്കു് പല മാർഗ്ഗങ്ങളിൽക്കൂടി വിദേശരാജ്യങ്ങളിൽനിന്നുമുള്ള സഹായങ്ങൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. അമേരിക്കൻ സാങ്കേതികസഹകരണസംരംഭത്തിൽനിന്നു് കഴിഞ്ഞ മൂന്നുവർഷങ്ങളിൽ 18 കോടി 90 ലക്ഷം ഡോളർ ലഭിച്ചു. സർവ്വരാജ്യസംഘടനയുടെ ഏജൻസികളിൽനിന്നു് കഴിഞ്ഞ രണ്ടു വർഷത്തിൽ 65 ലക്ഷം ഡോളർ ലഭിച്ചു. ഫോർഡ്ഫൗണ്ടേഷൻ, റോക്ക്ഫെല്ലർഫൗണ്ടേഷൻ മുതലായ പ്രൈവറ്റ് ഏജൻസികളുടെ സഹായവും സുലഭമായി ലഭിച്ചിട്ടുണ്ട്. കൂടാതെ കോമൺവെൽത്തു രാജ്യങ്ങളുൾപ്പെട്ട കൊളംബൊ പ്ലാനിൻെറ സഹായസഹകരണങ്ങളും ലഭിക്കുന്നുണ്ട്. ഇതിൻെറയെല്ലാം ഫലമായി ഇൻഡ്യയുടെ ഭക്ഷ്യോല്പാദനത്തിൽ 50 ലക്ഷം ടൺ വർദ്ധിച്ചു. 35 ലക്ഷം ഏക്കർ സ്ഥലം പുതിയ വിളഭൂമിയായിത്തീർന്നു. വളോല്പാദനം 1951-52-ൽ 35000 ടണ്ണായിരുന്നതു് 1952-53-ൽ 2 ലക്ഷത്തി 30 നായിരമായി വർദ്ധിച്ചു. വിദ്യുച്ഛക്തിയുടെ വർദ്ധനവു് 3 ലക്ഷത്തി 15 ആയിരം കിലോവാട്ട്സാണ്. 3 കപ്പലുകൾ വിശാഖപട്ടണത്തിൽനിന്നുതന്നെ പണിതിറക്കി. 90 തീവണ്ടിയന്ത്രങ്ങൾ ചിത്തരഞ്ജൻ വ്യവസായശാലയിൽ നിർമ്മിച്ചു. പഞ്ചവത്സരപദ്ധതിക്കു് നാട്ടിൽനിന്നുതന്നെ ഏതാണ്ടു് 450 കോടി ഡോളർ ഉണ്ടാക്കാനാണ് ഇൻഡ്യയുടെ സ്വാശ്രയബുദ്ധി പരിശ്രമിക്കുന്നതു്. എന്നിരുന്നാലും അമേരിക്കയുടെ മേൽവിവരിച്ച സഹകരണങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇൻഡ്യ സാമ്പത്തികമായി ഇതിനകം ഇത്രമേൽ പുരോഗമിക്കുമായിരുന്നോ? വിദേശസഹായം ഇൻഡ്യക്കാവശ്യമാണെന്നു് കേന്ദ്രധനകാര്യമന്ത്രി ശ്രീ ദേശമുഖ് ഇതിനു പല അവസരങ്ങളിലും പ്രസ്താവിച്ചതു് എത്ര വാസ്തവം. അമേരിക്കയുടെയും മററും സഹായം വാങ്ങരുതെന്നു് ശഠിക്കുന്നവർ ഇൻഡ്യയിൽ പുരോഗതിയുണ്ടാകരുതെന്നും, ദാരിദ്ര്യവും കുഴപ്പവുംനിമിത്തം വിപ്ലവമുണ്ടാകണമെന്നും ആഗ്രഹിക്കുന്നവരാണ്, സംശയമില്ല.

* * *

## അമേരിക്ക എന്തിനു് ഇൻഡ്യയെ സഹായിക്കുന്നു?

ഇന്ത്യയിലെ അമേരിക്കൻ സ്ഥാനപതിയായ മി. അല്ലൻ ഈയിടെ കല്ക്കട്ടായിൽ റോട്ടറി ക്ലബ്ബിൽവച്ചു് അമേരിക്ക ഇന്ത്യക്കു നൽകുന്ന സാമ്പത്തികസഹായത്തിൻെറ കാരണം വിശദീകരിക്കുകയുണ്ടായി.

ഇന്ത്യയുടെ വിദേശനയത്തെപ്പററി ഇൻഡ്യാഗവർമ്മെൻറും അമേരിക്കൻ ഗവർമ്മെൻറും അഭിപ്രായവ്യത്യാസത്തിലാണിരിക്കുന്നതെങ്കിലും ഇന്ത്യക്കു നൽകിക്കൊണ്ടിരുന്ന സാമ്പത്തികസഹായത്തിനു കോട്ടമോ ലോപമോ വരുത്തരുതെന്നു് അമേരിക്കൻ കോൺഗ്രസ്സിനോടു് ശുപാർശ ചെയ്യുവാൻ മി. അല്ലൻ പോയിരുന്നു. ശുപാർശയ്ക്കു് ഉപോൽബലകമായി താൻ ചൂണ്ടിക്കാണിച്ച ന്യായങ്ങളെയാണ് അദ്ദേഹം വിശദീകരിച്ചതു്. ആ ന്യായങ്ങൾ ഇങ്ങനെ സംക്ഷേപിക്കാം:-

അധഃസ്ഥിതരായ രാജ്യങ്ങളിൽ ജീവിതമാനദണ്ഡം ഉയരുന്നതു അമേരിക്കയുടെതന്നെ താല്പര്യത്തിനു് ആവശ്യകമാണ്. ഈ അധഃസ്ഥിതി ലോകമഹായുദ്ധങ്ങൾക്കുപോലും ഇടയാക്കുന്ന അസൂയവിദ്വേഷാദികൾ സൃഷ്ടിച്ചുവിടുന്നു. അനുവദിക്കുന്ന പണം ഒരു പൈപോലും കളയാതെ ഇന്ത്യ ശരിക്കുപയോഗിക്കുന്നുണ്ടു്. ഇന്ത്യ വളരെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അമേരിക്കയുടെ ഈ സഹായദാനവും കമ്മ്യൂണിസവും തമ്മിൽ ബന്ധമൊന്നുമില്ല. ലോകത്തിൽ ഒരൊററ കമ്മ്യൂണിസ്റ്റുപോലും ഇല്ലായിരുന്നെങ്കിലും ഈ സഹായത്തിനു് ഇന്നുള്ള ന്യായങ്ങൾ അപ്പോഴും ഉറച്ച ന്യായങ്ങളായിരിക്കും. ഇന്ത്യയിൽ കമ്മ്യൂണിസത്തെ എതിർക്കേണ്ടതു അമേരിക്കരല്ല. അതു ഇന്ത്യക്കാരുടെ ചുമതലയാണ്. ദീർഘമായ രാഷ്ട്രീയസമരം നടത്തി സ്വാതന്ത്ര്യം നേടിയവരാണു് ഇന്ത്യയെ ഇന്നു ഭരിക്കുന്നവർ. സമരപരിപാടിയോടൊപ്പം ഒരു സാമൂഹ്യസാമ്പത്തികപരിപാടിയും അവർക്കുണ്ടായിരുന്നു. ആ പരിപാടിയിൽപ്പെട്ട ഘട്ടങ്ങളുടെ സഫലീകരണമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതു്. അതിനവർക്കു സാദ്ധ്യമല്ലെന്നുവന്നാൽ, എല്ലാം പൊന്നാക്കിത്തരാമെന്നു പറഞ്ഞുവരുന്നവരെ ഇന്ത്യയിലെ ജനങ്ങൾ ചെവിക്കൊള്ളാൻ തുടങ്ങും. ആകയാൽ ഇന്നത്തെ ഇന്ത്യാഗവർമെൻറിനു സാമ്പത്തികസഹായം നൽകേണ്ടതു് വളരെ ആവശ്യകമാകുന്നു.

അമേരിക്ക ഇന്ത്യക്കു നൽകുന്ന സഹായത്തിൻെറ പിന്നിൽ സ്വാർത്ഥമാത്രമായ ഉദ്ദേശമാണുള്ളതെന്നും ആ സഹായസ്വീകരണം ഇന്ത്യയെ അമേരിക്കയുടെ അടിമയാക്കുമെന്നുമുള്ള വ്യാഖ്യാനം എത്ര അയഥാർത്ഥവും അബദ്ധവുമാണെന്നു് നിഷ്പക്ഷബുദ്ധികൾ സമ്മതിച്ചേ മതിയാവൂ.

---

സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യക്കുപുറമെ " 8—12—0





## ഈശോയുടെ തിരുഹൃദയത്തിരുനാൾ

(സുവിശേഷം—യോഹന്നാൻ 19; 31-35)


"വെള്ളിയാഴ്ചയായിരുന്നതുകൊണ്ടു്, ശാബതം പ്രകാശിക്കുന്നതിനാൽ ഈ ശരീരങ്ങൾ അവയുടെ കുരിശുകളിൽ രാത്രി കിടക്കരുതെന്നു് യൂദന്മാർ പറഞ്ഞു. എന്തെന്നാൽ ആ ശാബതദിനം വലിയ ദിവസമായിരുന്നു. തൻമൂലം കുരിശിൽ തറയ്ക്കപ്പെട്ടവരുടെ കണങ്കാലുകൾ തകർത്തു് അവരെ ഇറക്കണം എന്നു പീലാത്തോസിനോടു് അവർ അപേക്ഷിച്ചു.

ആകയാൽ പടയാളികൾ വന്നു് ഒന്നാമത്തവൻെറയും അവ



ഈശോയുടെ ദിവ്യകാരുണ്യഹൃദയം

നോടുകൂടി കുരിശിൽ തറയ്ക്കപ്പെട്ട മററവൻേറയും കണങ്കാലുകൾ തകർത്തു. അവർ ഈശോയുടെ അടുക്കൽ വന്നപ്പോൾ അവിടുന്നു പണ്ടേതന്നെ മരിച്ചുപോയിരിക്കുന്നുവെന്നുകണ്ടതിനാൽ അവിടുത്തെ കണങ്കാലുകൾ അവർ തകർത്തില്ല. എങ്കിലും പടയാളികളിൽ ഒരുത്തൻ കുന്തംകൊണ്ടു് അവിടുത്തെ വിലാപ്പുറത്തു കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. (ഇതു) കണ്ടവൻ സാക്ഷ്യ



കുന്തത്താൽ കുത്തിത്തുറക്കപ്പെട്ട ഹൃദയം

പ്പെടുത്തിയിരിക്കുന്നു. അവൻെറ സാക്ഷ്യം സത്യമാകുന്നു. നിങ്ങളും വിശ്വസിക്കേണ്ടതിനു് താൻ സത്യംപറഞ്ഞു എന്നു് അവൻ അറിയുകയും ചെയ്യുന്നു."

### സംഭാഷണം

പിതാവു്:- ഇന്നു ഈശോയുടെ തിരുഹൃദയത്തിരുനാളാണല്ലോ. തിരുഹൃദയഭക്തിയിൽ പ്രധാനമായി നമ്മുടെ ശ്രദ്ധയ്ക്കു വിഷയമാകുന്ന സംഗതി എന്താണെന്നു നിങ്ങൾ പറയാമോ?

ജോണി:-ഈശോ നമ്മേയും നമ്മുടെ കുടുംബത്തേയും അനുഗ്രഹിക്കുന്നു, അല്ലേ, അപ്പച്ചാ?

മേരി:-ഈശോയുടെ കരുണ. അവിടുന്നു നമ്മുടെ പാപങ്ങൾ പൊറുക്കുന്നു. അതാണ്.

ലൂസി:-അല്ല, അപ്പച്ചാ, ഇന്നു വികാരിഅച്ചൻ പ്രസംഗത്തിൽ പറഞ്ഞതു് തിരുഹൃദയം ഈശോയുടെ സ്നേഹത്തെ പ്രത്യക്ഷമാക്കുന്നു എന്നാണ്.

പിതാവു്:- അതെ, അതാണ് തിരുഹൃദയഭക്തിയുടെ കാതലായ തത്വം. കുഞ്ഞുങ്ങളേ, നിങ്ങൾ പള്ളിയിലെ പ്രസംഗം ശ്രദ്ധിച്ചു മനസ്സിലാക്കണം. ലൂസി ഇന്നു ശ്രദ്ധയായി പ്രസംഗം കേട്ടു. തിരുഹൃദയം ഈശോയുടെ സ്നേഹത്തെയാണ് നമുക്കു കാണിച്ചുതരുന്നതു്. നിങ്ങൾക്കറിഞ്ഞുകൂടേ, സ്നേഹത്തിൻെറ പ്രത്യക്ഷചിഹ്നമാണു് ഹൃദയം എ



വി. മേരി അലക്കോക്കിനു പ്രത്യക്ഷപ്പെട്ട ഹൃദയം

ന്നു്. ഈശോ നമ്മോടുള്ള അവിടുത്തെ സ്നേഹത്തിൻെറ അടയാളമായിട്ടാണ് അവിടുത്തെ ഹൃദയത്തെ നമുക്കു കാണിച്ചുതരുന്നതു്. അവിടുന്നു സ്നേഹംകൊണ്ടു നിറഞ്ഞതും സ്നേഹംകൊണ്ടു മുറിഞ്ഞതുമായ ഹൃദയത്തെ നമ്മെ കാണിച്ചുകൊണ്ടാണ് പറയുന്നതു്: "ഇതാ, മനുഷ്യരെ ഇത്രയേറെ സ്നേഹിക്കുന്ന ഹൃദയത്തെ നിങ്ങൾ കണ്ടാലും" എന്നു്.

കൊള്ളാം ഈശോയുടെ തിരുഹൃദയം ദൈവസ്നേഹത്തിൻെറ ചിഹ്നമാണെങ്കിൽ ആ ഹൃദയത്തോടു നമുക്കുള്ള കടമയെന്താണു്?

ജോണി:- നാം ഈശോയെ സ്നേഹിക്കണം.

പിതാവു്:- എങ്ങിനെയാണ് നാം ഈശോയെ സ്നേഹിക്കുക?

മേരി:- ഈശോയ്ക്കു നാം നമ്മെത്തന്നെയും നമുക്കുള്ളതെല്ലാം പ്രതിഷ്ഠിക്കണം.

പിതാവു്:- പ്രതിഷ്ഠമാത്രം നടത്തിയാൽ മതിയോ?

ലൂസി:- പ്രതിഷ്ഠ പൂർണ്ണമായിരിക്കണം. അതായതു്, ഈശോയുടെ ഇഷ്ടം നമ്മുടെയും ഇഷ്ടമാകണം. അതിനാൽ അവിടുത്തെ സങ്കടത്തിൽ നമുക്കും സഹതാപം

## MILTON TUTORIAL COLLEGE, TRICHUR

*INTER., B. A. & B. Sc., (MADRAS & TRAVANCORE) (ALL PARTS)*

*Tuition offered by experienced and efficient Lecturers to a limited Number of Students for purpose of PERSONAL ATTENTION and careful coaching. Admissions will be closed after the specified Number. Lady Students admitted. INTER CLASSES COMMENCED.*

*Eastern Bazaar Road TRICHUR*

DIRECTOR


ഉണ്ടാകണം; പാപങ്ങൾക്കു പരിഹാരം ചെയ്യണം; അവിടുത്തെ രാജ്യം എല്ലാ ആത്മാവുകളിലും സ്ഥാപിക്കപ്പെടണം; അവിടുത്തെ നമ്മുടെ എല്ലാ പ്രവൃത്തികളിലും നാം ബഹുമാനിക്കണം. അപ്പോൾ പ്രതിഷ്ഠ അർത്ഥവത്താകും. ഈശോയുടെ തിരുഹൃദയഭക്തി ഫലവത്താകും.

പിതാവ്:- കൊള്ളാം. ഇതാണ് എല്ലാവരും മനസ്സിലാക്കേണ്ടതു്. ഈ ഉദ്ദേശ്യങ്ങളോടുകൂടി നമുക്കു ഇന്നത്തെ തിരുനാൾ ആഘോഷിക്കാം.

—o—

## അടുത്തയാഴ്ചയിൽ

ജൂൺ

27 ഞാ: പന്തക്കുസ്താ 3-ാം ഞാ: മറിയത്തിന്റെ വിമലഹൃദയം
28 തി: ലെയോൻ
29 ചൊ: പത്രോസ് പൗലോസ്
30 ബു: പൗലോസ്

ജൂലൈ

1 വ്യാ: യോഹന്നാൻമാംദാനായുടെ പിറവി എട്ടാംനാൾ
2 വെ: കന്യകാമറിയം ഏലീശാമ്മയെ സന്ദർശിച്ചതു്
3 ശ: മാർ തോമ്മാശ്ലീഹാ (ദുഖ്റാന)


---

THANKS

to Sister Alphonsa for favours received.

K. D. Varghese
Chirakkal

---




സിസ്റ്റർ അൽഫോൻസായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

കെ. ഒ. തോമസ്
മുക്കന്നൂർ

---

## നിധീരിക്കൽ മാണിക്കത്തനാർ

കേരളത്തിലെ ക്രൈസ്തവസഭാചരിത്രത്തിൽ മായാമുദ്രപതിച്ച അരനൂററാണ്ടു മുൻപു് നിര്യാതനായ ഒരു വീരകേസരിയുടെ അൻപതാം ചരമവാർഷികദിനമാണ് 20-ാംതീയതി ഞായറാഴ്ച കുറവിലങ്ങാട്ടുവച്ച് സമാഘോഷിക്കപ്പെട്ടതു്. ദിവ്യശ്രീ നിധീരിക്കൽ മാണിയച്ചൻ അവർകൾ 1842 മേയ് 27-ാംനു ജനിച്ചു. 62-ാമത്തെ വയസ്സിൽ 1904 ജൂൺ 20-ാംനു നിര്യാതനാകയുംചെയ്തു. ഏതാണ്ടു് അരശതാബ്ദത്തോളം ദീർഘിച്ച അദ്ദേഹത്തിന്റെ സംഭവബഹുലമായ പൊതുജീവിതം കേരളത്തിലെ നസ്രാണിസമുദായത്തിന്റെ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം സൃഷ്ടിച്ചു. കിടയററ ഒരു സാഹിത്യകാരനായിരുന്ന അദ്ദേഹം ഭാഷാപോഷിണിസഭയുടെ രൂപവത്ക്കരണത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കുകയുണ്ടായിട്ടുണ്ടു്. പ്രതിഭാസമ്പന്നനായ ഒരു കവിപുംഗവനുംകൂടിയായിരുന്നു അദ്ദേഹം. അദ്ദേഹം പ്രവർത്തിച്ചിരുന്ന ഏതു രംഗത്തിലും തന്റെ വ്യക്തിമുദ്ര പതിച്ചിട്ടുണ്ടു്. സാമൂഹ്യരംഗത്തു് അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ അമൂല്യങ്ങളാണ്. കർമ്മധീരനും സേവനസമ്പന്നനുമായ ഇദ്ദേഹം സുറിയാനിക്കത്തോലിക്കാ സഭാഭരണരംഗത്തു് സ്വയംഭരണസ്ഥാപനാർത്ഥം നടത്തിയ സുധീരസംരംഭങ്ങൾ സ്മരണീയമാണ്. കേരള സുറിയാനിക്രൈസ്തവരുടെ അഭിമാനഭാജനമായ ഇദ്ദേഹത്തിന്റെ സ്മരണയെ ശാശ്വതീകരിക്കുന്നതിനു ഉചിതമായ നടപടികൾ സ്വീകരിക്കാതിരിക്കുകയില്ലെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

(Malabar Mail)

## ഇടവകവാർത്തകൾ

**എറണാകുളം:** ജസ്റ്റിസ് മി. ജോസഫ് വിതയത്തിൽ അവർകളുടെ പുത്രൻ വക്കീ വിതയത്തിൽ ബി. എസ്സ്. സി. റഡംപ്ടറിസ്റ്റ് സന്യാസസഭയിൽ ചേർന്നു് ബാംഗളൂർ സെമ്മിനാരിയിൽ വൈദികപഠനം നടത്തി ജൂൺമാസം 12-ാംനു വൈദികപട്ടം സ്വീകരിച്ചിരിക്കുന്നു. നവവൈദികൻ 20-ാംനു ഞായറാഴ്ച എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽ ആഘോഷമായ ദിവ്യബലി അർപ്പിക്കുകയും ജനങ്ങളെ കൈമുത്തിക്കുകയും അവർക്കു ആശീർവ്വാദം നൽകുകയും ചെയ്തു. തദവസരത്തിൽ റവ. ഫാദർ മാത്യു മങ്കുഴിക്കരി പൗരോഹിത്യമാഹാത്മ്യത്തേയും റഡംപ്ടറിസ്റ്റ് സഭയുടെ പ്രത്യേകതകളേയും ആസ്പദമാക്കി പ്രസംഗം നടത്തി.

**പാറന്നൂർ:** ഈയിടവകയിൽപ്പെട്ട "ചിറനെല്ലൂർ" എന്ന സ്ഥലത്തു "മാതൃവണക്കാഘോഷത്തിരുനാൾ" ഇക്കൊല്ലവും ആഡംബരപൂർവ്വം കൊണ്ടാടിയിരിക്കുന്നു. തദവസരത്തിൽ റവ. ഫാദർ ജെയിക്കബ്ബ് പോട്ടോക്കാരൻ മാതൃഭക്തിയെപ്പററി ഒരു പ്രസംഗംചെയ്തു. കരിമരുന്നു പ്രയോഗവും ഉണ്ടായിരുന്നു.

**പൂവത്തോട്:** സ്ഥലത്തെ ചെറുപുഷ്പമിഷൻ ലീഗിന്റെ സജീവപ്രവർത്തകനായ ബ്ര. എം. ഡി. ജോസ് മണിയാക്കുപാറ "സീലുവൈഗിരി" ആശ്രമത്തിലേക്കു് പോകുന്നതുപ്രമാണിച്ച് ചെറുപുഷ്പമിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ഒരു യാത്രയയപ്പു നൽകുകയുണ്ടായി.

**ഇഞ്ചിയാനി:** ചെറുപുഷ്പമിഷൻലീഗ് ഇഞ്ചിയാനി ശാഖയുടെ ദ്വിതീയവാർഷികം ജൂൺ 12-ാംനു ശനിയാഴ്ച നടത്തി. യോഗത്തിൽ ഫാദർ മാത്യു ആലുങ്കൽ ബി. എ. ബി. ടി. ആദ്ധ്യക്ഷം വഹിക്കുകയും ബ്ര. എൻ. എം. സുറിയ ബി. എസ്സ്. സി. പ്രസംഗിക്കുകയുംചെയ്തു. യോഗാനന്തരം ലീഗംഗങ്ങൾ "രക്തസാക്ഷിണി" എന്ന സംഗീതനാടകം തന്മയത്വമായി അഭിനയിച്ചു.

**ചെമ്മലമറം:** സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന സെൻറ് വിൻസെൻറ് ഡി പോൾ കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ സാധുജനങ്ങളുടെ സാമ്പത്തികോന്നമനാർത്ഥം ഒരു മിച്ചനിക്ഷേപഫണ്ടു് ജൂൺ 13-ാംനു മുതൽ ആരംഭിച്ചിരിക്കുന്നു.

**പൂത്തൻപള്ളി:** ഈ ഇടവകയിലെ സെൻറ് വിൻസെൻറ് ഡി പോൾ സംഘടനകളുടെ നാലാമത്തെ സംയുക്തവാർഷികസമ്മേളനം പരിശുദ്ധ കുർബാനയുടെ വാഴ്വിനുശേഷം റവ. ഫാദർ ഡോമിനിക്ക് കോയിക്കര അവർകളുടെ അദ്ധ്യക്ഷതയിൽ 13-ാം തീയതി ഞായറാഴ്ച നടത്തുകയുണ്ടായി. തദവസരത്തിൽ ശ്രീമാൻ കെ. എം. ജോസഫ് ബി. എ. ബി. എൽ. ഒരു പ്രസംഗം ചെയ്തു. യോഗാനന്തരം ശ്രീ കെ. കെ. തോമസ് ബി. എ. എൽ. ടി. "സൂസന്ന"എന്ന ചരിത്രത്തെ അധികരിച്ചു ഒരു കഥാപ്രസംഗം ചെയ്തു.

**പാലാ:** പാലാ ടൗണിൽ പ്രവർത്തനം നടത്തുന്ന ചെറുപുഷ്പമിഷൻലീഗ്, ളാലം പുത്തൻപള്ളിയിലെ സൊഡാലിററി, സൺഡേസ്കൂൾ എന്നിവയുടെ പ്രഥമവാർഷികം മേയ് 23-ാംനു ഞായറാഴ്ച 9-30 നു് ളാലം പുത്തൻപള്ളിമേടയിൽവച്ച് റവ. ഫാദർ ജോർജ്ജ് കഴിവേലിത്തടം ബി. എ. എൽ. ടി. അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. തദവസരത്തിൽ മി. പി. എൽ. ഫിലിപ്പ് ബി. എ., മി. കുര്യൻ ജോർജ് വെള്ളത്തോട്ടം ബി. എ. ഓണേഴ്സ് എന്നിവർ പ്രസംഗിച്ചു. ഉച്ചകഴിഞ്ഞു് 2-30 മുതൽ മിഷൻലീഗംഗങ്ങൾ "ഭിക്ഷു" എന്ന ഗദ്യനാടകം വളരെ തന്മയത്വത്തോടെ അഭിനയിച്ചു.

**കപ്പാട്:** ഈ ഇടവകയിൽനിന്നും റവ. ഫാ. ജോർജ്ജ് മുളഞ്ഞാട്ടിൽ അവർകൾ 5-ാംതീയതി പലാരുപ്തയിൽ കുമ്മണ്ണൂർ അനാഥമന്ദിരത്തിലേക്കു സ്ഥലം മാറിയിരിക്കുന്നു.

—o—

## ചരമം

**എറണാകുളം:** ഈ ഇടവക കാട്ടുക്കാരൻ ശ്രീമതി മാത്തു അന്നാമ്മ 79-ാമത്തെ വയസ്സിൽ ജൂൺ 18-ാംനു വെള്ളിയാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശനിയാഴ്ച ഉച്ചതിരിഞ്ഞു് എറണാകുളം അതിരൂപതാ സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിലും മോൺസിഞ്ഞോറന്മാരായ വർഗ്ഗീസ് പുതുശ്ശേരി, ജോസഫ് വൈപ്പിശ്ശേരി, ഫ്രാൻസീസ് ചമ്മണി എന്നിവരുടേയും നിരവധി വൈദികരുടേയും വമ്പിച്ച ഒരു ജനാവലിയുടേയും സാന്നിദ്ധ്യത്തിലും ശവസംസ്കാരം നിർവ്വഹിക്കപ്പെട്ടു. സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ ചരമപ്രസംഗംനടത്തി. കോറണേഷൻ ഹാൾ മുതലായ പല വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ പ്രൊപ്രൈററായ കാട്ടുക്കാരൻ ശ്രീ കെ. എം. വാറപ്പന്റെ മാതാവാണ് പരേത.

R. I. P.

## വിദേശവാർത്തകൾ

### റഷ്യ വീറേറാചെയ്തു

ഇൻഡോചൈനാ അതിർത്തിയിലേക്കു ഒരു സംഘം യു. എൻ. നിരീക്ഷകരെ അയക്കണമെന്നുള്ള തായ്‌ലണ്ടിന്റെ പ്രമേയത്തെ സെക്യൂരിട്ടികൗൺസിലിൽ റഷ്യ വീറേറാചെയ്തിരിക്കുന്നു. സെക്യൂരിട്ടികൗൺസിലിൽ റഷ്യയുടെ 16-ാമത്തെ വീറേറാപ്രയോഗമാണിതു്. സമാധാനനിരീക്ഷകസംഘത്തെ അയക്കണമെന്നുള്ള തങ്ങളുടെ അഭ്യർത്ഥന യു. എൻ. ജനറൽ അസംബ്ലിയിൽ ഉന്നയിക്കുന്നതായിരിക്കുമെന്നാണ് തായ്‌ലണ്ടു വിദേശകാര്യമന്ത്രി വാൻ വൈദ്യകൻ രാജകുമാരൻ പ്രസ്താവിച്ചതു്.

### ദക്ഷിണപൂർവ്വേഷ്യൻ സഖ്യം

ദക്ഷിണപൂർവ്വേഷ്യയിൽ ഒരു സംയുക്ത മുന്നണിയുണ്ടാക്കുന്നതിനു വേണ്ടി അമേരിക്ക ഇപ്പോഴും ശ്രമിച്ചുകൊണ്ടാണിരിക്കുന്നതെന്നു പ്രസിഡണ്ടു് ഐസനോവർ ഫ്രഞ്ചുഗവമ്മേണ്ടിനു ഉറപ്പുകൊടുത്തിരിക്കുന്നു. ഫ്രഞ്ചു പ്രസിഡൻറു മി. റെനേകോട്ടിനയച്ച ഒരു കത്തിൽ പ്രസിഡൻറ് യൂറോപ്യൻസൈന്യരൂപീകരണവും ദക്ഷിണപൂർവ്വേഷ്യൻ സഖ്യവും ഗവമ്മേണ്ടിന്റെ അത്യന്താപേക്ഷിതമായ ശ്രദ്ധ പതിയേണ്ട രണ്ടു പ്രശ്നങ്ങളാണ് എന്നു പ്രസ്താവിച്ചിട്ടുണ്ടു്.

### വിയററമിൻസൈന്യം പിൻവലിക്കാമെന്നു്

ഇൻഡോ ചൈനയിലെ രണ്ടു ചെറിയ സ്റ്റേററുകളായ ലാവോസിലും കമ്പോഡിയായിലുംനിന്നു വിയററ്മിൻ സൈന്യത്തെ പിൻവലിക്കാമെന്നു വിയററ്മിൻ ഉറപ്പുനൽകിയിരിക്കുന്നു അവിടങ്ങളിൽ നാട്ടുകാരുംഫ്രഞ്ചുസൈന്യവും തമ്മിലാണ് സമരം നടക്കുന്നതെന്നും വിയററ്മിൻകാർക്കു അതിൽ പങ്കില്ലെന്നുമായിരുന്നു അവർ വാദിച്ചുകൊണ്ടിരുന്നതു്. 9 രാഷ്ട്രങ്ങൾ ചേർന്നു നടത്തിക്കൊണ്ടിരിക്കുന്ന ഇൻഡോചൈനാസമാധാന സംഭാഷണത്തിലെ 15-ാമത്തെ രഹസ്യസമ്മേളനത്തിലാണ് വിയററ്മിൻ ഡപ്യൂട്ടിപ്രധാനമന്ത്രി ഈ വസ്തുത സമ്മതിച്ചു പറയുകയുണ്ടായതു്.

### ഐ. എൽ. ഓ. ഭരണസമിതി

അന്തർദ്ദേശീയ തൊഴിൽസംഘടനയുടെ അടുത്ത മൂന്നു വർഷത്തേക്കുള്ള ഭരണസമിതിയെ ജൂൺ 15-ാംനു ഗവമ്മെൻറ്, മുതലാളി, തൊഴിലാളി എന്നീ മൂന്നു വിഭാഗങ്ങളടങ്ങിയ ഏലക്ടറൽ കോളെജ് തെരഞ്ഞെടുത്തിരിക്കുന്നു. വ്യവസായപ്രധാനങ്ങളായ പത്തു രാജ്യങ്ങളുടെ പ്രതിനിധികളെ ഗവമ്മെൻറുഡലിഗേററുകൾ തിരഞ്ഞെടുക്കുകയുണ്ടായി. മുതലാളിപക്ഷത്തുനിന്നു തിരഞ്ഞെടുക്കപ്പെട്ട പത്തു പേരിൽ ഇന്ത്യൻ പ്രതിനിധിയായി മി. ഏ. എച്ച്. ടാററാ ഉൾപ്പെടുന്നു. തൊഴിലാളി പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ട പത്തു പേരിൽ ഇൻഡ്യൻ പ്രതിനിധി മി. കെ. പി. ത്രിപതിയാണ്.

### ഡോക്ടർ ഓപ്പൻ ഹെയ്മറെപ്പററി

കഴിഞ്ഞ മഹായുദ്ധകാലത്തു അമേരിക്കൻ അണുബോംബുനിർമ്മാണത്തിന്റെ മേധാവിയായിരുന്ന ആളും, അടുത്തകാലത്തു സംശയിച്ച് തൽസ്ഥാനത്തുനിന്നു നീക്കം ചെയ്യപ്പെട്ട ആളുമായ ഡോക്ടർ റോബർട്ട് ഓപ്പൻ ഹെയ്മർ റഷ്യൻ ചാരന്മാരുമായി തുടർച്ചയായ ബന്ധം പുലർത്തിയിരുന്നുവെന്നും ഒരുപക്ഷെ അദ്ദേഹം ഒരു റഷ്യൻ ചാരൻതന്നെ ആയിരുന്നിരിക്കുമെന്നും അണുശക്തികമ്മീഷൻ സെക്യൂരിററി ബോർഡു നടത്തിയ അന്വേഷണറിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. അണുശക്തികമ്മിററിയുടെ എക്സിക്യൂട്ടിവ് സെക്രട്ടറിയായിരുന്ന മി. വില്യം ബോർഡൽ മൊഴികൊടുത്തതു് ഡോക്ടർ ഓപ്പൻ ഹെയ്മറുടെ ഉററ സ്നേഹിതന്മാരെല്ലാം കമ്മ്യൂണിസ്റ്റുകാരായിരുന്നെന്നും അണുബോമ്പുനിർമ്മാണത്തിൽ സഹകരിക്കുന്നതിനു അദ്ദേഹം ഏല്പെടുത്തിയവരെല്ലാം കമ്മ്യൂണിസ്റ്റുകളായിരുന്നു എന്നുമാണ്.

### പാക്കിസ്ഥാൻ നിയന്ത്രിക്കുന്നു

പാക്കിസ്ഥാനിലെ റഷ്യൻ നയതന്ത്രപ്രതിനിധികളെ ചില നിയന്ത്രണങ്ങൾക്കു വിധേയരാക്കുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം പാക്കു് ഗവമ്മെണ്ടു് മോസ്കോയെ അറിയിച്ചിരിക്കുന്നതായി അറിവായിരിക്കുന്നു. റഷ്യയിലെ പാക്കു് നയതന്ത്രപ്രതിനിധികളുടെമേൽ സോവ്യററു ഗവമ്മെണ്ടു് ചില നിയന്ത്രണങ്ങളെല്ലാം നേരത്തെ ഏർപ്പെടുത്തിയിട്ടുണ്ടു്.


## തൈക്കാട്ടു് മൂസ്സ് വക

## ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്:-

## ആലുവാ

(റെയിൽവെസ്റ്റേഷനു സമീപം)

എല്ലാ വ്യാഴാഴ്ചയും 1 മണിമുതൽ 5 മണിവരെ

## ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

ജീവചരിത്രപംക്തി

# വില്യം ഇ. വാൽഷ്

(പ്രൊഫസർ ജോസഫ് മീനാട്ടൂർ)

അദ്ധ്യാപകവൃത്തിയെ പുണർന്നുനില്ക്കുന്ന അസഹനീയദാരിദ്ര്യത്തിൽനിന്നു, ആ വൃത്തിയോടു വിടകൊള്ളാതെതന്നെ ജീവിതത്തിൻെറ നേർമ്മകലർന്ന മണ്ഡലങ്ങളിലേക്കു മെല്ലെ മെല്ലെ വഴി തിരിമാറിയ കഥയാണു് വില്യം വാൽഷിൻെറതു്.

Promises to Keep എന്ന പേരിൽ അദ്ദേഹത്തിൻെറ ആത്മകഥ ഈയിടെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ക്ലേശത്തിൽ ആരംഭിച്ച ഒരു ജീവിതം ക്ലേശങ്ങളുടെ മദ്ധ്യേക്കൂടി നീന്തി ഏതാണ്ടൊരു വിജയത്തിൻെറ നേരിയ തീരത്തു ചെന്നുചേരുന്നതാണു് പ്രസ്തുത ഗ്രന്ഥത്തിലെ കഥാവസ്തു.

ഈ ആത്മകഥയിൽ ഒന്നുരണ്ടു രജതരേഖകൾ തിളങ്ങിനില്ക്കുന്നുണ്ടു്. ക്ലേശങ്ങളുടെ ഇടയിൽ ഉഴലുന്ന വാൾഷ് കുടുംബാംഗങ്ങൾ സർവ്വദാ പ്രസന്നരായിരുന്നു. കാരണം അവരുടെ ഈശ്വരസ്നേഹവും ഈശ്വരതിരുമനസ്സിനോടുള്ള വിധേയത്വവും അവരെ ലോകസാഗരത്തിൻെറ അലകൾക്കു മുകളിൽ പൊന്തിച്ചു നിറുത്തി.

ഈ ഗ്രന്ഥം വായിക്കുമ്പോൾ, അനുവാചകൻ പലപ്പോഴും തന്നോടുതന്നെ ചോദിക്കും, "എനിക്കു എന്തുകൊണ്ടു വാൽഷിനുണ്ടായിരുന്നിടത്തോളം വിശ്വാസം ഈശ്വരനിലില്ല? ഞാൻ ഈശ്വരസുവിശേഷം പ്രചരിപ്പിക്കുവാനും അയൽക്കാരനെ സഹായിക്കുവാനും എന്തെങ്കിലും ചെയ്യുന്നുണ്ടോ? എനിക്കു എന്തുകൊണ്ടു ഈശ്വരനുവേണ്ടി സഹിക്കുവാൻ കഴിയുകയില്ല? എൻെറ ആശകൾ എടുകെട്ടി മാററിവച്ചിട്ടു ഈശ്വരാഭിലാഷം പാലിക്കുവാൻ ശ്രമിച്ചാൽ എനിക്കും സംതൃപ്തനായി, പുഞ്ചിരിപൊഴിച്ചു നടക്കുവാൻ കഴിയുകയില്ലേ?" എന്നെല്ലാം.

ഇരുപതുവയസ്സ് തികയുന്നതിനു മുൻപേ വില്യംവാൽഷ് ഇരുപതുവയസ്സിൽ കുറഞ്ഞ ആവിസു് എഗറിനെ കല്യാണം കഴിച്ചു. ക്ഷമാതലത്തിൽ അക്ഷമമായി ക്ഷാമം നടമാടിയിരുന്ന 1930-ൽ ആയിരുന്നു അതു്. ശമ്പളം കുറഞ്ഞ അദ്ധ്യാപകവൃത്തിയായിരുന്നു വാൽഷിൻെറതു്. ഒരു നല്ല കത്തോലിക്കനായിരുന്ന വാൽഷിനു ശമ്പളച്ചെക്കുകളേക്കാൾ ക്രമമായും ശീഘ്രമായും സന്താനങ്ങളെ ലഭിച്ചുകൊണ്ടിരുന്നു. ജീവിതക്ലേശങ്ങളോടൊപ്പം വർദ്ധിച്ചുവന്ന സന്താനങ്ങളുടെ എണ്ണം, ചെറുപ്പത്തിൽത്തന്നെ മരിച്ചുപോയ ഒരു കുട്ടിയെ ഒഴിച്ചാൽ, പന്ത്രണ്ടായിത്തീർന്നു. ജീവിതസൗകര്യങ്ങൾ തെല്ലുമില്ലാതിരുന്ന ചില വീടുകളിൽ താമസിക്കേണ്ടിവന്നപ്പോൾ, അമേരിക്കയിലെ മരംകോച്ചുന്ന, അല്ല, വെള്ളം ഉറയ്ക്കുന്ന, തണുപ്പിൽ വിറയ്ക്കാതെ കഴിക്കുവാൻ വാൽഷ്കുടുംബം നന്നേ പണിപ്പെട്ടു. പലപ്പോഴും അവരുടെ ആഹാരംതന്നെ പഴകിയ റൊട്ടിയും അല്പം ധാന്യങ്ങളും കുറച്ചു സസ്യങ്ങളും മാത്രമായിരുന്നു. എങ്കിലും ഈശ്വരനിൽ ശരണം ഗമിച്ചു, മന്ദഹാസപൂർവ്വം അവർ പുരോഗതിയിലേക്കു മന്ദംമന്ദം നീങ്ങി.

വീനാവിളംബം ക്ലേശങ്ങൾ അവർക്കു വഴിമാറിക്കൊടുത്തു. ബന്ധുമിത്രാദികളുടെ സഹായത്തോടെ അവർ സ്വന്തമായി ഒരു വീടു വാങ്ങിച്ചു. പ്രായമായ കുഞ്ഞുങ്ങൾ ചില്ലറജോലികൾ ചെയ്തു കുടുംബത്തിൻെറ വരുമാനം വർദ്ധിപ്പിച്ചു. വാൽഷിൻെറ ലേഖനങ്ങൾ അദ്ദേഹത്തിനു അല്പം പണം നേടിക്കൊടുത്തു. അക്കാലത്തു വാൽഷ് വിചാരിച്ചു, ക്രിസ്തുരാജ്യത്തിൻെറ പ്രചാരണത്തിനു തൻെറ അദ്ധ്യാപനം കൂടുതൽ പ്രയോജകീഭവിക്കണമെങ്കിൽ, തനിക്കിനിയും വിദ്യയും ബിരുദവും നേടണമെന്നു്. ജീവിതക്ലേശങ്ങളോടു പൊരുതുന്നതിനിടയിൽ അദ്ദേഹം എം. എ. ബിരുദവും പിച്ച്. ഡി. ഡിഗ്രിയും സമ്പാദിച്ചു. അല്പകാലം മുൻപു് മൂത്തപുത്രൻെറ മരണം അദ്ദേഹത്തെ അല്ലലിൻെറ അടിത്തട്ടിലേക്കു് താഴ്ത്തിയെങ്കിൽ, താമസിയാതെ ചൈഫ് മാസികവഴി അദ്ദേഹത്തിനു അസാമാന്യപ്രഖ്യാതി നേടുവാൻ കഴിഞ്ഞു. പോരെങ്കിൽ, പെൺകുട്ടികൾക്കായുള്ള ഒരു കത്തോലിക്കാ കോളെജിൽ, കുടുംബത്തിനു് ആവശ്യമായ താമസസൗകര്യങ്ങളോടെ ഒരു ഉദ്യോഗവും വന്നുചേർന്നു.

ആൾപ്പെരുപ്പമുള്ള ഒരു കുടുംബത്തിൻെറ വീരോചിതവും എന്നാൽ ഫലിതസമ്മിശ്രവുമായ ഒരു ജീവിതകഥയാണു് Promises to Keep. ഈശ്വരാഭിലാഷത്തോടുള്ള വിധേയത്വവും തന്മൂലം കാർമുകിലുകൾക്കിടയിൽ വെള്ളിക്കാലുകൾ കാണുവാനുള്ള കഴിവുമാണു് ഈ ഗ്രന്ഥത്തിനും വാൽഷ്കുടുംബാംഗങ്ങൾക്കും ഒരു മന്ദസ്മിതരുചി നൽകുന്നതു്.

## സംഭവകഥകൾ

### സ്വർഗ്ഗം നിങ്ങൾക്കും ഭൂമി എനിക്കുമോ?

ബെർണ്ണാർദു് തൻെറ മൂന്നു സഹോദരന്മാരോടുകൂടി ലോകം ത്യജിച്ചു് സന്യസിക്കുവാൻതന്നെ തീരുമാനിച്ചു. അവർ വൃദ്ധനായ പിതാവിനോടു് അന്ത്യയാത്ര പറഞ്ഞു പുറത്തേക്കിറങ്ങിയപ്പോൾ കണ്ടതു്, അവരുടെ ഇളയസഹോദരനായ നീവാർഡ് കൂട്ടുകാരോടൊത്തു കളിച്ചുല്ലസിക്കുന്നതായിട്ടാണു്. മൂത്തസഹോദരൻ അപ്പോൾ പറഞ്ഞു: "നീവാർഡ്! ഞങ്ങൾ സന്യസിക്കാൻ പോകയാണു്. നീയാണു് ഇനി പിതാവിൻെറ സകല സ്വത്തുക്കൾക്കും ഏകാവകാശി. ഞങ്ങളുടെ സകല അവകാശങ്ങളും ഇതാ നിനക്കു വിട്ടുതരുന്നു." ഇതു കേട്ട ബാലൻ പ്രായത്തിൽ കവിഞ്ഞ ധീവിലാസത്തോടെ പറയുകയാണു്: "കൊള്ളാം, സ്വർഗ്ഗം നിങ്ങൾക്കും ഭൂമി എനിക്കും അല്ലേ? ഈ പങ്കുവയ്ക്കൽ ന്യായപൂർവ്വകമല്ല. ഞാനും അനുഗമിക്കും നിങ്ങളുടെ കാലടികളെ" കാലത്തിൻെറ തികവിൽ നീവാർഡും സ്വസഹോദരനായ ബെർണ്ണാർദിൻെറ കീഴിൽ പരിശീലനം സ്വീകരിച്ചു് ഒരുത്തമസന്യാസിയായിത്തീർന്നു.

### ആരാണു് വലിയ മടയൻ

അതായിരുന്നു അന്നത്തെ പതിവു്. അതിനാൽ ആ രാജാവും തെരഞ്ഞെടുത്തു ഒരു വിദൂഷകനെ, രാജസദസ്സിലേക്കു്. ഒരു ദിവസം ഒരു വടി അവനു കൊടുത്തുകൊണ്ടു് രാജാവു പറഞ്ഞു: "ഈ വടി നീ സൂക്ഷിച്ചുകൊള്ളണം. നിന്നെക്കാൾ മടയനായ ഒരാളെ നീ കണ്ടുമുട്ടിയാൽ അയാൾക്കു് ഈ വടി കൊടുത്തേക്കണം." കാലങ്ങൾ കഴിഞ്ഞുപോയി. രാജാവു് രോഗബാധിതനായി ആസന്നമരണനായി കിടക്കുകയാണു്. തദവസരത്തിൽ തന്നെ കാണുവാൻവന്ന വിദൂഷകനോടു് രാജാവു പറഞ്ഞു: "ഞാൻ നിങ്ങളെ വിട്ടിട്ടു് മറെറാരു രാജ്യത്തേക്കു പോകയാണു്. ഇനി ഒരുനാളും തിരിച്ചുവരികയില്ല." വിദൂഷകൻ ആരാഞ്ഞു: "തിരുമേനി, അങ്ങു് എന്തെല്ലാമാണു് മുൻകൂട്ടി ഒരുക്കിയിരിക്കുന്നതു്, ആ പുതിയ സ്ഥലത്തു സുഖമായി വസിക്കുവാൻ?" യാതൊന്നും കരുതിയിട്ടില്ലെന്നു് നിരാശാരൂപത്തിൽ കൊടുത്ത മറുപടി കേട്ട ഉടനെ, വിദൂഷകൻ രാജാവിൽനിന്നും ലഭിച്ചിരുന്ന വടി തിരിയെ ഏല്പിച്ചുകൊണ്ടു് പറയുകയാണു്: "തിരുമേനി, അങ്ങുന്നു യാതൊരു മുൻകരുതലും കൂടാതെ വിദേശവാസത്തിനു പോകയാണല്ലേ? അങ്ങനെയൊരു വിഡ്ഢിത്തം എനിക്കു സംഭവിച്ചിട്ടില്ല. അതിനാൽ വടി അങ്ങുന്നുതന്നെ സ്വീകരിച്ചുകൊള്ളുക."

### കഴുകനെ കണ്ടുപഠിക്കുക

ധനപ്രമത്തനും അതിപ്രതാപവാനുമായിരുന്നു ആ രാജാവു്. പക്ഷേ ഇവയൊന്നും ശക്തമായിരുന്നില്ല അദ്ദേഹത്തിനു ഹൃദയസമാധാനംകൊടുക്കുവാൻ. ഹൃദയശാന്തി ലഭിക്കുവാനുള്ള മാർഗ്ഗമാരാഞ്ഞു് ഭക്തനും ബുദ്ധിമാനുമായ ഒരു സന്യാസിയെ അദ്ദേഹം വിവരമറിയിച്ചു. വളരെ ശ്രദ്ധയോടെ രാജാവിനെ ശ്രവിച്ചശേഷം സന്യാസി, സമീപമുണ്ടായിരുന്ന ഉന്നതമായ ഒരു പർവ്വതത്തിലേക്കു നയിച്ചു, അദ്ദേഹത്തെ. മുകളിൽ ചെന്നപ്പോൾ അവിടെയുണ്ടായിരുന്ന ഒരു കഴുകൻെറ കൂടു ചൂണ്ടിക്കാണിച്ചുകൊണ്ടു് സന്യാസി ചോദിച്ചു: "തിരുമേനി, അങ്ങേക്കറിയാമോ ഈ കഴുകൻ എന്താണു് തൻെറ കൂടു് ഇത്ര ഉന്നതമായ സ്ഥലത്തു നിർമ്മിച്ചിരിക്കുന്നതെന്നു്?" രാജാവു പ്രത്യുത്തരിച്ചു: "തീർച്ചയായും അതു അപകടങ്ങളിൽനിന്നും അകന്നു് സമാധാനമായി ജീവിക്കുവാൻ വേണ്ടിയാണു്." സന്യാസി പറഞ്ഞു: "തിരുമേനി, അങ്ങും ഈ കഴുകനെ അനുകരിച്ചു് അങ്ങയുടെ ഭവനം സ്വർഗ്ഗത്തിൽ പണിയുക. അങ്ങേക്കും ലഭിക്കും അപ്രകാരം സമാധാനവും സന്തുഷ്ടിയും."

ഓറിയൻറൽ ക്രിസ്ത്യൻ ബാങ്ക് ലിമിററഡ്,
തൃശ്ശിവപേരൂർ

★ പുതിയ മാസക്കുറി ★

(With Govt. Sanction as per order D. Dis No. 437554 R. D. dated 11-5-1954)

നറുക്കൊന്നുക്കു് 50ക. 111 നറുക്കു്. 5550 ക സല
1ക. 9ണ. യുടെ വീതംവരെ ചേരാം

ആദ്യത്തെ നറുക്കെടുപ്പ് 1954 ആഗസ്റ്റ് 9-ാംനു-

കൂടുതൽ വിവരങ്ങൾ ബാങ്കാപ്പീസ്സിൽ അന്വേഷിക്കുക

തൃശ്ശിവപേരൂർ, 17-5-'54
സി. ജെ. പോൾ, മാനേജിംഗ് ഡയറക്ടർ.

ആദ്ധ്യാത്മികവീഥി

## മറുപടിക്കത്തു് (8)

(തുടർച്ച)

ദൈവത്തിൻെറ വത്സലമക്കളേ,

ആത്മശോധന ചെയ്യുമ്പോൾ പറയത്തക്ക പാപമൊന്നും കാണാത്തതു പാപമില്ലാഞ്ഞിട്ടോ ഉള്ളവ കാണാൻമാത്രമുള്ള പ്രകാശമില്ലാഞ്ഞിട്ടോ ആകാം എന്നു കഴിഞ്ഞ കത്തിൽ പറയുകയുണ്ടായല്ലോ. മൂന്നാമത്തെ കാരണം നാം നോക്കേണ്ടവണ്ണം നോക്കുന്നില്ലെന്നുള്ളതായിരിക്കാം.

ഭക്തജീവിതം നയിക്കുന്ന ആളുകൾ സാധാരണ ദൈവത്തിൻെറ പത്തു പ്രമാണങ്ങളോ ശുദ്ധ. പള്ളിയുടെ കല്പനകളോ ഘനമായി ലംഘിച്ചു എന്നു വരുകയില്ല. അതിനാൽ ആണ്ടിൽ ഒന്നോ രണ്ടോ പ്രാവശ്യം മാത്രം കുമ്പസാരിക്കുന്നവരെപ്പോലെ ഓരോ പ്രമാണവും കല്പനയും വൻമട്ടിലെടുത്തു അവ ലംഘിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചാൽ ഒരു കുററവും കാണുകയില്ല.

അവർക്കു സാമാന്യം പറഞ്ഞാൽ ആവിധത്തിലുള്ള ആത്മപരിശോധനകൊണ്ടാവശ്യമില്ല. "സ്വർഗ്ഗത്തിലിരിക്കുന്ന നിങ്ങളുടെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കണ"മെന്നു് കല്പിച്ചിരിക്കുന്ന ദിവ്യരക്ഷകൻ നമ്മിൽനിന്നു അസാമാന്യവിശുദ്ധി ആവശ്യപ്പെടുകയും അതിനാവശ്യമുള്ള സഹായം നൽകുകയും ചെയ്യുന്നുണ്ടു്. എല്ലാവർക്കും ഒരേ അളവിൽ അല്ലെന്നുമാത്രം. തലേന്തുകളുടെ ഉപമ ഈ സത്യം വ്യക്തമാക്കുന്നു. അധികം കൊടുത്തിട്ടുള്ളവനോടു അധികം ചോദിക്കും. നമുക്കു കുറച്ചാണോ അധികമാണോ ലഭിച്ചിരിക്കുന്നതു് എന്നു് ഖണ്ഡിച്ചു പറയാൻ നിവൃത്തിയില്ല. ഏതായാലും നമ്മുടെ ആത്മാർത്ഥമായ ശ്രമംകൂടാതെ കിട്ടിയിട്ടുള്ളതു വർദ്ധിപ്പിക്കുവാൻ സാധിക്കയില്ല. പ്രസ്തുത പുണ്യവർദ്ധനവിനു രണ്ടു സംഗതികൾ ചെയ്യേണ്ടതായിട്ടുണ്ടു്. അതിനു വിഘ്നമായ പാപത്തെ ഉപേക്ഷിക്കുകയും അതിനെ അഭിവൃദ്ധിപ്പെടുത്തുന്ന പുണ്യപ്രവൃത്തികൾ ധാരാളം ചെയ്യുകയുംവേണം. പുണ്യത്തിൽ എത്രയധികം ഉയരുവാൻ ആഗ്രഹിക്കുന്നുവോ അത്രയധികം ഏററവും നിസ്സാരമായ തെററുകളിൽ നിന്നുപോലും ഒഴിയുവാനും എല്ലാവിധത്തിലും ദൈവത്തെ പ്രസാദിപ്പിക്കുവാനും ശ്രമിക്കണം.

അതിനാൽ നമ്മുടെ ആത്മശോധന സമയത്തു ദൈവത്തോടും നമ്മുടെ അയൽക്കാരനോടും നമ്മോടുതന്നെയുമുള്ള കടമകൾ ശരിയായി നിറവേററിയോ എന്നു നോക്കണം. ദൈവത്തിനു വിരോധമായ ഏററം നിസ്സാരമായ പാപങ്ങളെപ്പോലും വെറുക്കുന്നുണ്ടോ? ദൈവത്തെക്കുറിച്ചു പലപ്പോഴും ചിന്തിക്കുന്നുണ്ടോ? അവിടുത്തെക്കുറിച്ചു സംസാരിക്കുന്നുണ്ടോ? ദൈവികകാര്യങ്ങളെക്കുറിച്ചു മതിപ്പുണ്ടോ? ദൈവശുശ്രൂഷയ്ക്കായി സ്വയം പ്രതിഷ്ഠിച്ചിട്ടുള്ള ആളുകളോടു് ബഹുമാനവും ആദരവുമുണ്ടോ? എത്ര ഭക്തിയോടുകൂടിയാണു പ്രാർത്ഥിക്കുന്നതും ദിവ്യകൂദാശകൾ സ്വീകരിക്കുന്നതും?

നമ്മുടെ അയൽക്കാരനെ സംബന്ധിച്ചിടത്തോളം അവനെ ഏതെങ്കിലും തരത്തിൽ ഉപദ്രവിച്ചിട്ടുണ്ടോ, അവനിൽ മിശിഹായെക്കണ്ടുകൊണ്ടു അവനോടു ബഹുമാനപൂർവ്വം വർത്തിക്കുന്നുണ്ടോ? അവനെ യഥാർത്ഥത്തിൽ

വിജ്ഞാപനം

മാസംതോറും ഒരു ക്ലിപ്തസംഖ്യ നിങ്ങൾക്കു ലഭിക്കത്തക്കവിധത്തിൽ ഒരു പുതിയ ഡെപ്പോസിററുപദ്ധതി തൃശ്ശൂർ, കാത്തലിക്ക് സിറിയൻ ബാങ്കു ലിമിററഡ് ആരംഭിച്ചിരിക്കുന്നു.

= പെൻഷൻ ഡെപ്പോസിററുകൾ =

മാസംതോറും 100ക. വീതം നിങ്ങൾ 10 കൊല്ലംമാത്രം ഡെപ്പോസിററു ചെയ്യുന്നപക്ഷം അതിനു ശേഷം പിന്നീടു് 10 കൊല്ലക്കാലത്തേയ്ക്കു മാസംതോറും 60 ക. പ്രകാരം നിങ്ങൾക്കു നിരന്തരമായി ലഭിച്ചുകൊണ്ടിരിക്കുകയും 15,000 ക. മൊത്തം സംഖ്യയായി ലഭിക്കുകയും ചെയ്യുന്നു

5ക, 7½ക, 10ക, 12½ക, 15ക, 20ക, 25ക, 30ക, 50ക, 75ക, 100ക, 150ക, 200ക, 250ക, 500ക. എന്നിങ്ങനെ നിങ്ങളുടെ കഴിവു അനുസരിച്ചു ഡെപ്പോസിററുകൾ ചെയ്യാവുന്നതാണു്.

കൂടുതൽ വിവരങ്ങൾക്കു് :—

ദി കാത്തലിക്ക് സിറിയൻ ബാങ്ക് ലിമിററഡ്, തൃശ്ശിവപേരൂർ

എന്ന വിലാസത്തിലൊ ബാങ്കിൻെറ ബ്രാഞ്ചുകളിലൊ അന്വേഷിക്കുക.

ബ്രാഞ്ചുകൾ:- കൊച്ചി, ചാലക്കുടി, ചിററൂർ, എറണാകുളം, ഈറോഡ്, ഇരിഞ്ഞാലക്കുട, കണ്ടശ്ശാങ്കടവു്, കാരൂർ, കൊടുമുടി, കുന്ദംകുളം, പാലാത്തോട്ട്, തോപ്പുംപടി, തൃശ്ശൂർ, തൃപ്പൂണിത്തുറ, തിരുവനന്തപുരം, വളഞ്ഞമ്പലം.

സ്നേഹിക്കുന്നുണ്ടോ? അവന്റെ ആവശ്യങ്ങളിൽ നിവൃത്തിപോലെ അവനെ സഹായിക്കുന്നുണ്ടോ? സന്മാതൃകയാൽ അവന്റെ പുണ്യാഭിവൃദ്ധിക്കു സഹായിക്കുകയാണോ അതോ ദുർമ്മാതൃകയാൽ അവനെ പാപത്തിൽ വീഴാൻ സഹായിക്കയാണോ ചെയ്യുന്നതു്? ഉപവിക്കു വിരുദ്ധമായ ചിന്തകൾക്കോ വാക്കുകൾക്കോ പ്രവൃത്തികൾക്കോ ഇടകൊടുത്തിട്ടുണ്ടോ.

നമ്മെത്തന്നെ സംബന്ധിച്ചിടത്തോളം നമ്മുടെ ആത്മാവിന്റെ രക്ഷയേയും സ്വർഗ്ഗഭാഗ്യത്തേയുമാണോ അതോ ലൗകികസുഖബഹുമാനാദികളെയാണോ നാം കൂടുതൽ കാര്യമായി കരുതി പ്രവർത്തിക്കുന്നതു്? നമ്മുടെ കർത്താവിനെ അനുഗമിക്കുന്നതിനു അത്യന്താപേക്ഷിതമായ സ്വയനിഗ്രഹവും പരിത്യാഗങ്ങളും നാം എങ്ങനെ അഭ്യസിക്കുന്നു? എന്നീവിധമുള്ള ചോദ്യങ്ങൾ നമ്മോടുതന്നെ ചോദിച്ചാൽ പല ന്യൂനതകളും കാണാതിരിക്കയില്ല.

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

# മരിയവത്സരമഞ്ജരി

## സുമം 6

മിശിഹാ പരിശുദ്ധരിൽ പരിശുദ്ധനാണു്. അതുകൊണ്ടു് അവിടുത്തെ മാതാവിലും പരിശുദ്ധി അന്യാദൃശമായ പാരമ്യത്തിലെത്തുക ന്യായംമാത്രമാണു്. പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃത്വത്തെ സംബന്ധിക്കുന്ന അപദാനങ്ങളെപ്പററി പരിഗണിക്കുമ്പോൾ പരിശുദ്ധതയ്ക്കു അതിലുള്ള പ്രത്യേകമായ സ്ഥാനം സവിശേഷം ആധുനികലോകത്തിനൽബോധജനകമത്രെ. "ക്രിസ്തീയവിവാഹം" എന്ന വിഷയത്തെ സംബന്ധിച്ചു് 11-ാം പീയൂസ് മാർപ്പാപ്പാ പുറപ്പെടുവിച്ചിട്ടുള്ള പണ്ഡിതമായ ചാക്രികലേഖനത്തിൽ തിരുമനസ്സുകൊണ്ടു് പറഞ്ഞിട്ടുള്ളതിപ്രകാരമാണു്: "മനുഷ്യരക്ഷയെ സംബന്ധിക്കുന്ന ദിവ്യമായ പ്രവർത്തനത്തെ അവഗണിക്കുന്ന ഗണ്യമായ ജനവിഭാഗം ക്രിസ്തീയവിവാഹത്തിന്റെ മഹത്തായ പരിശുദ്ധിയെ ഒന്നുകിൽ പരിപൂർണ്ണം അനാദരിക്കുകയോ അല്ലെങ്കിൽ ലജ്ജാവഹമായവിധത്തിൽ നിഷേധിക്കുകയോ ചെയ്യുന്നു; ചിലരാകട്ടെ, ആധുനികവും, പരിപൂർണ്ണമായി "തലതിരിഞ്ഞ"തുമായ ഒരു ധാർമ്മികതത്വത്തെ ആലംബമാക്കി അതിനെ ചവുട്ടിമെതിക്കുകയും ചെയ്യുന്നു." മറിയത്തിന്റെ ദൈവമാതൃത്വം ഇതിനെതിരായി മാതൃത്വത്തിൽ പരിപാലിക്കപ്പെടേണ്ട പരിശുദ്ധതയ്ക്കു മാതൃകയായി പരിലസിക്കുന്നു.



### ക്രിസ്തീയമാതൃത്വം

തിരുസ്സഭ ക്രിസ്തുവിന്റെ ദൗത്യത്തെ ലോകത്തിൽ തുടർന്നു നിർവ്വഹിക്കുന്ന സ്ഥാപനമാണു്. ക്രിസ്തീയവിവാഹം അതിന്റെ സാഫല്യത്തിനുവേണ്ടി ക്രിസ്തുവിനോടു് സഹകരിക്കുന്നു. ദൈവസ്നേഹവും ആത്മാവുകളെപ്രതിയുള്ള സ്നേഹവുമാണു് അതിന്റെ ലക്ഷണങ്ങൾ. സന്താനങ്ങൾ അവർക്കുവേണ്ടി മാത്രമോ, മാതാപിതാക്കന്മാർക്കുവേണ്ടിയോ ഉൽപാദിപ്പിക്കപ്പെടുകയും വളർത്തപ്പെടുകയും ചെയ്യുന്നതല്ല; പ്രത്യുത ദൈവത്തിനുവേണ്ടിയാണു — അവർ ദൈവത്തെ അറിയണം, ദൈവത്തെ സ്നേഹിച്ചു എല്ലാകാര്യങ്ങളിലും അവിടുത്തെ ഇഷ്ടം നിറവേററണം. ഇതു സാധിക്കുന്നതിലാണു് ക്രിസ്തീയവിവാഹജീവിതത്തിന്റെ വിജയം.

"അരൂപിയിലും സത്യത്തിലും" ദൈവത്തെ ആരാധിക്കുന്നവരെ സംഘടിപ്പിക്കുന്നതിനുവേണ്ടി വരുവാനിരിക്കുന്ന രക്ഷകന്റെ ആഗമനത്തെ സുകരമാക്കുന്നതിനു ബാലികയായ മറിയം തന്റെ കന്യാത്വത്തെ ദൈവത്തിനർപ്പിക്കുന്നു. മിശിഹായുടെ മാതാവായി താൻ തിരഞ്ഞെടുക്കപ്പെട്ട അവസരത്തിൽ കർത്താവിന്റെ "ദാസി"യായി കന്യകാമാതൃത്വത്തെ അവിടുത്തേക്കു പ്രതിഷ്ഠിക്കുന്നു. തന്റെ പരിശുദ്ധമായ ഉദരത്തിൽ വഹിക്കുന്ന ദിവ്യരക്ഷകനെ തന്റെമാത്രം മകനായിട്ടല്ല മറിയം കാണുന്നതു്; പ്രത്യുത ദൈവപിതാവിന്റെ അഭീഷ്ടം നിവർത്തിക്കുന്നതിനുള്ള അവിടുത്തെ തിരുസുതനായിട്ടും ലോകത്തെ പരിത്രാണനം ചെയ്യുന്നതിനുള്ള ലോകരക്ഷകനായിട്ടുമത്രെ. ഈ നിലപാടിന്റെ പരിണാമഗുപ്തിയാണു് കാൽവരിയിലെ കുരിശിൻചുവട്ടിൽ നാം ദർശിക്കുന്നതു്.

ജീവിതനൈർമ്മല്യവും മാതൃത്വവും ഒത്തിണങ്ങിയെങ്കിൽ മാത്രമേ ദൈവപരിപാലനയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള മാനവസുസ്ഥിതി പ്രായോഗികമാവുകയുള്ളൂ. സ്വർഗ്ഗത്തിൽ നീതിമാന്മാരുടെ എണ്ണം പൂർത്തിയാക്കുന്നതിനും ലോകത്തിൽ രക്ഷണീയവേല സഫലമാക്കുന്നതിനും ഇതാവശ്യമാണു്. ഈ ലക്ഷ്യത്തിൽനിന്നു വ്യതിചലിച്ചുകൊണ്ടിരിക്കുന്ന ആധുനികലോകത്തെ ശരിയായ ആദർശജീവിതത്തിലേക്കാനയിക്കുന്നതിനു പരമപരിശുദ്ധയായ മറിയത്തെ നമുക്കു വിളിച്ചപേക്ഷിക്കാം:-

**"ഏറ്റവും പരിശുദ്ധയായ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുക"**

## സുമം 7

ഇന്നത്തെ ഭൗതികത്വമനസ്ഥിതിയുടെ ഭീകരവും ഉന്മാദജനകവുമായ പ്രത്യേകസ്വഭാവമാണു് അശുദ്ധിയെ പുകഴ്ത്തുകയെന്നുള്ളതു്. ദാമ്പത്യബന്ധത്തിന്റെയും കുടുംബജീവിതത്തിന്റെയും മൂല്യങ്ങൾ അതു നശിപ്പിച്ചുകഴിഞ്ഞു. പഴയകാലങ്ങളിലെന്നവണ്ണം ദൈവശിക്ഷയുടെ കാർമേഘപടലങ്ങൾ ലോകാന്തരീക്ഷത്തിൽ ഇടതൂർന്നു കൂടുകയാണു്. പരിശുദ്ധ മറിയത്തിന്റെ വിരക്തിയുടെ വെള്ളിനക്ഷത്രം അവിടെ പ്രകാശിച്ചിരുന്നെങ്കിൽ!

### വിരക്തി

ജീവിതവിശുദ്ധിയുടെ അതിപ്രധാനമായ ഒരു ഘടകമാണു് വിരക്തി. ഒരു മനുഷ്യൻ അവനിലുള്ള വർഗ്ഗപരമായ വികാരങ്ങളെ അവന്റെ വിശേഷബുദ്ധിയുടെ പ്രകാശനത്തിനും ജീവിതാന്തസ്സിന്റെ വിശ്വസ്തതാപാലനത്തിനും അനുസരിച്ചു നിഷ്കൃഷ്ടമായി നിയന്ത്രിക്കുന്നതിലാണു് വിരക്തിയെന്ന പുണ്യം അടങ്ങിയിരിക്കുന്നതു്. ദാമ്പത്യവിരക്തി, ബ്രഹ്മചര്യവിരക്തി, കന്യാത്വവിരക്തി ഇങ്ങനെ ഓരോ ജീവിതസ്ഥിതികളിലും തദനുഗുണമായ വിരക്തിയുടെ ആദർശങ്ങളുണ്ടു്. മനുഷ്യവ്യക്തിയുടെ പരിപാവനതയെപ്പററിയുള്ള അവബോധമാണു് ഈ ആദർശപാലനത്തിനുള്ള പ്രേരണയിൽ പ്രധാനമായിട്ടുള്ളതു്. മനുഷ്യശരീരം ദൈവനിയമങ്ങൾക്കനുസരിച്ചു സജ്ജമാക്കപ്പെടുന്നതുകൊണ്ടു് അതു പാവനമാകുന്നു. മനുഷ്യാത്മാവു ദൈവത്താൽ സൃഷ്ടിക്കപ്പെടുകയും ശരീരാസ്തിത്വത്തോടൊപ്പം അഭിനിവേശിപ്പിക്കപ്പെടുകയും ചെയ്യുന്നതുകൊണ്ടു് അതു പരിപാവനമാകുന്നു. ഇവയിൽനിന്നുൽഭൂതമാകുന്ന മനുഷ്യവ്യക്തി ദൈവത്തിന്റെ ആലയമാകുന്നു; ക്രിസ്തുവിന്റെ മൗതികശരീരത്തിലെ ഒരവയവമാകുന്നു; നിത്യസൗഭാഗ്യത്തിനവകാശിയാകുന്നു. ഈ പരിഗണനയുടെ പ്രകാശത്തിൽ മനുഷ്യവ്യക്തിത്വത്തെ അഭിവീക്ഷിക്കുമ്പോഴാണു് എത്ര വിശുദ്ധമായ ഒരാദരവാണു് അതോടുണ്ടാകേണ്ടതെന്നു മനസ്സിലാകുന്നതു്. വിരക്തിയെന്ന വിശുദ്ധ പുണ്യത്തെ അവഗണിച്ചു പാപപങ്കിലമായ ജഡികാസക്തികൾക്കു കീഴ്പ്പെടുമ്പോൾ വ്യക്തി അധഃപ്പതിക്കുന്നു. ജീവസ്രോതസ്സുകൾ വിഷംകലർന്നതാകുന്നു. കുടുംബങ്ങൾ ശിഥിലമാകുന്നു. സമുദായം ക്ഷയോന്മുഖമാകുന്നു. രാജ്യങ്ങൾ നശിക്കുന്നു.

അതുകൊണ്ടു് ഏതൊരു ജീവിതാന്തസ്സും വിരക്തിയാകുന്ന പുണ്യത്തിൽ അടിയുറച്ചതാകണം. വിവാഹജീവിതം ദൈവത്തിനു് പ്രതിഷ്ഠിതമായ ഒരു സേവനരംഗമാകുന്നതിനു വിരക്തി അതിൽ അഭംഗം പാലിക്കപ്പെടണം. സ്നേഹമാണു് അതിനുള്ള ശക്തിവിശേഷം—ദൈവത്തോടുള്ള സ്നേഹം, ദമ്പതിമാർ തമ്മിലുള്ള സ്നേഹം, സന്താനങ്ങളോടുള്ള സ്നേഹം. പരിശുദ്ധ മറിയം മാതൃവിരക്തിയുടെ മാതൃകയാണു്. പ്രാർത്ഥനാനിരതയായും, ദൈവേഷ്ടം നിറവേററുന്നതിൽ സദാ വ്യഗ്രയായും, അനുദിനകർത്തവ്യങ്ങളിൽ സദാപി ഉത്സുകയായും ദൈവസ്നേഹത്തിൽ ഉജ്ജ്വലയായി തന്റെ ജീവിതനിമിഷങ്ങളെ ചിലവഴിച്ചുകൊണ്ടു് വിരക്തിയെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗം കാണിച്ചുതരുന്ന ഈ അമ്മയോടു് നമുക്കു പ്രാർത്ഥിക്കാം:-

**"അത്യന്തവിരക്തയായ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുക."**

(11-ാംപേജ് തുടർച്ച)

ജോസഫ്: അച്ചാ, ഞാൻ ഒരു കാലത്തു് ഒരു കത്തോലിക്കനായിരുന്നു. എന്നാൽ എന്റെ ദുസ്സ്വാതന്ത്ര്യജീവിതത്തിനു കത്തോലിക്കാ തിരുസ്സഭ വിഘാതമാണെന്ന വിചാരത്താൽ ഞാൻ സഭയെ ഉപേക്ഷിച്ചു. ഞാൻ എപ്പോൾ സഭയെ ഉപേക്ഷിച്ചുവോ അപ്പോൾമുതൽ എന്റെ ഹൃദയം സാത്താന്റെ പ്രവർത്തനരംഗമായിത്തീർന്നു. കടുത്ത നിരാശയും അസഹനീയമായ മനോവേദനയും അവൻ എന്റെ മനസ്സിൽ ഉളവാക്കി. അമിതഭോഗാസക്തിയുടെ പിന്നാലെ ഞാൻ മൃഗതുല്യയെന്നോണം പാഞ്ഞോടി. ഏറ്റവും അസാന്മാർഗ്ഗികമായ ഒരു ജീവിതമാണു് ഞാനിതുവരെ നയിച്ചിരുന്നതു്. ഇതിന്റെയെല്ലാം ഫലമായി ഞാൻ അങ്ങെയറ്റത്തോളം അധഃപതിച്ചു അല്ല നശിച്ചു. ഇനിയും എത്രനാൾ ഈ ജീവിതം ഞാൻ പേറണം? സമാധാനപൂർണ്ണമായ ഒരു ജീവിതം നയിക്കുവാൻ എനിക്കു സാധിക്കുമെന്നു ഒട്ടുപോലും പ്രതീക്ഷയില്ല. എങ്ങിനെയെങ്കിലും മരിച്ചാൽ മതിയെന്നുതന്നെ ചിലപ്പോൾ തോന്നിപ്പോകുന്നു.

ഫാദർ: നിങ്ങൾ ഇത്തരത്തിൽ നിരാശപ്പെടരുതു്. പാപികളെത്തേടി ഈ ലോകത്തിലേക്കു വന്ന പരമകാരുണ്യവാനായ യേശുനാഥൻ അനുതപിക്കുന്ന പാപികളെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. പരസ്യപാപിനിയായ മറിയം മഗ്ദലേനയുടെ ചുടുകണ്ണീർക്കണങ്ങൾ അവളെ പരമസാത്വികയാക്കി. പശ്ചാത്താപവിവശനായ നല്ല കള്ളന്റെ ഒരൊററ വാക്കു അവനെ പറുദീസായ്ക്കു അവകാശിയാക്കി. നിങ്ങൾ ഭയപ്പെടേണ്ട. സമയം അതിക്രമിച്ചിട്ടില്ല. ഈ ക്ഷണത്തിൽത്തന്നെ അനുതപിച്ചുകൊണ്ടു പാപികളുടെ സങ്കേതമായ തിരുസ്സഭാമാതാവിന്റെ മടിത്തട്ടിൽ ശരണംപ്രാപിക്കുക. അവിടെ നിങ്ങൾക്കു പരമാനന്ദമനുഭവിക്കുവാൻ സാധിക്കും. സന്തോഷത്തിന്റെയും സമാധാനത്തിന്റെയും മധു മതിവരുവോളം നുകരുവാൻ സാധിക്കും. ഭാവിജീവിതം ദൈവഹിതാനുസാരം പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റെയും വിജയചിഹ്നമായി രൂപാന്തരപ്പെടുത്തിക്കൊണ്ടു നിത്യസൗഭാഗ്യപ്രാപ്തിക്കായി പരിശ്രമിക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

ജോസഫ്: അതെ അച്ചാ, ഞാൻ തിരുസ്സഭാംബികയെ ആശ്ലേഷിച്ചുകൊണ്ടു് ഒരു താപസജീവിതമനുഷ്ഠിക്കുവാൻ തീർച്ചയാക്കുന്നു. ചാന്ദിനും കത്തോലിക്കാതിരുസ്സഭയിൽ ചേരണമെന്നാഗ്രഹമുണ്ടു്. അവളുടെ മാമ്മോദീസാ സ്വീകരണത്തിനുശേഷം അങ്ങേക്കു വിരോധമില്ലെങ്കിൽ നമുക്കു വിശുദ്ധ നഗരത്തിലേക്കു പോകാം.

ഫാദർ: വിശുദ്ധനഗരത്തിലേക്കു പോകുന്നതിനു എനിക്കു വളരെ സന്തോഷമാണു്.

ജോസഫ്: എന്നാൽ അടുത്താഴ്ചയിൽത്തന്നെ യാത്ര പുറപ്പെടാം. അതുവരെ അങ്ങു ഇവിടെത്തന്നെ താമസിക്കണം.

ഫാദർ: അങ്ങനെതന്നെ.

കർട്ടൻ (തുടരും)

## 10-ാം പീയൂസിന്റെ

### മടക്കയാത്ര

സുഭഗസ്മരണാർഹനായ പതിമൂന്നാം ലെയോ മാർപ്പാപ്പായുടെ ദേഹവിയോഗത്തെ തുടർന്നുള്ള കോൺക്ലേവിൽ സംബന്ധിക്കുന്നതിനായി അത്യുന്നത കർദ്ദിനാളന്മാരെല്ലാം 1903 ജൂലായി 31-നു മുമ്പു് റോമിലെത്തേണ്ടിയിരുന്നു. വെനീസിലെ പാത്രിയർക്കീസായിരുന്ന അത്യുന്നത കർദ്ദിനാൾ സാർത്തോ വെനീസിൽനിന്നു പുറപ്പെട്ടതു് ജൂലായി 26-ാംനു-യാണു്. തന്റെ അജഗണം മുഴുവൻ തന്നെ അന്നു തിരുമേനിയെ യാത്രയയക്കാൻ സന്നിഹിതരായിരുന്നു. എന്തോ ആശങ്ക അവരുടെ അന്തരംഗത്തിൽ തങ്ങിനിൽക്കുന്നതുപോലെ തോന്നി. അവർ വീണ്ടും വീണ്ടും ചോദിച്ചു "മടങ്ങിവരുമോ! മടങ്ങുമോ! വരുമോ!" എന്നെല്ലാം. തന്റെ മക്കളെ ആശ്വസിപ്പിക്കുന്നതിനായി തിരുമേനി പറഞ്ഞു: "ജീവനോടുകൂടിയോ ജീവൻ കൂടാതെയോ ഞാൻ തിരിച്ചുവരും." മടക്കടിക്കറേറാടുകൂടിയാണു് തിരുമേനി റോമിലേക്കു പുറപ്പെട്ടതു്. എങ്കിലും പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടതുകൊണ്ടു് തിരുമേനിക്കു ജീവനോടുകൂടെ മടങ്ങിപ്പോവാൻ സാധിച്ചില്ല.

വിശുദ്ധപദപ്രഖ്യാപനം കഴിഞ്ഞ മേയ് 30-ാംനു വൈകുന്നേരം തിരുമേനിയുടെ മൃതശരീരം ആഘോഷമായി സെൻറു് മേരിമേജർ ബസ്സിലിക്കായിലേക്കു കൊണ്ടുപോയി. അവിടെ ഒരാഴ്ച പ്രസ്തുത പുണ്യദേഹം പരസ്യവണക്കത്തിനായി പ്രദർശിപ്പിക്കപ്പെടുന്നതാണു്. അവിടെനിന്നു തിരുശരീരം വെനീസിലേക്കു കൊണ്ടുപോകുന്നതുമായിരിക്കും. അങ്ങനെ ജീവൻ കൂടാതെയെങ്കിലും തിരുമേനി വെനീസിലേക്കു മടങ്ങിയെത്തുന്നതാണു്.



പ്രഹസനം

# വിൻസൻറ് ഡി പോൾ

(ആർ. എ. തെക്കേത്തല)

രംഗം 3

മതത്യാഗിയുടെ അടിമ.

(മതത്യാഗിയായ ജോസഫിൻെറ ഭവനം. ഭാര്യ ചാന്ദും ജോസഫും പൂമുഖത്തിരുന്നു സംസാരിക്കുന്നു.)

ചാന്ദു്:-ആ പുതിയ അടിമ എത്ര മധുരമായി സംസാരിക്കുന്നു. അവൻെറ സംസാരത്തിനു തന്നെയുണ്ടു് ഒരു പ്രത്യേകത. ആരും ഇതുപോലെ സംസാരിക്കുന്നതായി ഞാൻ കേട്ടിട്ടില്ല.

ജോസഫ്:-ചാന്ദു് അവൻെറ സംസാരത്തിൽ ആകൃഷ്ടയായെന്നുതോന്നുന്നല്ലോ.

ചാന്ദു്:-വാസ്തവം. എങ്ങനെ ആകർഷിക്കപ്പെടാതിരിക്കും? അവൻെറ ഓരോ വാക്കും അത്രമാത്രം വിലയുള്ളതായി എനിക്കു തോന്നി. കത്തോലിക്കാമതതത്വങ്ങൾ അവൻ ഓരോന്നായി എന്നെ പഠിപ്പിച്ചു. അവ എത്ര സുന്ദരം!

ജോസഫ്:-എനിക്കു അവ അത്ര സുന്ദരമായി തോന്നിയിട്ടില്ല. മാത്രമല്ല, മനുഷ്യൻെറ വ്യക്തിസ്വാതന്ത്ര്യത്തേയും അവൻെറ സ്വൈരജീവിതത്തേയും ഹനിക്കുന്ന പലതും ആ മതത്തിലുണ്ടു്. അതിനേക്കാൾ നല്ലതായി എനിക്കു തോന്നിയിരിക്കുന്നതു് നിങ്ങളുടെ ഇസ്ലാംമതമാണു്.

ചാന്ദു്:-നിങ്ങൾ ഇത്രനാളും ഒരു കത്തോലിക്കനായിരുന്നിട്ടും ആ മതത്തിലെ പരിപാവനങ്ങളായ തത്വങ്ങളുടെ മഹിമയറിയുവാൻ നിങ്ങൾക്കു ഭാഗ്യം സിദ്ധിക്കാതെ പോയല്ലോ. വിശിഷ്ടങ്ങളായ പലതത്വങ്ങളും ഇസ്ലാംമതത്തിലുണ്ടു്. പക്ഷേ അവയേക്കാൾ പതിന്മടങ്ങു വൈശിഷ്ട്യമേറിയതാണു് കത്തോലിക്കാമതസിദ്ധാന്തങ്ങൾ എന്നതിനു് ഒരു സംശയവുമില്ല. നിങ്ങളുടെ മതകാര്യങ്ങൾ പഠിച്ചറിയുന്ന ഒരന്യമതസ്ഥനേ അവയുടെ മനോഹാരിത യഥാർത്ഥമായി മനസ്സിലാക്കുവാൻ സാധിക്കുകയുള്ളുവെന്നാണു് എനിക്കു തോന്നുന്നതു്. എവിടെയാണു് കത്തോലിക്കാമതം വ്യക്തിസ്വാതന്ത്ര്യത്തെ ഹനിച്ചിരിക്കുന്നതു് എന്നു് ഒന്നു വ്യക്തമാക്കിയാൽകൊള്ളാം.

ജോസഫ്:- വ്യക്തിസ്വാതന്ത്ര്യത്തെ കെട്ടിവരിയുന്ന നിരവധി നിയമങ്ങൾ കത്തോലിക്കാസഭയിലുണ്ടു്. അതിലെ നിയമങ്ങളെല്ലാംതന്നെ വ്യക്തിയെ സ്പർശിക്കുന്നവയാണു്. ഒന്നു ചോദിച്ചുകൊള്ളട്ടെ. ഞാനൊരു കത്തോലിക്കാമതാനുസാരിയായിരുന്നുവെങ്കിൽ മുസ്ലിം യുവതിയായ ചാന്ദിനെ വിവാഹം കഴിക്കുവാൻ സാധിക്കുമായിരുന്നുവോ? വിവാഹമോചനത്തെ കത്തോലിക്കാസഭ ശാപപൂർവ്വം വീക്ഷിക്കുന്നു. അതുപോലെതന്നെ ബഹുഭാര്യാത്വവും സഭ ഒരിക്കലും അനുവദിക്കുകയില്ല. ഞാൻ അഞ്ചു വിവാഹം ചെയ്തിട്ടുണ്ടു്. ഇപ്പോൾ മൂന്നു ഭാര്യമാരുമുണ്ടു്. ഇതെല്ലാം കത്തോലിക്കാമതത്തിൽ സാധിക്കുമെന്നാണോ വിചാരിക്കുന്നതു്? മനുഷ്യൻ അവൻെറ ഭോഗസുഖം ആവോളം അനുഭവിച്ചറിയുന്നതിനുള്ള സ്വാതന്ത്ര്യം ഏതുമതമായാലും അനുവദിച്ചുകൊടുക്കണം. ഇതു മനസ്സിലാക്കിയിട്ടാണു് ഇസ്ലാംമതം ആവക സ്വാതന്ത്ര്യങ്ങൾ അനുവദിച്ചിരിക്കുന്നതു്. അതുകൊണ്ടുതന്നെയാണു് ഞാൻ മുമ്പു പറഞ്ഞതു് കത്തോലിക്കാമതത്തേക്കാൾ നല്ലതു ഇസ്ലാംമതമാണെന്നു്.

ചാന്ദു്:-നിങ്ങൾ പറഞ്ഞതു ശരിയാണു്. എൻെറ മതം വിവാഹമോചനവും ബഹുഭാര്യാത്വവും അനുവദിക്കുന്നുണ്ടു്. പക്ഷേ, അതത്ര നല്ലതാണെന്നഭിപ്രായമെനിക്കില്ല. അതിൻെറ ദുരന്തഫലമായി സമുദായഗാത്രത്തിൽ നികത്താനാവാത്ത വിടവുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പുരുഷൻെറ ജഡികാസക്തിയെ സാർത്ഥീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു ജീവയന്ത്രം മാത്രമല്ലല്ലോ സ്ത്രീ. അവൾക്കുമുണ്ടൊരു വ്യക്തിത്വം. അവളും സമുദായത്തിലെ ഒരംഗമാണു്. ആത്മശരീരങ്ങളോടുകൂടിയ ഒരു സൃഷ്ടിയാണവൾ. ഇതൊന്നും ചില പുരുഷന്മാരുടെ തലയിൽ കയറിയിട്ടില്ലെന്നുതോന്നുന്നു. ആവശ്യമെന്നുതോന്നുമ്പോൾ ശിരസ്സിൽവച്ചു പൂജിക്കുവാനും വേണ്ടെന്നു തോന്നുമ്പോൾ കുപ്പക്കുഴിയിൽ വലിച്ചെറിയുവാനുംവേണ്ടിയുള്ള ഒരു കാട്ടുപൂ മാത്രമാണു് സ്ത്രീ. ഇതിനെ അപ്പടി വകവച്ചുകൊടുക്കുന്ന തത്വസംഹിത ആരുടേതുതന്നെയായാലും അതു അപലപനീയമാണു്. വിവാഹമോചനംവഴി ഇന്നു എത്രയെത്ര യുവതികളാണു് അഹോരാത്രം ചുടുകണ്ണീർ പൊഴിച്ചുകൊണ്ടിരിക്കുന്നതു്. ബഹുഭാര്യാത്വം എത്രയെത്ര യുവതീയുവാക്കളുടെ സ്വൈരജീവിതത്തിൻെറ കടയ്ക്കൽ കോടാലിവെച്ചിരിക്കുന്നു. ഇതുമൂലം സമുദായത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന കലാപങ്ങൾക്കു വല്ല കൈയും കണക്കുമുണ്ടോ? ഭയാനകം! ഇതിനെല്ലാം എതിരായി ശക്തിയുള്ള ജനശബ്ദം മുഴക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. അതെന്തുമാകട്ടെ. ഇക്കാര്യത്തിൽ കത്തോലിക്കാസഭയുടെ നിലപാടാണു് ഏററവും വ്യക്തമായിട്ടുള്ളതും സ്വീകാര്യമായിട്ടുള്ളതും. മനുഷ്യൻെറ അമിതമായ ഭോഗാസക്തിയെ നിയന്ത്രിക്കേണ്ട ചുമതല ഏതു മതസംഘടനയ്ക്കുമുണ്ടു്. അവനിലുള്ള മൃഗീയവാസനകളെ നിയന്ത്രിക്കാതെ സ്വൈരവിഹാരത്തിനു വിടുകയാണെങ്കിൽ പിന്നെ അവൻ മനുഷ്യനല്ലാതായിത്തീരും. കേവലം മൃഗം മാത്രം. ഇതു തടയേണ്ടതാണു്. കത്തോലിക്കാസഭ ഇതുതന്നെയാണു് ചെയ്യുന്നതു്. മനുഷ്യൻെറ ഐഹികജീവിതത്തെ സാത്വീകരിച്ചു് അവൻെറ പാരത്രികജീവിതത്തെ സുകരമാക്കുവാനാണു് സഭ പരിശ്രമിക്കുന്നതു്. ഇതു വ്യക്തിസ്വാതന്ത്ര്യഹനനമൊന്നുമല്ല. പൗരസ്വാതന്ത്ര്യത്തെ ഇത്രമാത്രം മാനിക്കുന്ന മറെറാരു മതം ഈ ഭൂമുഖത്തുണ്ടോ എന്നുതന്നെ സംശയിക്കണം. മഞ്ഞക്കണ്ണാടിയിലൂടെ നോക്കുമ്പോൾ എല്ലാം മഞ്ഞനിറമായി കാണുന്നതുപോലെ സ്വാർത്ഥമതികളായ സുഖലോലുപന്മാരുടെ ദൃഷ്ടിയിൽ സഭാനിയമങ്ങളും അനുഷ്ഠാനങ്ങളും വ്യർത്ഥങ്ങളും വിവേകശൂന്യങ്ങളുമായി തോന്നിയേക്കാം. അതു സഭയുടെ കുററമല്ല. അവരവരുടെ തന്നെ കണ്ണിൻെറ പിശകാണു്. യാഥാർത്ഥ്യത്തിൻെറ മുമ്പിൽ ശിശുവിനെപ്പോലെയിരുന്നു് കാര്യങ്ങൾ പഠിക്കുകയാണെങ്കിൽ സഭാചട്ടങ്ങൾ എത്രയും പാവനങ്ങളാണെന്നു സുതരാംവ്യക്തമാകുന്നതാണു്. ഞാൻ പറയുന്നതു അധികപ്രസംഗമാണെങ്കിൽ അങ്ങു് എന്നോടു ക്ഷമിക്കണം.

ജോസഫ്:-ഒരുകാലത്തു് കത്തോലിക്കനായിരുന്ന ഞാൻ ഇതൊന്നും പഠിച്ചിട്ടില്ല. ഒരു മുസ്ലിംയുവതിയായ നീ എങ്ങിനെയാണു് ഇതെല്ലാം പഠിച്ചതു്?

ചാന്ദു്:-ആ പുതിയ അടിമയാണു് ഇതെല്ലാം എന്നെ പഠിപ്പിച്ചതു്. അവൻ കുന്താലിപിടിച്ചു കിളയ്ക്കുമ്പോൾ ഞാൻ അടുത്തുചെന്നു മതകാര്യങ്ങളെപ്പററി ചോദിക്കും. അവൻ എല്ലാം സമൃക്കായി പറഞ്ഞുതരും. ഇതുപോലുള്ള നിരവധി കാര്യങ്ങൾ അവൻ എന്നെപഠിപ്പിച്ചിട്ടുണ്ടു്.

ജോസഫ്:- ഒരടിമ പഠിപ്പിക്കുകയോ? ഇതു പുതുതായി കേൾക്കുന്നതാണല്ലോ. അവൻ ഇതെല്ലാം എങ്ങിനെ പഠിച്ചു?

ചാന്ദു്: അവൻ സാധാരണ അടിമകളെപ്പോലെയല്ല. അവൻെറ മധുരമായ സംഭാഷണം കേട്ടപ്പോൾതന്നെ കത്തോലിക്കാസഭയിൽ ചേരണമെന്നു ഞാൻ ഉറച്ചുകഴിഞ്ഞു. നിങ്ങളും കത്തോലിക്കാസഭയെ വീണ്ടും അവലംബിക്കുമോ?

ജോസഫ്: അതെല്ലാം ദുർഘടം. അത്ര എളുപ്പമുള്ള കാര്യമൊന്നുമല്ല അതു്.

ചാന്ദു്: ഒരു വിഷമവുമില്ലെന്നാണു് ആ അടിമ പറഞ്ഞതു്. പ്രത്യേകിച്ചു് നിങ്ങളുടെ കാര്യത്തിൽ.

ജോസഫ്: അപ്പോൾ നീ എൻെറ കാര്യങ്ങളെല്ലാം അവനോടു പറഞ്ഞുവോ?

ചാന്ദു്: ഉവ്വ്. അവൻെറ സംസാരം ഏററവും ഹൃദയാവർജ്ജകമായിത്തോന്നി. നമ്മുടെ ചരിത്രമെല്ലാം ഞാൻ അവനോടു പറഞ്ഞു.

ജോസഫ്: അപ്പോൾ അവൻ എന്തുപറഞ്ഞു.

ചാന്ദു്: ഒട്ടും ഭയപ്പെടുവാനില്ലെന്നു പറഞ്ഞു് എന്നെ സമാശ്വസിപ്പിച്ചു. മാത്രമല്ല നിങ്ങളുടെ ചരിത്രം പറഞ്ഞപ്പോൾ അവൻ ധൂർത്തപുത്രൻെറ ഒരു കഥയാണു് പറഞ്ഞതു്. ഒരിക്കൽ സഭയെ വിട്ടുപിരിഞ്ഞവർ വീണ്ടും അതിൽ പ്രവേശിക്കുമ്പോൾ സ്വർഗ്ഗവാസികൾപോലും അത്യന്തം സന്തോഷിക്കുമെന്നു സയുക്തികം സമർത്ഥിച്ചു.

ജോസഫ്: (ചിന്താമഗ്നനായിരുന്നുകൊണ്ടു്) ഓ! ധൂർത്തപുത്രൻ. ഞാനിപ്പോൾ ഓർക്കുന്നു. ഈ അടിമ സാധാരണക്കാരനല്ല. എങ്ങനെയായാലും നല്ല അറിവുള്ളവനാണു്. നമുക്കു അവനെ വിളിക്കാം.

ചാന്ദു്: വാസ്തവം. പല ഭാഷകളും പഠിച്ചിട്ടുള്ള ഒരു പണ്ഡിതനാണു് അവൻ. ഞാൻ വിളിച്ചുകൊണ്ടുവരാം. (പോകുന്നു)

ജോസഫ്: (ആത്മഗതം) മാതാപിതാക്കളുടേയും ബന്ധുമിത്രാദികളുടേയും വൈദികാധികാരികളുടേയും ഉപദേശങ്ങൾ വിഗണിച്ചുകൊണ്ടു് ഞാൻ കത്തോലിക്കാസഭയെ വിട്ടുപേക്ഷിച്ചതു് പരമാബദ്ധമായിപ്പോയി. കത്തോലിക്കാസഭയെപ്പോലെ സമാശ്വാസത്തെ പ്രദാനംചെയ്യുന്ന ഒരു മതം ലോകത്തിൽ വേറെയില്ല. സഭയെ വിട്ടുപേക്ഷിച്ച നിമിഷം മുതൽ എൻെറ ഹൃദയത്തിൽനിന്നു സമാധാനം പമ്പകടന്നു. ഇന്നുവരെ യഥാർത്ഥസമാധാനത്തിൻെറ കണിക എൻെറ ഹൃദയഭിത്തികളിൽ പ്രവേശിച്ചിട്ടില്ല. ലൗകികസുഖഭോഗാദികൾകൊണ്ടു് പരമാനന്ദനിർവൃതി പ്രാപിക്കാമെന്നു ഞാൻ വ്യാമോഹിച്ചു. എന്നാൽ എനിക്കു ലഭിച്ചതോ, ഹാ കഷ്ടം! കടുത്ത നിരാശയും അസമാധാനവും. ശരീരത്തിൻെറ ദുരാശയുടെ പൂർത്തീകരണത്തിനുവേണ്ടി എന്തെന്തു ദുഷ്കൃത്യങ്ങൾ ഞാൻ ചെയ്തു. അവയെല്ലാം വിനാശഗർത്തത്തിൽ എന്നെ ആഴ്ത്തി. ഇനിയും എനിക്കു എന്തൊരു ഗതിയാണുള്ളതു്. അല്പനേരത്തേക്കുള്ള സുഖത്തിനുവേണ്ടി എന്നെത്തന്നെ ഞാൻ എത്ര വഷളനാക്കി.

(ചാന്ദും പുതിയ അടിമയും—ഫാദർ വിൻസെൻറു്—പ്രവേശിക്കുന്നു)

ജോസഫ്: (മന്ദസ്വരത്തിൽ) നീ ചാന്ദിനെ എന്തൊക്കെയോ പഠിപ്പിച്ചു എന്നു പറഞ്ഞുവല്ലോ.

അടിമ: കത്തോലിക്കാമതത്തെപ്പററി കൂടുതലറിയണമെന്നു ആവശ്യപ്പെട്ടപ്പോൾ എനിക്കറിവുള്ളതു ഞാൻ പറഞ്ഞുകൊടുത്തു.

ജോസഫ്: നീ എങ്ങനെയാണു് ഇതെല്ലാം പഠിച്ചതു്?

അടിമ: ഞാൻ ഒരു കത്തോലിക്കനാണു്. ചെറുപ്പത്തിൽ വേദോപദേശം പഠിച്ചിട്ടുള്ളതുകൊണ്ടാണു് ഇതെല്ലാം മനസ്സിലാക്കുവാൻ സാധിച്ചതു്.

ചാന്ദു്: ലത്തീനും ഇംഗ്ലീഷുമൊക്കെ എങ്ങനെയാണു നീ പഠിച്ചതു്?

അടിമ: കത്തോലിക്കാസഭയിലെ വേദഭാഷയാണു് ലത്തീൻ. ദൈവകൃപയാൽ ഞാൻ ഒരു കത്തോലിക്കാ വൈദികനാണു്.

ജോസഫ്: എന്തു്? അങ്ങു് ഒരു കത്തോലിക്കാ വൈദികനാണെന്നോ! ഇതു വാസ്തവംതന്നെയോ? ഞങ്ങളോടു ക്ഷമിക്കണം. (ഓടിച്ചെന്നു അച്ചൻെറ പാദങ്ങളിൽ വീഴുന്നു) അങ്ങു് ഒരു വൈദികനോ! ഞങ്ങളോടു ക്ഷമിക്കണം. അടിമയാണെന്നുകരുതി അടിമയെപ്പോലെ അങ്ങയോടു പെരുമാറി. എന്തൊരു പാപം!

(ചാന്ദു് വിവർണ്ണയാകുന്നു.)

ഫാദർ: (ജോസഫിനെ എഴുന്നേല്പിച്ചുകൊണ്ടു്) അറിയാതെ ചെയ്യുന്നതൊന്നും പാപമല്ല. ഇതു സംബന്ധിച്ചു് നിങ്ങൾ ഒട്ടുംപോലും ഖേദിക്കേണ്ട.

ജോസഫ്: അങ്ങു് ഇന്നുമുതൽ ഞങ്ങളുടെ ആത്മസുഹൃത്തും ആത്മീയപിതാവുമായി വർത്തിക്കണം. (കസാലകാണിച്ചുകൊണ്ടു്) അവിടെ ഇരുന്നാലും. അങ്ങു് എങ്ങനെയാണു് ഇത്തരത്തിൽ ഒരടിമയായതു്?

ഫാദർ: ഞാൻ നർബോൺ നഗരത്തിലേക്കു പോകുമ്പോൾ കടൽക്കള്ളന്മാർ സംഘമായിവന്നു് കപ്പലിനെ ആക്രമിച്ചു. കപ്പിത്താനെ അവർ വധിക്കുകയും കപ്പലിലുണ്ടായിരുന്നവരെ അടിമകളാക്കി ബർബാറിയ മാർക്കററിൽ കൊണ്ടുപോയി വില്ക്കുകയുംചെയ്തു. എന്നെ ഒരു മുക്കുവനാണു് വാങ്ങിച്ചതു്. എനിക്കു മത്സ്യംപിടുത്തം പരിചയമില്ലാതിരുന്നതുകൊണ്ടു് മുക്കുവൻ എന്നെ ഒരു രസതന്ത്രവിദഗ്ധനു വിററു. അദ്ദേഹം എന്നെ വളരെയധികമായി സ്നേഹിക്കുകയും രസതന്ത്രശാസ്ത്രം എന്നെ പഠിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ മരണശേഷം മകൻ എന്നെ നിങ്ങൾക്കു വിററു. അങ്ങനെ ഞാൻ നിങ്ങളുടെ അടിമയായി.

ജോസഫ്: അങ്ങയുടെ പേരെന്താണു്?

ഫാദർ: എൻെറ പേർ വിൻസെൻറു് എന്നാണു്.

(ശേഷം 10-ാംപേജിൽ)


## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5 92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,57,573 |
| 1951 | 5,95,750 | 19,39,775 | 25,13,684 | 32,22,250 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam, June 23, 1954 No. 42

# —വിവിധവൃത്താന്തങ്ങൾ—

## ലിസ്യൂ ബസ്ലിക്കാ കൂദാശചെയ്യപ്പെടുന്നു

17 കൊല്ലംമുമ്പ് അന്നു കർദ്ദിനാളായിരുന്ന പച്ചെല്ലി തിരുമേനി ആഘോഷമായി ആശീർവ്വദിച്ചതും ലിസ്യൂവിൽ വി. കൊച്ചുത്രേസ്യായുടെ നാമത്തിൽ പണിയപ്പെട്ടിട്ടുള്ളതുമായ ബസ്ലീക്കാ ജൂലൈ 11-ാംനു- 12-ാം പീയൂസ് മാർപ്പാപ്പായുടെ പ്രതിനിധി അത്യുന്നത കർദ്ദിനാൾ ഗ്രെൻെറ തിരുമനസ്സുകൊണ്ടു് കൂദാശചെയ്യുന്നതാണ്. 15 കർദ്ദിനാളന്മാരും 60 മെത്രാന്മാരും പ്രസ്തുത കർമ്മത്തിൽ സംബന്ധിക്കുന്നതായിരിക്കും. 7-ാംനു- മുതൽ പരിപാടികൾ സമാരംഭിക്കുന്നു. 11-ാംനു- പേപ്പൽ പ്രതിനിധി പ്രധാനാൾത്താര കൂദാശചെയ്തു പ്രഥമ ദിവ്യബലി അർപ്പിക്കും. വിവിധ രാജ്യങ്ങളിൽനിന്നു വരുന്ന 20 മെത്രാന്മാർ ബസ്ലീക്കായുടെ 20 അൾത്താരകൾ കൂദാശചെയ്യുന്നതിനാണ് പരിപാടി. വിശുദ്ധ കൊച്ചുത്രേസ്യാക്കു പ്രതിഷ്ഠിക്കപ്പെട്ടതായി ലോകത്തിൽ 2000 ദേവാലയങ്ങളുണ്ടു്. ലിസ്യൂവിലെ ബസ്ലീക്കാ അവയുടെ നടുനായകത്വം വഹിക്കുന്നു. 7-ാംനു- വിശുദ്ധ കൊച്ചുത്രേസ്യായുടെ പൂജ്യാവശിഷ്ടങ്ങൾ ലിസ്യൂ കർമ്മലീത്താ മഠത്തിൽനിന്നു ബസ്ലീക്കായിലേക്കു കൊണ്ടുവന്നു വലിയ അൾത്താരയിൽ സ്ഥാപിക്കുന്നതായിരിക്കും ആദ്യത്തെ പരിപാടി.

## സമാധാനത്തിനുവേണ്ടി പ്രാത്ഥിക്കുവിൻ

അമേരിക്കൻ ഐക്യനാടുകളിലെ തപാലാപ്പീസ്സുകളിൽ സ്റ്റാമ്പുകൾ റദ്ദാക്കുന്നതിനുപയോഗിക്കുന്ന മുദ്രകളിൽ "സമാധാനത്തിനുവേണ്ടി പ്രാത്ഥിക്കുവിൻ" എന്നു അടയാളപ്പെടുത്തിയിരിക്കണമെന്നു് ആവശ്യപ്പെടുന്ന ഒരു ബില്ല് യു. എസ്സ്. പ്രതിനിധിസഭയിൽ മിച്ചിഗൻ പ്രതിനിധി മി. ലൂയി ബൊട്ടു് അവതരിപ്പിച്ചിരിക്കുന്നു.

## ഏതൻസിലെ ഓർത്തഡോക്സ് മെത്രാപ്പോലീത്താ സഹതാപം രേഖപ്പെടുത്തുന്നു

കഴിഞ്ഞ ഈസ്റ്റർ അവസരത്തിൽ ഏതൻസിലെ ഓർത്തഡോക്സ് മെത്രാപ്പോലീത്ത അദ്ദേഹത്തെ സന്ദർശിച്ച നാടുകടത്തപ്പെട്ട ഹംഗറിക്കാരുടെ സംഘടനാപ്രതിനിധിയോടു് കർദ്ദിനാൾ മിൻസെന്തിയെപ്പററി ആരായുകയും കർദ്ദിനാളിൻെറ വിമോചനത്തിനുവേണ്ടി അദ്ദേഹം പ്രാത്ഥിക്കുന്നതായി പ്രസ്താവിക്കുകയും ചെയ്തു. "ക്രിസ്തുവിൻെറ ഉത്ഥാനം ഒരിക്കൽക്കൂടി ധീരനായ കർദ്ദിനാളിനെ ബന്ധനത്തിൽ വച്ചിരിക്കുന്ന സ്ഥിതിയിൽ കടന്നുപോകുന്നതിൽ അദ്ദേഹത്തിൻെറ അഗാധമായ ഖേദം" അദ്ദേഹം രേഖപ്പെടുത്തി. പീഡിതരായ ജനതയുടെമേൽ അദ്ദേഹം ദൈവത്തിൻെറ സമാശ്വാസം പ്രാത്ഥിക്കുകയുണ്ടായി.

## പ്രൊ. എയ്ൻസ്റ്റീൻെറ സംശയം

പരേതനായ അത്യുന്നത കർദ്ദിനാൾ വോൺ ഫൗൾഹാബർ ഒരിക്കൽ പ്രൊഫസർ ആൽബർട്ടു് ഐയ്ൻസ്റ്റീനുമായി ഒരു കൂടിക്കാഴ്ച നടത്തി. അവരുടെ സംഭാഷണം ഏതാണ്ടിപ്രകാരമായിരുന്നു.

പ്രൊഫസർ:- എനിക്കു മതത്തോടു ബഹുമാനമാണ്. എന്നാൽ ഞാൻ കണക്കുശാസ്ത്രത്തിൽ വിശ്വസിക്കുന്നു. തിരുമേനിയെ സംബന്ധിച്ചു് മറിച്ചായിരിക്കും നിലപാടു് അല്ലേ?

കർദ്ദിനാൾ:- നിങ്ങൾക്കു തെററിപ്പോയി. എന്നെ സംബന്ധിച്ചു് പറഞ്ഞാൽ മതവും കണക്കുശാസ്ത്രവും ഒരേ ദിവ്യയാഥാത്ഥ്യത്തിൻെറ രണ്ടു പ്രകാശനങ്ങൾ മാത്രമാണ്.

പ്രൊഫസർ:- തിരുമേനി, എന്നാൽ ഒരുകാലത്തു് കണക്കുശാസ്ത്രത്തിൻെറ ചില നിഗമനങ്ങൾ മതവിശ്വാസത്തിനു കടകവിരുദ്ധമായി വന്നാൽ തിരുമേനി എന്തുപറയും?

കർദ്ദിനാൾ:- മി. പ്രൊഫസർ, കണക്കുശാസ്ത്രത്തെ സംബന്ധിച്ചു എനിക്കു വലിയ ബഹുമാനമാണുള്ളതു്. അതുകൊണ്ടു് അങ്ങനെയൊന്നു സംഭവിച്ചാൽ, അതിൽ നിങ്ങൾക്കെവിടെയാണ് തെററുപററിയിരിക്കുന്നതെന്നു കണ്ടുപിടിക്കുന്നതുവരെ നിങ്ങൾ പരിശ്രമിക്കുമെന്നു എനിക്കു തീച്ചയുണ്ടു്.

## നാവികൻെറ പ്രാത്ഥന

ഒരു കപ്പലിലെ പ്രധാനോദ്യോഗസ്ഥൻ വേറൊരു കപ്പലിലേക്കു മാററംകിട്ടണമെന്നു അതിയായി ആഗ്രഹിച്ചിരുന്നു. അദ്ദേഹം അതിലേക്കു ഒരു നവനാൾ പ്രാർത്ഥന കഴിക്കയും മററു പലരെക്കൊണ്ടും പ്രാത്ഥിപ്പിക്കയും ചെയ്തു. എന്നാൽ തൻെറ അഭീഷ്ടത്തിനു കടകവിരുദ്ധമായി, തനിക്കു ഒട്ടും ഇഷ്ടപ്പെടാത്ത വേറൊരു കപ്പലിലേക്കാണു മാററം കിട്ടിയതു്. തൻെറ പ്രാത്ഥന കേൾക്കപ്പെടാഞ്ഞതിൽ അദ്ദേഹത്തിനു അനല്പമായ നിരാശയുണ്ടായി. എന്നാൽ അടുത്ത ദിവസം പത്രത്തിൽ കണ്ട ഒരു വാത്ത ആ നാവികനെ കൃതജ്ഞതാഭരിതനാക്കി. തൻെറ പ്രാത്ഥനാവിഷയമായിരുന്ന പ്രസ്തുത കപ്പൽ ഒരു യാത്രാമദ്ധ്യേ കടലിൽ മുങ്ങിപ്പോകയും, അതിലുണ്ടായിരുന്ന സകലക്കും ജീവനാശം സംഭവിക്കയും ചെയ്തു എന്നായിരുന്നു ആ വാത്താശകലം.

## നോയമ്പു ലംഘിച്ചില്ല

ഇററലിയിൽ പിയച്ചേൻസാ നഗരത്തിനടുത്തുള്ള ഒരു ഗുഹയിൽ 40 സംവത്സരം തപസ്സുചെയ്തു കൊണ്ടുകഴിച്ചുകൂട്ടിയ ഒരു പ്രസിദ്ധ ദേഹമാണ് വാഴ്ത്തപ്പെട്ട കൊൺറാഡ്. അദ്ദേഹത്തിൻെറ നോയമ്പും പ്രായശ്ചിത്തവുമെല്ലാം കാപട്യമാണെന്നു വരുത്താൻ ചിലർ ഒരു തന്ത്രം പ്രയോഗിച്ചു. ഒരു വെള്ളിയാഴ്ചദിവസം, മത്സ്യമാണെന്ന വ്യാജേന കുറെ മാംസഭക്ഷണങ്ങൾ പാകം ചെയ്തു അദ്ദേഹത്തിനു കൊടുത്തു. അദ്ദേഹം അതു ഭക്ഷിച്ചുകഴിഞ്ഞപ്പോൾ നോയമ്പു ലംഘിക്കുന്നവൻ എന്നു അവർ ആരോപണം മുഴക്കി. അദ്ദേഹമാകട്ടെ, അവശേഷിച്ചിരുന്ന മത്സ്യത്തിൻെറ മുള്ളുകൾ എടുത്തു അവരെ കാണിച്ചപ്പോൾ അദ്ദേഹത്തിൻെറ വിശുദ്ധിയെ കീർത്തിച്ചുകൊണ്ടു് അവർ മടങ്ങിപ്പോയി.

## ഭാഗ്യവാൻ

ബെന്നെററ് ചേർഫ് എന്ന ദേഹം പുരാതനകാലത്തെ ഒരു നാടുവാഴിയെപ്പററി ഒരു കഥ പറയുന്നുണ്ടു്. രാജാവിനു ഒരു മഹാവ്യാധി പിടിപെട്ടു. കീർത്തിപെട്ട വൈദ്യന്മാരെല്ലാം ചികിത്സിച്ചുനോക്കിയിട്ടും ഒരു ഫലവുമുണ്ടായില്ല. രാജസദസ്സിൽപെട്ട ഒരു വിദഗ്ദ്ധൻ ഒടുവിൽ ഒരു പ്രതിവിധി നിശ്ചയിച്ചു. രാജ്യത്തുള്ളതിലേക്കും ഭാഗ്യവാനായ മനുഷ്യനെ കണ്ടുപിടിക്കണം. അവൻെറ ഒരു കുപ്പായം അല്പനേരത്തേക്കു മഹാരാജാവു ധരിക്കുന്നപക്ഷം ഈ ആലസ്യമെല്ലാം നീങ്ങിക്കിട്ടും. രാജകിങ്കരന്മാർ നാട്ടിലെല്ലാം അന്വേഷണം നടത്തി ഭാഗ്യപൂർണ്ണനെന്നു ബോദ്ധ്യപ്പെട്ട ഒരു മനുഷ്യനെ രാജസമക്ഷം ഹാജരാക്കി. രാജാവു് അവനോടു നേരിട്ടു ചോദ്യം ചെയ്തതിൽ അവൻ സാക്ഷാൽ പരിപൂർണ്ണഭാഗ്യവാൻതന്നെ എന്നു അദ്ദേഹത്തിനും സമ്മതമായി. പക്ഷേ കുപ്പായത്തിനു ആവശ്യപ്പെട്ടപ്പോഴാണ് രാജാവിനു ഇച്ഛാഭംഗമുണ്ടായതു്. ധരിച്ചിരുന്ന ഒരു പഴയ മുണ്ടല്ലാതെ, അവനു ഒരു കുപ്പായവുമുണ്ടായിരുന്നില്ല. അതേ, അതുതന്നെയായിരുന്നു അവൻെറ ഭാഗ്യത്തിൻെറ അടിസ്ഥാനം. സർവ്വസംഗപരിത്യാഗം.

## ശിലാലിഖിതം

മിലാനിലെ കത്തീഡ്രൽദേവാലയത്തിൻെറ പ്രവേശനദ്വാരത്തിനു മുകളിലായി താഴെ കാണുന്ന ശിലാലിഖിതം സ്ഥാപിക്കപ്പെട്ടിരിക്കുന്നു:

"സുഖസന്തോഷങ്ങളെല്ലാം താല്ക്കാലികങ്ങളാകുന്നു.

"ദുഃഖസങ്കടങ്ങൾ സമസ്തവും താല്ക്കാലികങ്ങളാകുന്നു.

"നിത്യമായിട്ടുള്ളതെന്തോ അതുമാത്രം സുപ്രധാനമാകുന്നു."

## അന്ത്യവചനങ്ങൾ

ഇംഗ്ലണ്ടിലെ ഒന്നാം എലിസബെത്തുരാജ്ഞി അക്രമപരമായ മാർഗ്ഗങ്ങളിലൂടെ കോടാനുകോടി പവൻ ആർജ്ജിച്ചിട്ടുണ്ടായിരുന്നു. രാജ്ഞിയുടെ അന്ത്യനേരം ആസന്നമായതോടെ അവരുടെ ആശ്രിതവർഗ്ഗങ്ങളെല്ലാം മരണശയ്യക്കു ചുററുംകൂടി തെസ്തമെൻറുകാര്യത്തെപ്പററി ആലോചനകൾ തുടങ്ങി. ഓരോരുത്തരും അവനവനു കിട്ടേണ്ട ഭാഗത്തെപ്പററി വാദിക്കയായിരുന്നു. എന്നാൽ രാജ്ഞി ആ കാര്യത്തിലൊന്നും ഒട്ടും ഔൽസുക്യം പ്രദർശിപ്പിക്കാതെ കിടന്നു. അവൾ നിത്യതയിലേക്കയച്ച നിരവധി രക്തസാക്ഷികളുടെ ചിന്തയായിരിക്കണം അവളെ അലട്ടിക്കൊണ്ടിരുന്നതു്. ഒടുവിൽ കണ്ണുകൾ തുറന്നുപറഞ്ഞു: "ഹാ! ഈ സമ്പാദ്യങ്ങളെല്ലാം ഒരു നിമിഷത്തേക്കു മാത്രം!" അനന്തരം കണ്ണുകളടഞ്ഞു. ബോധം മയങ്ങി. അതു അവളുടെ അന്ത്യവചനങ്ങളായിരുന്നു.

## പുണ്യവാൻെറ മറുപടി

വി. ഡൊമിനിക്കിനെ പാഷണ്ഡികൾ ഒരിക്കൽ പിടികൂടി. മതവൈരം മുഴുത്തു് അവർ വിശുദ്ധനോടു ചോദിച്ചു: നിന്നെ ഇപ്പോൾ ഞങ്ങൾ വധിച്ചുകളയാൻ പോകയാണെങ്കിൽ നിനക്കു വല്ലതും പറയാനുണ്ടോ? പ്രശാന്തനായി പുണ്യവാൻ ഉത്തരിച്ചു: "ഒന്നുമില്ല. എൻെറ കർത്താവിൻെറ സ്നേഹത്തെക്കുറിച്ചു എൻെറ ക്ഷമ കൂടുതൽ പ്രദർശിപ്പിക്കാൻ അവസരം ലഭിക്കത്തക്കവണ്ണം പീഡനം കൂടുതൽ ദീർഘിപ്പിച്ചാൽ കൊള്ളാമെന്നുമാത്രം ഒരപേക്ഷയുണ്ടു്."

## ദൈവസ്തുതി

ആർസിലെ വികാരി എന്ന അപരനാമത്താൽ അറിയപ്പെടുന്ന വി. ജോൺ വിയാന്നി ഒരു വസന്തകാലസുദിനത്തിൽ ഒരു സ്നേഹിതനോടൊന്നിച്ചു വയലിൽ നടക്കുകയായിരുന്നു. വൃക്ഷങ്ങളിലെല്ലാം പക്ഷികൾ തത്തിക്കളിച്ചിരുന്നു. അവയുടെ ഗാനാലാപങ്ങളാൽ അന്തരീക്ഷം മുഖരിതമായിരുന്നു. വിശുദ്ധൻ നിശ്ചലനായിനിന്നു് പക്ഷികളോടായി പറഞ്ഞു: "ഓ! പക്ഷിവൃന്ദങ്ങളെ! പാട്ടുപാടി ദൈവത്തെ സ്തുതിക്കുന്നതിനായി നിങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ആ ജോലി നിർവ്വഹിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നതിനായി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അവനാകട്ടെ ആ കടമ നിർവ്വഹിക്കുന്നില്ല."

## സ്വർഗ്ഗീയരാജാവ്

റോമാചക്രവർത്തിയായ അവുറേലിയൻെറ സഹോദരീപുത്രിയായിരുന്നു വി ഡൊമിത്തില്ലാ. സാമ്രാജ്യത്തിലെ പ്രമുഖനായ ഒരു പ്രഭുകുമാരനെക്കൊണ്ടു അവളെ വിവാഹം ചെയ്യിക്കുന്നതിലേക്കു ചക്രവർത്തി തൻെറ വാഗ്വൈഭവം എല്ലാം എടുത്തുപെരുമാറി. ഡൊമിത്തില്ലായുടെ ഉത്തരം ഇതു മാത്രമായിരുന്നു: "ഒരു മഹാരാജാവും ഒരു പ്രഭുകുമാരനും ഒരു കന്യകയുടെ പാണിഗ്രഹണത്തിന്നു അഭ്യർത്ഥിക്കുന്നുവെങ്കിൽ അവൾ ആരെയാണു സ്വീകരിക്കേണ്ടതു്? സ്വർഗ്ഗീയരാജാവിനെ വരനായി വരിച്ചിരിക്കുന്ന ഞാൻ അദ്ദേഹത്തെ ഉപേക്ഷിച്ചു് ഒരു മനുഷ്യൻെറ പത്നിയാകുന്നെങ്കിൽ അതു എത്ര വലിയ മൗഢ്യമായിരിക്കും?"

## മാർഗ്ഗതടസ്സം

വി. ഫ്രാൻസിസിൻെറ ശിഷ്യനായ ബ്രദർ ഗൈൽഡ് ഒരിക്കൽ പറഞ്ഞു: "അഴകും, സമ്പത്തും, വിജ്ഞാനവും, സ്ഥാനമഹിമയും ലഭിക്കുന്നതിനെക്കാൾ ഒരു കുരുടനായിരിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു." "എന്തു്? അന്ധത ഇതിനെക്കാളൊക്കെ മെച്ചമാണെന്നാണോ ബ്രദർ പറയുന്നതു്?" കേട്ടുനിന്നവർ ചോദിച്ചു. "അല്ല, അവയെല്ലാം എനിക്കു മാർഗ്ഗതടസ്സമായി തീരാൻ പാടുള്ളവയാണു്" എന്നത്രെ ആ പുണ്യാത്മാവു് മറുപടി പറഞ്ഞതു്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

